2012 നവംബർ 26 മുതൽ ഡിസംബർ 25 വരെ

വില 10 രൂപ

മാസിക

# നക്ഷത്രരാജ്യം



യു.ഏ.ഖാദർ — ആത്മവൃത്തം
എം. എസ്.കുമാർ — കഥ
സുകുമാർ കൂർക്കഞ്ചേരി — ലേഖനം
മഞ്ഞപ്ര ഉണ്ണികൃഷ്ണൻ — നിരൂപണം
ഭാസി മലാപ്പറമ്പ് — സ്പോർട്സ്
സാം തോമസ് — ലേഖനം
ബേപ്പൂർ രാധാകൃഷ്ണൻ — ലേഖനം




മുഖചിത്രം
**ശോഭന** (സിനി ആർട്ടിസ്റ്റ്)
**യു. എ. ഖാദർ** (സാഹിത്യകാരൻ)
**കെ. ക. ഹംസ** (ഡ്രൈവിങ്ങഇൻസ്ട്രക്ടർ)
**എ. മോഹൻദാസ്** (ഫർണ്ണീച്ചർ ഡിസൈനർ)

**Nakshathra Rajyam**
(Monthly Magazine)
2012 November 26
Reg. No. 2008/11/2718/D/
RNI EN No. 40980 Dated: 10-10-2007
Issue 3 Volume 10
Managing Editor, Publisher & Owned by
**Nakshathrarajyam E. Radhakrishnan**
**Edoli House, Kommeri P.O.**
**Kozhikode - 673007**
**Address**
**Managing Editor**
**NAKSHATHRA RAJYAM**
P.B. No. 1205
Mankave P.O., Kozhikode - 7
Kerala, India.
**Mob: 9744233997**
**9847649567**
**email: nakshathrarajyam@gmail.com**
**Layout:**
**BHAVANA GRAPHICS, Tali**
**Inside Art:**
**GIREESH MOOZHIPADAM**
**Cover**
**Amina Creations, Palazhi, Clt.**
**Price 10.00**

**എഡിറ്റോറിയൽ**



# റെയിൽവേ ഗതാഗതം

ഭാരതത്തിലെ റെയിൽ വകുപ്പിൽ, സാമ്പത്തിക ലാഭത്തിലും ഭരണപരമായും നല്ലരീതിയിൽ പ്രവർത്തിക്കുന്ന സതേൺ റെയിൽവെ ഇക്കാലങ്ങളത്രയും ജനങ്ങളുടെ മനസ്സിൽ നല്ല സ്ഥാനങ്ങളിലാണിരുന്നിരുന്നത്. രാഷ്ട്രീയമായും ഭരണപരമായും സതേൺ റെയിൽവെയുടെ വികസന പദ്ധതികളേയും, കേരളത്തേയും, റെയിൽവെ മന്ത്രാലയവും കേന്ദ്ര ഭരണകർത്താക്കളും കാലാകാലങ്ങളിലും തിരസ്കരിച്ചിരുന്നുവെങ്കിലും ഇന്നത്തെപ്പോലെ കേരളത്തിൽ ട്രെയിൻ യാത്ര ഇത്രയേറെ ദുരിതവും കഷ്ടതയും നിറഞ്ഞതായിരുന്നില്ല. കേരളത്തിലെ റെയിൽവെ ട്രാക്കുകളുടെയും, സ്റ്റേഷനുകളുടെയും, വികസന മുരടിപ്പ് എല്ലാ കാലങ്ങളിലും ഒരു ഒഴിയാ ബാധയായി പിന്തുടർന്നുവെന്നിരുന്നാലും ജനങ്ങളുടെ സഞ്ചാര ആവശ്യങ്ങൾക്ക് ഇത്രയേറെ സംഭാവനകൾ ചെയ്യുന്ന മറ്റൊരു ദീർഘദൂര സഞ്ചാരമാർഗ്ഗം ഭാരതത്തിൽ സാധാരണ ജനങ്ങൾക്ക് കിട്ടാനുമില്ല എന്നതാണ് വാസ്തവം. ഉള്ള റെയിൽവെ നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകാനോ, സാധാരണക്കാർക്ക് പണച്ചിലവ് കുറഞ്ഞ യാത്രാ സൗകര്യങ്ങൾ അധികരിപ്പിക്കാനോ, റെയിൽ നിർമ്മാണ പ്രവൃത്തിയുടെ പേരിൽ ദശ - പഞ്ചവത്സര പദ്ധതികളായി ഒരിക്കലും തീരാതെ നീട്ടിക്കൊണ്ടുപോകുന്ന പാലക്കാട് - മധുര റെയിൽവെ ട്രാക്ക് നിർമ്മാണം അതിവേഗമാക്കി ട്രെയിൻ ഗതാഗതം പുനസ്ഥാപിക്കുവാനോ, മുടങ്ങിക്കിടക്കുന്ന കേരളത്തിലെ റെയിൽവെ വികസന പദ്ധതികളുടെ നിർമ്മാണം വേഗത്തിലാക്കി ട്രെയിൻ യാത്രക്കാർക്ക് സൗകര്യങ്ങൾ ഒരുക്കുവാനോ ഇന്നുള്ള ഭരണകർത്താക്കൾക്ക് താൽപര്യകുറവുള്ളതായി തോനുന്നതിൽ റെയിൽവെ യാത്രക്കാരെയും ജനങ്ങളെയും കുറ്റപ്പെടുത്തുന്നതിൽ അർത്ഥമില്ലെന്ന് നമുക്കേവർക്കും മനസ്സിലാവുന്ന വിധം ദുർവിശേഷത്തിൽ റെയിൽവെ വികസനമുരടിപ്പ് കേരളജനത അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. സ്വതന്ത്രാനന്തര ഭാരതത്തിലെ മുൻകാല പ്രധാനമന്ത്രിമാരായ ജവഹർലാൽ നെഹറുവിന്റെയും ലാൽബഹദൂർ ശാസ്ത്രിയുടെയും ഇന്ദിരാഗാന്ധിയുടെയും മൊറാർജി ദേശായിയുടെയും പാത കേന്ദ്രസർക്കാറുകൾ പിന്തുടരുന്നുമില്ല. കേരളത്തിലെ റെയിൽവെ ഡിവിഷനുകളിൽ തിരുവനന്തപുരവും പാലക്കാടും അവഗണിക്കപ്പെടുകയാണ് എന്നും. ട്രെയിൻ യാത്രക്കാരികളെ അപമാനിക്കുന്നതിലും, വടക്കേ ഇന്ത്യയിലെപ്പോലെ കൊലപാതകം ഉൾപ്പെടെയുള്ള ക്രിമിനൽ പ്രവർത്തി ചെയ്യുന്നവർ ഇന്ന് കേരളത്തിലെ റെയിൽവെ ഡിവിഷനിലേക്ക് ചേക്കേറിക്കൊണ്ടിരിക്കുന്നതിലും കേരളത്തിലെ ഡിവിഷനുകൾ ചരിത്രം കുറിക്കുകയാണ്. സാധാരണ ജനങ്ങളുടെയും യാത്രക്കാരുടെയും മനസ്സിൽ ഭീതിയും അവിശ്വാസവും വളർത്തുന്ന ഇത്തരം ക്രിമിനൽ സംഘങ്ങൾ കേരളത്തിലെ റെയിൽവെ ഡിവിഷനിലേക്ക് കയറൂരിവന്നത് കേരളത്തിൽ പാസഞ്ചർ വണ്ടിയിൽ യാത്രചെയ്യുന്നവരുടെയും, ട്രെയിൻ യാത്രക്കാരായ സാധാരണ ജനവിഭാഗങ്ങളുടെയും ആത്മവിശ്വാസം തളർത്തി കേരളത്തിലെ റെയിൽവെ ഡിവിഷനുകളുടെ നല്ലപേരും ലാഭകരമായി പ്രവർത്തിക്കുന്നുവെന്നുള്ള അഭിപ്രായ ഗതിയും മാറ്റിമറിക്കാനല്ലെയെന്ന് കേരളത്തിലെ ജനങ്ങൾ സംശയിക്കുന്നുണ്ട്.

അതുകൊണ്ട് തന്നെ കേരളത്തിലെ റെയിൽവെ ഡിവിഷനുകളായ പാലക്കാട് ഡിവിഷന്റെയും തിരുവനന്തപുരം ഡിവിഷന്റെയും സംരക്ഷണത്തിനായും, ജനങ്ങളിൽ റെയിൽവേയെ കുറിച്ച് മതിപ്പുളവാക്കുന്നതിനുമായി ജനശ്രദ്ധ നേടിയെടുക്കുന്നതിന് മുൻകാലങ്ങളിൽ സ്പോർട്സ് രംഗത്ത് ഏഷ്യൻ ജനതയുടെയും ലോകജനതയുടെയും ശ്രദ്ധാകേന്ദ്രമായ പി.ടി. ഉഷയെയും എം.ഡി. വത്സമ്മയെയും പത്മിനി തോമസിനെയും ഷൈനി വിത്സനേയും പോലുള്ള രാജ്യാന്തര താരങ്ങളെ അണിനിരത്തേണ്ടതായ കാലം അതിക്രമിച്ചിരിക്കുന്നു. ഇനിയും ചാർജ്ജ് വർദ്ധനവുണ്ടാകാതെ ഭാരതത്തിൽ ഓടുന്ന റെയിൽവെ ഷട്ടിൽ സർവ്വീസുകളും മംഗലാപുരം മുതൽ കോയമ്പത്തൂർ വരെയോടുന്ന പാസഞ്ചർ ട്രെയിനുകളും കേരളത്തിലെ സാധാരണ ജനങ്ങൾക്ക് ഉപകരിക്കുമാറാകട്ടെയെന്ന് നമുക്ക് കേന്ദ്രസർക്കാരിനോട് അപേക്ഷിക്കാം.

**മാനേജിംഗ് എഡിറ്റർ**

ആത്മവൃത്തം

# അമേത്ത് വീടിന്ന് മുമ്പിൽ

യു.എ. ഖാദർ

കൊയിലാണ്ടി ബജാറിന്ന് ഒത്ത നടുവിൽ നിന്ന് കിഴക്കോട്ടു നീളുന്ന ബപ്പൻകാട് നിരത്ത്. ആ നിരത്ത് കടന്നുപോവുന്നത് അമേത്ത് തറവാടിന്റെ മുന്നിലൂടെയാണ്. അതിലൂടെ പോവുന്ന ആർക്കും മൂന്നു വീടും കാണാം. മൂന്നു വീടുകൾക്കും വെവ്വേറെ പടിപ്പുരകളും ഉണ്ട്. പ്രതാപം വിളിച്ചോതുന്ന തരം പടിപ്പുരകൾ.
കിഴക്ക് ഭാഗത്തെ ഒറ്റവീട് മാത്രമായിരുന്നു പണ്ട് തറവാട്ടുകെട്ട്. മാളികപ്പുരയാണ്. മാളികയുടെ മുകൾമോന്തായം ഓലമേഞ്ഞതായിരുന്നു. തമ്പുരയ്ക്ക് ചുറ്റിലുമുള്ള ചായ്പ്പുകൾ ഓട് മേഞ്ഞിട്ടുമുണ്ട്. മാളികയ്ക്ക് അക്കാലത്ത് ഓട് പാകാഞ്ഞത് അന്ന് ഭരണം നടത്തിയിരുന്ന കാരണവരുടെ ഒരു വാശിയും അദ്ദേഹത്തിന്റെ സ്വഭാവനിഷ്ഠയും, തറവാട്ടുവക പറമ്പുകളിൽ വരുമ്പടിയായി എത്തുന്ന തെങ്ങോലകൾ പിന്നെയെന്ത് ചെയ്യും? നല്ല വെടിപ്പോടെയും, വിരുതോടെയും ഓല മെടഞ്ഞ് പറമ്പുകളിൽ അട്ടിവെക്കാൻ പണിക്കാരെ ഏർപ്പാടാക്കുന്നത് വെറുതെയല്ലല്ലോ. കത്തിച്ചുകളഞ്ഞാലും കറ്റച്ചൂട്ടാക്കി കെട്ടി വഴിയാത്രക്കാർക്ക് ഓശാരം കൊടുത്താലും തീരാത്തത്ര പച്ചോല, കൈവശമിരിക്കും പറമ്പുകളിലെ തെങ്ങായതെങ്ങിന്മേൽ നിന്നൊക്കെ കാലാകാലം കൊത്തിയിടാനുള്ളവർ മാളികപ്പുരയ്ക്ക് കമ്പിനിക്കാരുടെ ഓടുപാവുന്ന പോഴത്തരത്തിന് കൂട്ടുനിൽക്കേണ്ടതില്ലല്ലോ.

അതദ്ദേഹത്തിന്റെ ഒരുപിടിവാശിയെന്ന പക്ഷക്കാരനായിരുന്നു നടുവിലത്തെ തറവാടിന്റെ കാരണവർ. അമേത്ത് വീടിന്റെ കിഴക്കേകെട്ടിൽ നിന്ന് ഇറങ്ങിപ്പോന്ന കുടുംബം മറ്റൊരു വീട് പണിതപ്പോൾ മാളിക വേണ്ടായെന്ന് വയ്ക്കുക മാത്രമല്ല. മോന്തായം കമ്പനിവക ഓടുമേയാനും നിശ്ചയിച്ചു.

തറവാട്ടുസ്ഥാനത്ത് നിന്ന് ഇറങ്ങിപ്പോന്നത് മൂന്നാണുങ്ങളും ഒരു പെങ്ങളും പെങ്ങളുടെ ഭർത്താവും ആ വകയിൽ പിറന്ന ഒരു പെണ്ണും മാത്രമാണ്. അവർക്കെല്ലാം സുഖമായി താമസിക്കാൻ മാളികവീടിന്റെയാവശ്യമില്ല. എന്നെങ്കിലും ആവശ്യമുണ്ടെന്ന് തോന്നുകയാണെങ്കിൽ മാളികയുയർത്താമല്ലോ. പാക്കും മച്ചും ഉത്തരവും തുലാത്തണ്ടും ഉറപ്പിച്ച് മോന്തായത്തിൽ കഴുക്കോലു നിരത്തി പട്ടികയടിച്ചു ഓടുമേയുകയും ചെയ്തു. അന്ന് പുരത്ത



റയ്ക്ക് കുറ്റിയടിച്ച കുട്ടപ്പൻ ആശാരി പറമ്പിന്റെ ലാക്ക് നോക്കി പറഞ്ഞിരുന്നുത്രേ; വടക്ക് മുഖം സുഖതാമസം. മാളിക പൊന്തിക്കേണ്ട. അഗ്നികോണിൽ ശുഭസൂചന വറ്റും. പാക്കിന്ന് മുകളിൽ മച്ചിൽ ആരൊക്കെ കുടിവാണു, വിളക്കു വെച്ചു എന്നൊന്നും ആരും ചിന്തിച്ചതേയില്ല.

ഒരു കാര്യം മാത്രം അന്നത്തെ കാരണവർ വിട്ടുപോയിരുന്നു. മൂന്നുപേരിൽ മൂത്തയാളാണത്രേ അക്കാര്യം മറന്ന് പോയത്.

തലയ്ക്ക് നല്ല വെളിവില്ലാത്ത അവിവാഹിതയായ ഒരു പെൺകുട്ടിയുണ്ടായിരുന്നു. ഇറങ്ങിപോരാൻ നേരത്ത് എല്ലാവരാലും അവഗണിക്കപ്പെട്ട് തറവാട്ടിന്റെ ഒരു മൂലയിൽ ഒതുങ്ങിക്കഴിയുകയായിരുന്ന പെങ്ങളേയും കൂടെകൂട്ടിക്കൊള്ളുവാൻ കാരണവർ ആജ്ഞാപിച്ചു. സാരമില്ല, അവൾ മരിക്കുവോളം ഞാൻ പരിപാലിച്ചു



കൊള്ളാമെന്ന് ഏറ്റ് ഇളയപെങ്ങൾ കൂടെ കൊണ്ടുപോരുകയും ചെയ്തു.

പെൺപിറപ്പ് പിറുപിറാവർത്തമാനം പറയും. പറയുന്നതാർക്കും മനസ്സിലാവുകയില്ല. ചിലചില ആംഗ്യങ്ങൾ കാണിക്കും. എവിടെ യോ നോക്കി ചിരിക്കുകയും ചെയ്യും. ഒന്നും വേണമെന്നില്ല. ആഹാരം കൊടുത്താൽ കഴിക്കും. വിരുന്ന് പാർപ്പുകാരനായി ചെന്ന എനിക്ക് അവരെ കാണുവാൻ സാധിച്ചിട്ടുണ്ട്. തറവാട്ടുവീട്ടിലെ ഉമ്മാമയുടെ ജ്യേഷ്ഠത്തിയോ അനിയത്തിയോ എന്നറിയില്ല. അടുക്കളചായ്പ്പിന്നപ്പുറത്തേ കെട്ടിന്നരികെ അവർക്ക് കിടക്കാനും മറ്റും സൗകര്യങ്ങൾ ചെയ്തുവെച്ചിട്ടുണ്ട്.

ഏത് നേരത്തും അവിടെയുള്ള കട്ടിലിൽ മൂടിപ്പുതച്ച് കിടക്കുന്നത് കാ ണം. ചില ദിവസങ്ങളിൽ അവർ വല്ലാതെ വാചാലയാവും. അവ്യക്ത ശബ്ദത്തിൽ ഉറക്കേയുറക്കെ അലറും. കൈകൾ വായുവിൽ ചലിപ്പിച്ച് എന്തെല്ലാമോ കോപ്രായങ്ങൾ കാണിക്കും. അന്ന് ഭക്ഷണം കഴിക്കുകയില്ല. ഉമ്മാമ പറയുന്നതൊന്നും അനുസരിക്കില്ല. കാരണവർ, മുപ്പത്തി കിടക്കുന്ന കട്ടിലിന്റെ തലയ്ക്കൽ വന്നിരുന്ന് പതുക്കെ വർത്തമാനം പറയും. കുട്ടികൾക്കാർക്കും അന്നേരം ആ പരിസരത്തിലൊന്നും ചെന്നു നിൽക്കാനേ പാടില്ല. കാരണവരുടെ വർത്തമാനം കേൾക്കേ കേൾക്കേ അവർ ശാന്തയാവും. കാരണവരേനോക്കി ചിരിക്കും. കുട്ടികൾക്ക് ദൂരെ നിന്നേ അത് കാണാം. കറപിടിച്ച് മഞ്ഞളിച്ച് കറുത്ത പല്ലുകൾ. കുഴിയിൽ ചാടിയ കണ്ണുകൾക്കുള്ളിൽ നിന്നും തീപ്പൊരി ചിതറുന്നതുപോലെയും എനിക്കു തോന്നിയിട്ടുണ്ട്. തറവാട്ടിലെ മറ്റു കുട്ടികളെല്ലാം അടുത്ത് ചെന്ന് ഓരോന്നൊക്കെ എടുത്തു പറഞ്ഞ് അവരെ കളിയാക്കാറുണ്ടെങ്കിലും ഞാൻ അടുത്ത് ചെല്ലാറില്ല. ഒരു ദിവസം അടുക്കളത്തളത്തിൽ നിന്ന് തിരിച്ചുവരുമ്പോൾ ചായ്പ്പിലെ കട്ടിലിലിരുന്ന് എന്തോ നൊടിയുന്നത് കണ്ടു. പിറുപിറുക്കുന്നതും പുറമേക്ക് വിരൽചൂണ്ടുന്നതും ശ്രദ്ധിച്ച് ഞാനൽപനേരം അവിടെനിന്നു. അന്നാണ് ഉമ്മാമയുടെ തീപ്പാറും കണ്ണുകളും കോപം സ്ഫുരിക്കുന്ന മുഖവും നടാടെകണ്ടത്. ഉറക്കേ ചോദിക്കയും ചെയ്തു.

നിനിക്കെന്താ ഈടക്കാര്യം? കോലായീപ്പോയി കുത്തിയിരിക്കർദോ? ഇങ്ങനെ ആടയും ഈടയും കണ്ണും മൂക്കും നോക്കാതെ തെണ്ടിത്തിരിയാതെ ചുറ്റിത്തിരിഞ്ഞ് കളിക്കാതെ കോലായി ചെന്ന് അടങ്ങിയൊ തുങ്ങി ഇരിക്കർദോ?

ഞാൻ എനിക്കനുവദിക്കപ്പെട്ട ചരുമുറിയ്ക്കകത്തുവന്നിരുന്നു. എന്തിനാണ് ആ വീട്ടിനകത്ത് വെറുതെ ചുറ്റിത്തിരിയുന്നത്. ഭക്ഷണം വിളമ്പിയെന്നറിയിച്ചാൽമാത്രം അകത്ത് പ്രവേശനമുള്ളവന്റെ കടന്നുകയറ്റം ശരിയാണോ? ഉള്ളിലിരുന്നാരോ ഗുണദോഷിക്കുന്നതും അന്ന് കേട്ടു. രാത്രി ഏറെയിരുട്ടിയപ്പോൾ അന്ന് കിളിവാതിലിന്നപ്പുറത്ത് ഒരു ചിരി പൊങ്ങി. ഇന്ന് ഉച്ചക്ക് ഉമ്മാമാനോട് നല്ലോണം കിട്ടി അല്ലേ?

പെണ്ണിന്റെ ചിരി. പിന്നെ അവളുടെ കഥകളായി. കതീശുവിന്റെ വർത്തമാനങ്ങൾക്ക് കാതോർത്ത് ഞാനവിടെ ചുമരും ചാരിനിന്നു. അവൾ പറയുന്നകഥയിൽ മച്ചിന്റെ മുകളിലെ സർപ്പങ്ങൾ ഇഴയുന്നു. വെളുത്തവാവിന്റെ രാത്രിയും, കറുത്തവാവിന്റെ രാത്രിയും മുകളിലെ മാളങ്ങളിൽ ചുരുണ്ടുകൂടിയ സർപ്പങ്ങൾ ഇഴഞ്ഞ് മച്ചിന്റെ മുകളിൽ വെറും നിലത്ത് കൂട്ടുചേർന്ന് ചുറഞ്ഞ് കിടക്കുമത്രേ. പരസ്പരം പുണർന്ന് ചുറഞ്ഞ് ഫണം വിടർത്തി ആഞ്ഞാ ഞ്ഞ് കൊത്തുമത്രെ. അന്നേരത്താണ് താഴത്തേ കട്ടിലിൽ ഒറ്റക്ക് ചുരുണ്ടുകൂടി കിടക്കുന്നവർക്ക് വായിൽ തോന്നിയതൊക്കെ വിളിച്ചുകൂവാൻ കരുത്തേറുക. പറയുന്നതെന്താണെന്നറിയാത്ത ആക്രോശങ്ങൾ. കയ്യുംകാലും ഇട്ടറിഞ്ഞ് കാട്ടിക്കൂട്ടുന്ന പരാക്രമങ്ങൾ.

കതീശു പറഞ്ഞുതീരും മുമ്പ് ഇരുട്ടിലേക്ക് ഊളിയിടുന്നു. എന്നെ ഉറക്കമില്ലായ്മയുടെ ഏകാന്ത ഇരുൾ മാളത്തിലേക്ക് ഒറ്റപ്പെടുത്തി അവൾ അപ്രത്യക്ഷയാവുന്നു. മനസ്സിൽ ദുസ്വപ്നങ്ങൾക്ക് വിത്തുപാകി കടന്നുപോവുന്നവൾ എന്റെ രാത്രികളെ ഒരു ബാധയെപ്പോലെ. നേരം പുലരുമ്പോൾ മതികെട്ടുറങ്ങുന്നവന്റെ മുഖത്ത് എവിടെനിന്നോ എന്നറിയാത്തവിധം വെള്ളത്തുള്ളികൾവീഴുന്നു. അമേത്ത് നടുവിലത്തേ തറവാട്ടിലെ മറ്റൊരു പ്രഭാതം എന്റെ മുന്നി ൽ വിടരുന്നു. അടുക്കളയുടെ പുറംകോലായിൽ എനിക്ക് ഓക്കാനമുണ്ടാക്കുന്നതരം വെള്ളുള്ളിയുടെ ഗന്ധം പരക്കുന്നു...........

ബപ്പൻകാട് നിരത്ത് കോതത്തറക്കയറ്റം കയറിയിറങ്ങിയാൽ ചെന്നെത്തുക കണയങ്കോട് പുഴയുടെ തീര

ത്താണ്. കയറ്റം കയറുന്നതിന് മുമ്പാണ് കോതമംഗലം വയൽ. ചുറ്റുവട്ടത്തും പട്ടന്മാർ താമസിക്കുന്ന മഠങ്ങളാണ്.

മുൻസീഫ് കോടതിയിലും മജിസ്ട്രേട്ട് കോടതിയിലും കേസു വാദിക്കാൻ കോട്ടിട്ടുപോകുന്ന വക്കീലന്മാരെ കണ്ടിട്ടുണ്ട്. അവരെല്ലാവരും കോതമംഗലം വിഷ്ണുക്ഷേത്രത്തിന്റെ പലഭാഗങ്ങളിലുമായി പാർത്തുവരുന്നു. അവരിൽ ചിലരൊക്കെയുമായി അമേത്ത് വീട്ടുകാർ നല്ല അടുപ്പത്തിലാണ്. നടുവിലത്തെ വീട്ടിലെ കാരണവർക്ക് കേസും കോടതിയുമൊക്കെയായി കെട്ടിമറിയുന്നതിൽ യാതൊരു മനംമടുപ്പുമില്ല. എന്നുമാത്രമല്ല ആ വകയിൽ ധാരാളം വരുമാനമുണ്ടാക്കാനും അദ്ദേഹത്തിന് സാധിക്കും.

കണയങ്കോട് പുഴയുടെ തീരത്ത് ചങ്ങാടവും കടത്തുതോണിയും ഉണ്ട്. വാഹനത്തിൽ വരുന്നവർക്ക് ചങ്ങാടം കടന്നാൽ മറുകരയിൽ നിന്നു കിഴക്കോട്ടേക്ക് പിന്നേയും നിരന്നു നീളുന്നുണ്ട്. ഉള്ള്യേരി മുക്ക്, ബാലുശ്ശേരി, പൂനൂർ അങ്ങനെ താമരശ്ശേരി ചുരംവരെ യാത്രതുടരാം. മലഞ്ചരക്കുകൾ ചുക്ക് കുരുമുളക്, ഏലം, ഇലവംഗം, അടയ്ക്ക, പൈങ്ങ തുടങ്ങി സകലവിധമായ കൃഷി ഉൽപന്നങ്ങളും ആ പ്രദേശങ്ങളിൽ നിന്ന് വില്പനക്കായി കൊണ്ടുവരിക, ഈ വഴിയിലൂടെയാണ്.

കണചങ്കോട് പുഴകടന്നിപ്പുറത്തെത്തിയാൽ മലഞ്ചരക്കുകൾ വിൽക്കേണ്ടത് കൊയിലാണ്ടി ബജാറിന്റെ കിഴക്കേയങ്ങാടിയിലെ, എന്നു പറഞ്ഞാൽ ബപ്പൻ കാട്, കോതമംഗലം എന്നിവിടങ്ങളിലെ പാണ്ടികശാലകളിലാണ്. അമേത്ത് നടുവിലെ തറവാട്ടിൽ കാരണവർക്ക് സ്വന്തമായി പാണ്ടികശാലകൾ ഇവിടെയുണ്ട്. അവർ അവിടെ കച്ചവടത്തിനിരിക്കുന്നു. മലഞ്ചരക്ക് വിഭവങ്ങൾ തൂക്കിയെടുക്കാൻ പാകത്തിലുള്ള തുലാക്കട്ടികളും കയ്യോലും വലിയ വലിയ ചേളാട്ടികളും അവിടെയുണ്ട്.

കൊണ്ടുവരുന്ന സാധനങ്ങൾ വലിയ ചേളാട്ടിയിൽ ചൊരിയും. കുരുമുളകായാലും, ഇഞ്ചിയോ, ചുക്കോ ആയാലും അടയ്ക്കയോ പൈങ്ങയോ ആയാലും ഏതായാലും അതാതിന്റെ ഗുണനിലവാരം പരിശോധിക്കലും വിലനിർണ്ണയിക്കലും ഉല്പന്നം ചേളാട്ടിയിൽ ചൊരിഞ്ഞതിന്ന് ശേഷമാണല്ലോ. ചേളാട്ടിയുടെ കയർ കുരുക്ക് കയ്യോലകൊളുത്തിൽ തൂക്കി ഇപ്പുറത്ത് തുലാക്കട്ടിയോ, റാത്തൽക്കട്ടിയോ വെച്ച് തൂക്കമൊപ്പിച്ച് വിലപറയുന്നതും വിലപേശുന്നതും പീടിക ഉടമയാണ്

അമേത്ത്കാരുമായി കണ്ണുംപൂട്ടി കച്ചവടം ചെയ്യാമെന്നാണ് കിഴക്ക് നിന്നും വരുന്ന കൃഷിക്കാർ പറയുക. കാരണം അമേത്ത് തറവാട്ടുകാർക്ക് കൃഷിയുടെ മേന്മ അറിയാം. മഹത്വം അറിയാം. ഒരു കച്ചവടക്കാരൻ പാലിക്കേണ്ട കൃത്യതയും കണിശതയും അറിയാം. കച്ചവടം അമേത്ത് തറവാട്ടുകാരുമായിട്ടാണെങ്കിൽ പിന്നെയൊന്നും പേടിക്കാനില്ല. ഒട്ടും ആകുലപ്പെടേണ്ടതുമില്ലായെന്നാണ് അക്കാലത്തേ വിപണിയിലെ സൂത്രവാക്യം ഇങ്ങനെയെല്ലാം പേരുംപെരുമയുമുള്ള തറവാടുമായി എനിക്കെന്താണ് ബന്ധം?

മനസ്സിൽ അഴിച്ചുമാറ്റാനാകാത്ത വിധം, ചിക്കറുക്കാനാകാത്തവിധം ചിലകെട്ടുപാടുകൾ ഉണ്ട്. ഒറ്റക്കുറ്റിയിൽ മാത്രം ബന്ധിതമാവുന്ന ഒരു കയർകുരുക്കിന്റെ ചുറ്റുവട്ടത്തിൽ മേഞ്ഞവന്റെ മനസ്സിൽ തെളിഞ്ഞ ചില പച്ചപ്പുകൾ. പുൽത്തകിടിയിൽ കാർന്നുകാർന്നു നീങ്ങവെ കടിയേറ്റ ചില കൗമാരപുഷ്പങ്ങൾ, നുണഞ്ഞയവിറക്കാനായ മധുരനൊമ്പരങ്ങൾ.....

മലഞ്ചരക്കുകൾ അട്ടിയിട്ട ഗുദ്ദാമിൽ കിഴക്കേയരികിലെ വാതിലിന്നഭിമുഖമായി ഇഞ്ചി ചുണങ്ങാനിരിക്കുന്ന പെണ്ണുങ്ങൾ, ഒരുവൾ തമാശയായി ചോദിച്ചു. മൊതലാളിക്കുട്ടിയാരെയാ ഞാളെ കൂട്ടത്തിൽ ഇങ്ങനെ തറപ്പിച്ച് നോക്കുന്നത്? അവൾ ചിരിച്ചു. ഇഞ്ചിചുണങ്ങുന്ന മറ്റു കൂട്ടുകാരികൾ അവളുടെ ഒപ്പം ചേർന്നുചിരിച്ചു.

മരയഴികൾക്കപ്പുറത്ത് നിന്നും നീളുന്ന കൈപ്പത്തിയുടെയും കൈത്തണ്ടയുടെയും മിനുസം മനസ്സിൽ. ഇരുട്ടിൽ എനിക്ക് ഭീതിസ്വപ്നങ്ങളും പകർന്ന് അപ്രത്യക്ഷയാവുന്നവളുടെ ഉറക്കം ചോർത്തും കഥകളും മനസ്സന്നേരം മൂളി.

കാരണവർ പാണ്ടികശാലയിലാണ്. പണിക്കാർ ഗുദാമിന്നപ്പുറത്തേ വലിയ മതിലിന്റെയടുത്ത് ചരക്ക് ലോറിയിൽ കയറ്റുകയാണ്. പെണ്ണ് ചോദ്യത്തിന്ന് മറുപടി പ്രതീക്ഷിച്ചെന്നമട്ടിൽ തുറിച്ചുനോക്കുകയാണ്. നാവിൽ ഒരിറ്റുവെള്ളമില്ല. ഒരു ആദ്യ മറുപടിക്കാരന്റെ എല്ലാ ആധിയും മനസ്സിൽ കുമിയുന്ന ആവേശത്തിൽ ഞാൻ പറഞ്ഞു. നിന്നത്തന്നെ നീ ഇഞ്ചിചുണങ്ങുന്നത് തന്നെ.

അവൾ ചിരിച്ചു. കൂട്ടുകാരി എന്തോ പറയുന്നു. ഗുദാമിലെ കുരുമുളക് ചാക്കുകൾ അട്ടിയിട്ട ഇരുളിലേക്ക് വളരെ പെട്ടെന്ന് അവൾ നൂണ്ട് കയറുന്നത് ഞാൻ കണ്ടു. കൂട്ടുകാരി എന്നെ നോക്കി എന്തോ അർത്ഥം കല്പിച്ചുമൂളി. എനിക്കെന്ത് സംഭവിച്ചെന്നറിയില്ല.

കാരണവരുടെ കച്ചവടപ്പാണ്ടികശാലയിൽ എന്റെ നിത്യവരവുകൾ ഏറുകയും അതിന്ന് അർത്ഥവ്യാപ്തി കൂടുകയും ചെയ്തു.


ഒറ്റപ്പെട്ട രാത്രിയിലെ ഏകാന്തതയ്ക്ക് പുറംകൂട്ടിരിക്കാനെത്താറുള്ളവളോട് ഒരു നാൾ എല്ലാം തുറന്നുപറഞ്ഞു. മനക്കൊളങ്ങരയുത്സവത്തിന് പൂവടിപ്പടക്കവുമായിപ്പോയ വെടിമരുന്ന് പണിക്കാർക്കൊപ്പം കൂട്ടുചേർന്നതും, കല്ല്യാണിക്ക് അവൾ ആവശ്യപ്പെട്ട ലൊട്ടുലൊഡ്ക്ക് സാമാനങ്ങൾ വാങ്ങിക്കൊടുത്തതും അവൾക്കൊപ്പം അമ്പലചുറ്റുവട്ടത്ത് കറങ്ങിനടന്നതും തോളത്ത് കൈയ്യിട്ട്.... എല്ലാം തുറന്നു പറഞ്ഞു. പൂവെടിത്തട്ടിന്ന് തീക്കൊളുത്തുന്ന രാമര് ചെട്ടിയാർക്ക് കുടിക്കാനായി ചാത്തുവിന്റെ പീടികക്കൂലിവകയിലെ കണക്കിൽ റാക്ക് വാങ്ങിയതും പറഞ്ഞു കിളിവാതിലിന്നപ്പുറത്ത് എല്ലാം കേട്ടു തലകുലുക്കുന്നതിനിടയിൽ ആജ്ഞാപിച്ചു. കോലായീന്റെ മേൽപ്പിടി ഞാനി പ്പം ഊരും. അപ്രത്ത് വന്ന് നിക്ക്. ഞാൻ മുമ്പറവാതിൽ തുറക്കും .

അവൾ ഇരുട്ടിൽ മറഞ്ഞു. ചരുവിന്റെ മുൻഭാഗത്ത് വാതിലിനരികെ വന്നുനിന്നു. അന്നേരം കാണുന്നത് തറവാട്ടുമ്മറത്തേ വാതിൽ തുറന്ന് അവൾ മുടിയഴിച്ച് വിടർത്തി നടന്നടുക്കുന്നതാണ്. അവൾ ബലമായി

**(ശേഷം പേജ് 25 ൽ)**

കഥ

# അപ്പക്കാള



എം.എസ്. കുമാർ

മുല്ലയം കാവിലെ ഉത്സവം കണ്ട് ഉണ്ണിമാമയുടെ കൈ പിടിച്ച് നടന്നു വരുമ്പോഴാണ് അപ്പു വയൽ വരമ്പിൽ ആൾക്കൂട്ടം കണ്ടത്. അവർ വയലിലേക്ക് നോക്കി ആർത്തുവിളിക്കുന്നു. ആയ്...........ഹോയ് ...........
ഓടടാ കണ്ണപ്പാ....
പല ശബ്ദങ്ങൾ
എന്താത് ഉണ്ണിമാമേ ? അപ്പു ചോദിച്ചു.

അതു കന്നുതെളി മത്സരമാണപ്പൂ. പാടത്ത് ഉഴുതു മറിച്ച കുഴമണ്ണിൽ കാളകളെ പൂട്ടി ഓടിക്കാണ്. മുൻപെത്തിയ കാളകൾക്കും ഊർച്ചക്കാരനും സമ്മാനമുണ്ടാവും.

നമുക്കൊന്നു കാണാം. അപ്പു ആവശ്യപ്പെട്ടു. അവൻ കന്നുപൂട്ടോ ഊർച്ചയോ കണ്ടിട്ടില്ല. അമ്മാവന്റെ കുട്ടിക്കാലത്ത് തൊഴുത്തുനിറയെ കാളകളും പശുക്കളും ഉണ്ടായിരുന്നുവത്രേ. പത്ത് ഏക്കർ കൃഷിസ്ഥലമുണ്ടായിരുന്നു. കൊയ്ത്തും മെതിയും തറവാട്ടിലെ ഒരുത്സവമായിരുന്നു.

അവിടുത്തെ ചൂട്ടൻമൂരിയെപ്പോലെ ഒരു ഊർച്ചക്കാള അന്ന് നാട്ടിലെങ്ങും ഉണ്ടായിരുന്നില്ല. അമ്മമ്മ പറയുമായിരുന്നു. ആലൂരെ കായൽപ്പാടത്ത് കന്നുപൂട്ടു നടത്തുമ്പോൾ ഊർച്ചക്കാളകളിൽ ചൂട്ടനായിരുന്നു തലയെടുപ്പ്.


അമ്മൂമ്മ ആ നല്ലകാലം സ്വപ്നം കാണുകയായിരുന്നു. അപ്പുവും ആ സങ്കൽപത്തിൽ പങ്കുചേർന്നു. അവന്റെ മനസ്സ് ഊർച്ചക്കണ്ടത്തിൽ കണ്ട തലയെടുപ്പുള്ള ഉശിരൻ കാളകളായിരുന്നു. അമ്മേ നമ്മുടെ പുള്ളിപ്പശൂന്ന് എന്ത് കുട്ടിയാ ഉണ്ടാവാ?

അവൻ ചോദിച്ചു. അവർ ചിരിച്ചുകൊണ്ടു പറഞ്ഞു. പശുക്കുട്ടിയോ മൂരിക്കുട്ടിയോ ഏതെങ്കിലും ഒന്ന്. അപ്പുവിന്ന് തൃപ്തിയായില്ല. രാവിലെ പശുവിനെ കറന്നെടുക്കുവാൻ വന്ന അമ്മിണി ചേച്ചിയോട അവൻ ചോദിച്ചു. അമ്മിണേച്യേ, നമ്മടെ പുള്ളിപ്പശൂന് എന്ത് കുട്ട്യാണ്ടാവ്വാ...

ഒന്നുകിൽ കാളക്കുട്ടി അല്ലെങ്കിൽ പൈകുട്ടി. അപ്പൂന് കളിക്കാനൊരു കൂട്ടുകാരൻ വേണം ല്ലേ? നമുക്ക് കാണാം. ഇനി അധികദിവസം വേണ്ട പുള്ളിപ്പയ്യ് പെറാൻ.

അന്നുമുതൽ അപ്പു എന്നും നേരത്തെ എഴുന്നേറ്റു വീടിന്റെ കിഴക്കുപുറത്തെത്തും. അമ്മിണിചേച്ചി കറവിനായി തൊഴുത്തിൻ കടക്കുവാൻ തുടങ്ങുന്നു.അവർ ഉമ്മറത്തു നിൽക്കുന്ന അപ്പുവിനെ കണ്ടു.

ആയില്യ അപ്പൂ. തുണക്കാര ൻ അടുത്ത ദിവസം വരും.



കറമ്പിയുടെ കറവ വറ്റാനായി. അപ്പോഴേക്കും പുള്ളിക്കാരിക്കു പാലു തരേണ്ടേ....

പുള്ളിപ്പശുവിന്റെ കൂട്ടുകാരിയാണ് കറമ്പിപ്പശു.കറമ്പിയുടെ കുട്ടിയാണ് കുട്ടികറമ്പി. കുട്ടിക്കറമ്പി ഒരു കാളയായിരുന്നെങ്കിൽ എന്നവനാ ശിച്ചു. സ്കൂളിൽ പോകുമ്പോഴും വരുമ്പോഴുമൊക്കെ അപ്പു വയൽ വരമ്പിലും പറമ്പിലുമൊക്കെ മേയുന്ന കന്നു കാലികളുണ്ടോ എന്നു നോക്കും. തള്ളപ്പശുക്കളുടെ കൂടെ ഓടിനടക്കു ന്ന കന്നുകുട്ടികളെ കാണാൻ അവനിഷ്ടമാണ്.

ഓഹോയ്...ഓഹോയ്...ഏതോ വയലിൽ നിന്ന് കന്നുതെളിയുടെ ശബ്ദം കേൾക്കുന്നു. ഒപ്പം നടക്കുന്ന അറുമുഖൻ പറഞ്ഞു. അപ്പു നാളെ കൂടല്ലൂർ ബാലൻ മാഷ്ടെ കണ്ടത്തില് കാളപൂട്ടുമത്സരാ. എന്റച്ഛനാ ഒരു ഊർച്ചക്കാരൻ. അപ്പുവിന്നുത്സാ ഹമായി. അവൻ ചോദിച്ചു. എടോ എനിക്ക് കാണാൻ പറ്റ്വോ?

എന്താ പറ്റായീ. നിനക്ക് വഴി അറീല്ല്യേ. നമ്മടെ വെള്ളിയാങ്കല്ല് പാലത്തിന്റവിടന്ന് നേരെ മുമ്പോട്ട് നടന്നാമതി. നീ വരങ്കി ഞാൻ പാലത്തിന്റടുത്ത് കാത്തു നിൽക്കാം... ഞാൻ ഉണ്ണിമാമോട് ചോദിക്കട്ടെ. പറ്റീച്ചാ വരാം.

ഉണ്ണിയെശമാനല്ലേ! വല്യ കാളപൂട്ടു കമ്പക്കാരനാന്ന് കേട്ടിട്ടുണ്ട്. മൂപ്പര് എന്റച്ഛനെ കഴിഞ്ഞേന്റെ മുമ്പത്തെ കൊല്ലം പൊന്നാട അണിയിച്ചിട്ടുണ്ട്. മാമനോട് പറഞ്ഞോ നിന്നെ കൊണ്ടു വരാതിരിക്കില്ല. സ്കൂൾ വിട്ട് എത്തിയ ഉടനെ അപ്പു ഉണ്ണിമാമയെ വിളിച്ചു പറഞ്ഞു. മാമേ ഞായറാഴ്ച നമുക്ക് കൂടല്ലൂര് കാളപൂട്ടുകാണാൻ പൂവ്വാ..

ആരാ നിന്നോട് ഞാൻ പോണ്ണ്ടേന്നു പറഞ്ഞേ?

അപ്പു അറുമുഖന്റെ പേരു പറഞ്ഞില്ല. അവൻ ചോദിച്ചു. ഞാനും പോരട്ടേ? എന്നേം കൊണ്ടോവ്വോ?

ഉണ്ണിമാമൻ കുറച്ചുനേരം ആലോചിച്ചുകൊണ്ടിരുന്നു. പിന്നീട് പറഞ്ഞു. കൊണ്ടോവ്വൊക്കെചെയ്യാം. അവിടൊരുപൂരം പോലെയാണ്. പീപ്പി, ബലൂൺ, തോക്ക് വണ്ടി ഒക്കെ വാണിഭക്കാര് തൂക്കിയിട്ടുണ്ടാവും. നല്ല വെയിലുണ്ടാവും. സർബത്ത് കോള ഒക്കെ കണ്ട് വാശി പിടിക്കരുത്. കിണുങ്ങിയാൽ തല്ലാ കിട്ട്വാ.

അതൊന്നും വേണ്ട.

ഊർച്ചമത്സരം കണ്ടാ മതി.

മരുമകൻ കാളപൂട്ടിൽ താൽപര്യം കാണിച്ചതിൽ ആ അമ്മാവന് സന്തോഷമേ ഉണ്ടായി രുന്നുള്ളൂ.

ഉച്ച കഴിഞ്ഞ് വെയിൽ ചായവെ അപ്പുവും ഉണ്ണിമാമയും ആലൂർപാട ത്തെത്തി. ഒരുത്സവം കാണാനെന്ന പോലെ ആളുകൾ തിരക്കിക്കൂടിയിരുന്നു.

ഓയ്....ഓടെടാ കണ്ണാ.. അപ്പ് അപ്പ്.... ആളുകൾ കൈകൊട്ടി ആർപ്പുവിളി ക്കുന്നു. നിരന്നു നിൽക്കുകയും ഇരിക്കുകയും ചെയ്യുന്ന ആളുകൾ ക്കിടയിലൂടെ ഉണ്ണിമാമയും അപ്പുവും തിക്കിത്തിരക്കി ഊർച്ചക്കണ്ടത്തി നടുത്തെത്തി.

മേനോൻ വരൂ. ഇവിടിരിയ്ക്കാം. വാ മോനേ.

പ്രത്യേകം സജ്ജമാക്കിയ ഉയർന്ന സ്ഥലത്തെ പന്തലിൽ കസാല കളിട്ടിട്ടുണ്ട്. ഉണ്ണിമാമ കസാലയിലി രുന്നു. അതിന്നടുത്തുനിന്ന് അവൻ ഊർച്ചക്കണ്ടത്തിലേക്ക് നോക്കി. കടുപ്പമുള്ള ചായ നിറച്ച പോലെ കലക്കവെള്ള മുള്ള കണ്ടം.

ഓടെടാ കണ്ണപ്പാ.ഓഹോയ്.. ആളുകൾ തെളികൂട്ടുന്നു. കാളകളുടെ വാലുപിടിച്ച് പൂട്ടുകാർ ഓടുന്നു. മുൻനിരയിൽ ഏറ്റവും മുന്നിട്ട് വരുന്നത് ഏതു കാളയായിരിക്കും? അവൻ ചങ്കിടിപ്പോടെ കാത്തു. തവിട്ടുനിറവും നെറ്റിയിൽ വെളുത്ത പാണ്ടുമുള്ള ഒരു കാളക്കുട്ടൻ മുന്നിലെത്തുന്നു.

ഓനാണ് കണ്ണപ്പൻ. ഉണ്ണിമാമ പറഞ്ഞു. ആർപ്പുവിളികളും കതിനാവെടികളും മുഴങ്ങി. കാളപൂട്ടുമത്സരം അവസാനിച്ചു. ഒന്നാം സമ്മാനക്കാര നായ കണ്ണനെ ആരാധകർ പൂമാല ചാർത്തി. അവന്റെ കഴുത്തിൽ സ്വർണ്ണ പ്പതക്കം ചാർത്തി.

ഉണ്ണിമാമയുടെ കൈപിടിച്ചു. മടങ്ങി വരുമ്പോൾ അപ്പുവിന്റെ മനസ്സിൽ മുൻനിരയിൽ ഓടിയെത്തുന്ന കണ്ണപ്പനായിരുന്നു.

അപ്പൂ അപ്പൂന്റെ മനസ്സുപോലെത്തന്നെയായി. പുള്ളിപ്പയ്യ് പ്രസവിച്ചു. മൂരിക്കുട്ടി. അമ്മിണി ചേച്ചി വിളിച്ചു പറഞ്ഞു.

ഹായ്! അവൻ തുള്ളിച്ചാടി.

കണ്ണാ! അവൻ തൊഴുത്തിലേക്കോടി. മൂരിക്കുട്ടിക്കു പേരിട്ടു.

ഉണ്ണിമാമേ നമുക്ക് നമ്മുടെ കണ്ണനെ ഊർച്ചക്കാളയാക്കണം ട്ടോ. അപ്പു ഉണ്ണിമാമയോട് പറഞ്ഞു.

നിനക്ക് കന്ന് പൂട്ടാനും പഠിക്കണോ അപ്പൂ. ഉണ്ണിമാമയുടെ ചോദ്യത്തിന്ന വൻ മൂളി. ഉം..

ഊംഉം. നന്നായി. ഇപ്പളത്തെക്കാലത്ത് ഇങ്ങനെ പറയുന്ന കുട്ടികളെ കാണില്ല. എല്ലാം കമ്പ്യൂട്ടറിൽ കാണാമെന്നാണവരുടെ തോന്നൽ.

നമ്മുടെ പാടവും നെല്ലുമൊക്കെ ഫോട്ടോയും ചിത്രങ്ങളുമാക്കിയാൽ മതിയോ? അപ്പുവിന്റെ ചോദ്യം ഉണ്ണിമാമക്കിഷ്ടമായി.

അപ്പുവിന്റെ കണ്ണനെ നമുക്ക് ഊർച്ച ക്കാളയാക്കാം. ഓൻ വലുതാവട്ടെ. ഇന്നലെ ജനിച്ചല്ലേ ഉള്ളൂ. കണ്ണാ... അപ്പു വിളിച്ചു. കന്നുകുട്ടി എഴുന്നേറ്റ് മുന്നിൽ നിൽക്കുന്നു. ഹായ് എത്രവേഗാ കണ്ണൻകുട്ടി നടക്കാൻ പഠിച്ചത്. അമ്മയും പറഞ്ഞു.

സ്കൂളിൽ പോകാറാവുന്നതുവരെ അപ്പു കണ്ണന്റെ അടുത്തുകൂടി. അവൻ ഓടാനും ചാടാനും പഠിച്ചു. അപ്പു അവനോടൊപ്പം നടന്നു, ഓടി.

ഉണ്ണിമാമ അപ്പുവിനേയും കണ്ണനേയും ഒരുമിച്ചു നിർത്തി. അമ്മാവൻ പറഞ്ഞു. വൺ, ടൂ, ത്രീ. അപ്പു സ്റ്റാർട്ട് ചെയ്തു. കണ്ണന് സ്റ്റാർട്ട് മനസ്സിലായില്ല. അപ്പു ഓടി, കണ്ണൻ നിന്നു ചാടി. അവർ ഒന്നിച്ചു ചിരിച്ചു. വീണ്ടും ആവർത്തിച്ചു. ഇപ്രാവശ്യം ത്രീ എന്നു പറയുന്നതോടെ ഉണ്ണിമാമ കണ്ണന്റെ പിൻഭാഗം പിടിച്ച് ഒറ്റ ഉന്ത്. കണ്ണൻ ഓടി. അപ്പുവിന്ന് ഒപ്പമെത്താൻ കഴിഞ്ഞില്ല.

ഹായ്! കണ്ണൻ ഫസ്റ്റ്. ...അമ്മാവൻ വിളിച്ചുപറഞ്ഞു. കണ്ണൻ മുന്നിലെത്തി. പിന്നീടൊരിക്കലും അപ്പുവിന് കണ്ണനെ ജയിക്കുവാൻ കഴിഞ്ഞില്ല. ഓട്ടത്തിലും ചാട്ടത്തിലും കണ്ണൻ തന്നെ ഒന്നാമൻ.

കണ്ണൻ ഓടുമ്പോൾ അപ്പു കണ്ണന്റെ വാൽ പിടിക്കും. പിൻകാൽ ശക്തിയായി കുടഞ്ഞ് അവൻ മുറ്റത്തു വട്ടംചുറ്റി ഓടി.

കണ്ണൻ വളർന്നു. കണ്ണനില്ലാതെ അപ്പുവിന് കഴിയാനാവില്ല. രാവിലെ അവനുള്ള കാപ്പിയും പലഹാരവും ഒരു ഭാഗം അവൻ കണ്ണനായി നീക്കിവെയ്ക്കും.

അമ്മയും അമ്മിണിയമ്മയും പരസ്പരം പറഞ്ഞു. മൂരിക്കുട്ടി വലുതായി. ഇതിനെ വിറ്റാൽ അപ്പു എങ്ങനെ സഹിയ്ക്കും.

ഉണ്ണിമാമ അവരോടൊപ്പം കളിക്കാൻ കാളക്കുട്ടനെ കൊടുക്കുമോ എന്ന ചോദ്യമായി.

വരുന്നവരോടെന്തുപറയുമെന്നദ്ദേഹം ഓർത്തു വിഷമിച്ചു. ഉണ്ണിമാമയും അമ്മയും കൂടി ആലോചിച്ചു. കറവ വറ്റാറായി. ഇനി മൂരിക്കുട്ടിയെ നിർത്തുന്നത് നഷ്ടമാണ്. നല്ല വിലകിട്ടിയാൽ കൊടുക്കാം.

കാര്യങ്ങളറിയാതെ അപ്പുവും

കണ്ണനും കൂടി തൊടിയിലും മുറ്റത്തും ഓടിക്കളിക്കുകയായി രുന്നു. അപ്പു കണ്ണന്റെ പുറത്തുകയറിയിരിക്കും. കണ്ണൻ മുൻകാലുകൾ അപ്പുവിന്റെ ചുമലിൽ വെച്ച് രണ്ടുപേരും കൂടി നടക്കും. കണ്ണന്റെ കാലടികൾ കടക്ക്ടാ ശബ്ദമുണ്ടാക്കി. ഒരു ദിവസം സ്കൂൾ വിട്ടുവന്ന അപ്പു കണ്ണനെ വിളിച്ചു. കണ്ണാ-! തന്റെ വിളികേൾക്കേ തലയുയർത്തി ചെവി എടുത്തുപിടിച്ച് ഓടിവരുന്ന കണ്ണൻ വന്നില്ല. പുള്ളിപശു ഉറക്കെ വിളിച്ചു. മ്പേ....

കണ്ണാ.. എവിടാമ്മേ കണ്ണൻ... അപ്പു അമ്മയോട് ചോദിച്ചു.

മോനേ പുള്ളിപ്പശു ഇനിയും കുഞ്ഞിനെ പ്രസവിക്കും. നമുക്ക് വളർത്താം. മോൻ സമാധാനിക്ക്. കണ്ണനെ ഉണ്ണിമാമ ഒരു കച്ചവടക്കാരനു കൊടുത്തു.

അയ്യോ അവൻ കരഞ്ഞു. എന്റെ കണ്ണനെ അറവുകാർക്കു കൊടുത്തോ?

അതൊന്നുമില്ല. കണ്ണനെ വളർത്താ നാണെന്നാ അയാള് പറഞ്ഞത്.

എനിക്കെന്റെ കണ്ണനെ വേണം. അവൻ വാശി പിടിച്ചു നിലത്തു കിടന്നുരുണ്ടു. മോനേ, അതു വലുതായാൽ നിനക്കുപിടിച്ചാ കിട്ടാതാവും. കുത്തിമലർത്തിയിടും. അടുത്ത കൊല്ലവും പശുക്കിടാവുണ്ടാവും.

അവന് സമ്മതമായില്ല. ഉണ്ണിമാമയും അമ്മിണിചേച്ചിയും അമ്മയും കൂടി തന്നെ പറ്റിക്കുകയാ യിരുന്നു. അവൻ ഉണ്ടില്ല. ഉറങ്ങിയില്ല. സ്കൂളിൽ പോവാനും പഠിക്കാനും താല്പര്യമുണ്ടായില്ല.

സ്കൂളിൽ പോകുമ്പോഴും വരുമ്പോഴും അവൻ ചുറ്റുപാടും നോക്കി. തന്റെ കണ്ണൻ എവിടെയെങ്കിലുമുണ്ടോ. വഴിയരുകുകളിലും വല്ലവരുടെയും വീട്ടുമുറ്റത്തുമൊക്കെ പശുക്കിടാങ്ങളെ കാണുമ്പോൾ അവൻ ഇമവെട്ടാതെ നോക്കിനിൽ ക്കും. തന്റെ കണ്ണൻ.. അവനെവിടെയായിരിക്കും?

ചില ദിവസങ്ങളിൽ രാത്രി കണ്ണനെ സ്വപ്നംകണ്ട് അവൻ ഞെട്ടിയുണരും. കണ്ണാ...കണ്ണാ.. അവൻ വിളിയ്ക്കും. അമ്മ അവന്റെ തോളത്തുതട്ടി സമാധാനിപ്പിച്ചു. മോനുറങ്ങിക്കോളൂ. നമ്മടെ കണ്ണൻ വരും.... അവൻ പിറുപിറുത്തു.

കാലാവസ്ഥ മാറിക്കൊണ്ടിരുന്നു. ഒരു വെക്കേഷൻ കൂടി കഴിഞ്ഞു. അപ്പു എട്ടാംക്ലാസ്സിലായി. കൂട്ടുകാ ർ മാറി. അദ്ധ്യാപകർ മാറി. പാഠങ്ങളും പാഠപുസ്തകങ്ങളും പുതിയതായി.

സ്കൂളിൽ പോകുന്ന വഴിയിലെ നെൽപ്പാടങ്ങൾ തരിശുഭൂമികളായി. ചില ഭാഗങ്ങൾ നികത്തി. വലിയ വലിയ വീടുകളായി. കന്നുകളും കാളക്കുട്ടികളും അപൂർവ്വ ജീവികളായി.

ഒഴിവു ദിവസം സ്കൂൾ വിട്ടു അവ നും കൂട്ടുകാരും വീട്ടിലേക്കുള്ള വെട്ടുവഴിയെ നടന്നുവരികയായിരുന്നു.

പെപ്പേപേ.... ഒരു കുഴൽവിളി. ഒരു തമിഴ്പാട്ടിന്റെ ട്യൂണിൽ കുഴൽനാദമൊഴുകുന്നു. അപ്പുവും കൂട്ടുകാരും ശ്രദ്ധിച്ചു. അറുമുഖൻ ആ ട്യൂൺ പാടി.

മറുതമലൈ മാമണിയേ
മുരുകയ്യാ
തേവരിൽ ഗുണം കാട്ടും വേലയ്യാ ......

പാട്ടും കുഴിത്താളം കൊട്ടുമായി ഒരു കുട്ടിയും അവൻ കയറിട്ടുപിടിച്ച ഒരു കാളക്കുട്ടിയും നടന്നു പോകുന്നു. കാളയുടെ പുറത്ത് പട്ടുപുതച്ചിട്ടുണ്ട്. കൊമ്പുകളിൽ ചാ യം പുരട്ടിയിട്ടുണ്ട്. കഴുത്തിൽ കുടമണി....

ദേണ്ടെ അപ്പക്കാള.... അറുമുഖൻ പറഞ്ഞു. കുട്ടികൾ കൗതുകപൂർവ്വം അപ്പക്കാളയുടെ അടുത്തേക്ക് ചെന്നു. അപ്പക്കാളയും കയർ പിടിച്ച പയ്യനും ഓരോ വീട്ടിന്റെയും ഗേറ്റിൽ ചെല്ലുന്നു. തമിഴൻ പയ്യൻ ഈണത്തിൽ പാടുന്നു.

മറുതമലൈ മാമണിയേ മുറുകയ്യാ...
ദേവരിൻ ഗുണം കാട്ടും വേലയ്യാ...

ചില വീടുകളിൽ നിന്ന് പണവും അരിയും വസ്ത്രവും കൊടുക്കുന്നു.

അപ്പക്കാളയും ഒരു വീട്ടിൽനിന്ന് അടുത്തവീട്ടിലേക്ക് നീങ്ങുകയാണ്. അപ്പുവും കൂട്ടുകാരും അപ്പക്കാളയ്ക്കടുത്തു ചെന്നു. ഒരു വീട്ടിന്റെ ഗേറ്റിൽ നിന്നും പിൻവാങ്ങവേ അപ്പക്കാള തിരിഞ്ഞൊന്നു നോക്കി. അപ്പുവിന്റേയും അവന്റേയും കണ്ണുകൾ ഇടഞ്ഞു.

കണ്ണാ! അപ്പു വിളിച്ചു. കണ്ണൻ തന്റെ ഉണ്ടക്കണ്ണുകൾ ഉരുട്ടിമിഴിച്ചു. കണ്ണാ.. എന്റെ കണ്ണാ നീ തിരിച്ചുവന്നൂലോ... അപ്പു കാളക്കുട്ടന്റെ തോളിൽ കെട്ടിപ്പിടിച്ചു. കണ്ണൻ തല ചെരിച്ചു അവന്റെ കൈത്തണ്ടയിൽ നക്കിക്കൊണ്ടു നിന്നു!..

●

കവിത

# നഷ്ടം




സുരേഷ്കുമാർ കനൂര്



കവിതയായ് വന്നു ചിരിച്ച നീയോമനേ
എന്നു കടങ്കഥയായിത്തീർന്നു
ഓർത്തെടുക്കാനുള്ള ചിത്രങ്ങളൊക്കെയും
മഞ്ഞിയരാവിന്റെ ഓരത്തല്ലേ

പുസ്തകം നീർത്തിയ സന്ധ്യകളൊക്കെയും
മിന്നാമിനുങ്ങിന്റെ സ്വന്തമല്ലേ
കൈകോർത്ത സായന്തനത്തിന്റെയോർമ്മകൾ
ചുംബനം നൽകിപ്പിരിഞ്ഞതല്ലേ

ലേഖനം




# ഭൂമിയിലെ ഏറ്റവും തണുപ്പുള്ള മരുഭൂമി ഇല്ലാതാകുമോ?

വിനോദ്കുമാർ ദാമോദർ

ഒരൊറ്റ മനുഷ്യനും ജീവിയ്ക്കാത്ത, ഭൂമിയിലെ ഏറ്റ വും തണുത്ത മരുഭൂമി (Desert) യായ അന്റാർട്ടിക്ക അഞ്ചാമത്തെ ഭൂഖാണ്ടമാണ് വലിപ്പത്തിൽ. എന്നാൽ 89 ഡിഗ്രി സെൽഷിയസ് തണുപ്പുള്ള ഒരു മരുഭൂമിയും കൂടിയാണ് അന്റാർട്ടിക്ക എന്നത് ഒരു സവിശേഷതയാണ്. ചുറ്റും കടൽമാത്രമുള്ളതും ഭൂമിയിലേ ഏറ്റവും തണുപ്പുള്ളതും ആയ അന്റാർട്ടിക്ക ഏറ്റവും ഉണങ്ങിയ കാറ്റുവീശുന്ന ഭൂഖാണ്ഡമാണ്.

സ്ഥിരമായവാസികളില്ലെങ്കിലും ആയിരം മുതൽ ആയിരത്തഞ്ഞൂറുപേർ ഇവിടെ സ്ഥിരമായി പലതരം പഠനങ്ങൾ നടത്തുന്നുവെന്നുള്ള പ്രത്യേകത ഇവിടെ കാണുന്നു. ഭൂമിയെ രക്ഷിക്കണമെങ്കിൽ ഈ തണുത്ത ഭൂഖാണ്ഡത്തെ രക്ഷിക്കേണ്ടതുണ്ട്. കാരണം പലതരത്തിലുള്ള പരിസ്ഥിതി നശീകരണം എല്ലാ ഭൂഖാണ്ഡങ്ങളും നേരിടുമ്പോൾ ഈ തണുത്ത ഭൂഖണ്ഡം അതേപോലെ നിലനിൽക്കേണ്ടതുണ്ട്. പക്ഷെ അന്റാർട്ടിക്കയും വൻ ഭീഷണി നേരിട്ടേയ്ക്കാം. ഇപ്പോഴല്ല. 2041ൽ അതായത് അന്റാർട്ടിക്ക ട്രീറ്റി സിസ്റ്റം എന്ന 1959 ലെ കരാർ അവസാനിക്കുമ്പോൾ അന്റാർട്ടിക്കയിലെ ഐസിലും ഖനനം ചെയ്യുവാൻ കാത്തുനിൽക്കുന്നവർ അവിടെ പ്രവേശിച്ചാൽ എന്തു സംഭവിക്കും. ചന്ദ്രനിൽ നിന്ന് പോലും ലാഭമുള്ളത് ഭൂമിയിലേക്ക് കൊണ്ടുവരുവാൻ ശ്രമിക്കുന്നകാലത്ത് എന്തിന് അന്റാർട്ടിക്കയെ ഒഴിവാക്കണമെന്ന് ചിന്തിക്കുന്നവരേ കണക്കാക്കി എൻവയമെന്റ് പ്രോട്ടോക്കോൾ 1991ൽ തന്നെ അന്റാർട്ടിക്കയിൽ ആ തരത്തിലുള്ള പ്രവർത്തനങ്ങൾ നിരോധിച്ചിട്ടുണ്ട്. ഈ തരത്തിലുള്ള നിരോധനം നിലവിലുണ്ടെങ്കിലും അന്റാർട്ടിക്കയിൽ എത്തുന്നവർ കളയുന്ന മാലിന്യം അവിടെ കുമിഞ്ഞുകൂടി ഒരു ചവറുകുമ്പാരമായി പലയിടങ്ങളും മാറിയിട്ടുണ്ട്. കാലാവസ്ഥാവ്യതിയാന ലക്ഷണങ്ങൾ അന്റാ ർട്ടിക്കയിൽ ആദ്യം കണ്ടത് 2002 ലേ ഐസ് പാളി പൊട്ടി വീണ സംഭവ



**പെൻഗ്വീൻ കുടുംബം**
പറക്കാൻ കഴിയാത്ത പക്ഷികൾ, അന്റാർട്ടിക്കയിലേ കാലാവസ്ഥയിൽ ജീവിക്കാൻ പറ്റുന്ന ഒരേ ഒരു വന്യജീവി

മാണ്. ലാർസൺ ബി. യെന്ന ഈ ഒരു ഐസ്പാളി പൊട്ടിവീണ സംഭവത്തിൽ നിന്നാണ് അന്റാ ർട്ടിക്കയിലേക്ക് ബാധിച്ച കാലാവസ്ഥ വ്യതിയാനതിരിച്ചടി ലോകം ശ്രദ്ധിച്ചത്.


ഇവിടത്തേ പ്രധാന അന്തേവാസി പെൻഗ്വിനുകളാണ്. ഇവിടത്തേ കാലാവസ്ഥയെ അതിജീവിച്ചിവിടെ കഴിഞ്ഞുപോകുവാൻ കഴിയുന്ന ഒരേയൊരു വന്യജീവി ഇവയാണ്. പറക്കാൻ കഴിയാത്ത പക്ഷികളെന്നിവർ അറിയപ്പെടുന്നു. നെമറ്റോഡസ്, സീൽസ് തുടങ്ങിയ ഇനങ്ങളിൽ പെട്ടവയും ഇവിടെ കഴിയുന്നു. ലെ പേർഡ്സീൽസ് എന്നിങ്ങനേയുള്ളവപെൻക്വിനുകളേ കൊന്നു തിന്നുവാൻ മടിക്കാറില്ല. വേറെ ജീവികൾക്കൊന്നും തന്നെ ഇവിടെ നിലനിൽക്കുവാൻ കഴിയുന്നതായിതെളിഞ്ഞിട്ടില്ല. അന്റാർട്ടിക്കയെന്ന് പറയുമ്പോൾ തന്നെ നമുക്കോർമ്മ വരുന്നത് റോബോർട്ട സ്വാൻ എന്ന അതി സാഹസികനേയാണ്. ഇദ്ദേഹം ചെയ്ത ഒരു ശ്രദ്ധേയമായ പ്രവർത്തി പല വിദേശ സന്ദർശകരും അന്റാർട്ടിക്കയിൽ വിട്ടുപോയ 1500 ടൺ മാലിന്യങ്ങൾ അവിടെ വെച്ചുകൊണ്ടുവീണ്ടും ഉപയോഗിക്കാൻ പറ്റുന്ന വസ്തുക്കളാക്കി മാറ്റിയെന്നതാണ്.

പിന്നീടു 2007ൽ അദ്ദേഹം അന്റാർട്ടിക്കയിൽ മാലിന്യങ്ങൾവീണ്ടും ഉപയോഗിക്കുന്ന തരം വസ്തുക്കളാക്കി മാറ്റുന്നതിനെ പറ്റി അവബോധം നടത്തി. സൂര്യൻ പതിയ്ക്കാത്ത അന്റാർട്ടിക്ക ഭൂഖാണ്ഡത്തിൽ ഒരുമാസം താമസിച്ചുകൊണ്ടും അദ്ദേഹം സന്ദർശകരിൽ അവബോധം നടത്തി. www.2041 എന്ന അദ്ദേഹത്തിന്റെ വെബ്സൈറ്റിൽ അന്റാർട്ടിക്കയിലേ അദ്ദേഹത്തിന്റെ എല്ലാ വിധ പ്രവർത്തനങ്ങളും അടങ്ങിയിട്ടുണ്ട്. 2041 എന്നതിലൂടെ അദ്ദേഹം ഉദ്ദേശിക്കുന്നത് 2041ൽ അന്റാർട്ടിക്കയിൽ വരാൻ സാധ്യതയുള്ള അപകടങ്ങളേ പറ്റി ഇപ്പോൾ തന്നെ ജനങ്ങളെ അറിയിക്കുകയെന്ന കർത്തവ്യമാണ്.

അന്റാർട്ടിക്കയുടെ അടുത്ത പ്രദേശങ്ങളിൽ കാണുന്ന മറ്റൊരു വന്യജീവിയാണ് എലിഫന്റ് സീൽ.

ഒരു എലിഫന്റ് സീൽ കടലിനടിയിലേയ്ക്ക് ഒരു കിലോമീറ്ററോളം ആഴത്തിലേക്കിറങ്ങുമെന്നുള്ളതാണ് അതിന്റെ ഏറ്റവും വലിയ സവിശേഷത.

അന്റാർട്ടിക്കയുടെ 98% വിസ്തൃതിയിൽ കൊല്ലത്തിലെക്കാലവും1.6 കിലോ മീറ്റർ കട്ടിയിൽ ഐസ് ഉണ്ടാകുമെന്നതാണിവിട ത്തേ





അന്റാർട്ടിക്കയെന്ന ലോകത്തിലെ ഏറ്റവും തണുപ്പുള്ള മരുഭൂമി

ഏറ്റവും വലിയ പ്രത്യേകത. ശേഷിക്കുന്നതായ ബാക്കിയുള്ള രണ്ടു ശതമാനം മാത്രമാണ് വെള്ളം കണ്ടുവരുന്നത്.

ഭൂമിയിലെ ഒരു ഭൂഖണ്ഡത്തിലും കാണാത്ത ഒരു സവിശേഷത ഈ ഭൂഖാണ്ഡത്തിനുണ്ട്. എന്നാൽ അന്റാർട്ടിക്കയിലേ ജല വും അതിന് ചുറ്റുമുള്ള കടൽവെള്ളവും ഏറ്റ വും ആവശ്യമായി വരുന്നത് അവിട ത്തേ അന്തേവാസിയായ അഡലി പെൻ ഗ്വീനുകൾക്കാണ്. തണുത്തു വിറക്കുന്ന ശീതകാലത്ത് മറ്റു പ ക്ഷികൾ സാധാര ണ ചെയ്യുന്നതുമാതിരി ദേശാടനത്തിന് പോ കുവാൻ കഴിയാത്ത പെൻഗ്വിനുകൾക്ക് ഈ വെള്ളം വളരെയധികം ഉപയോഗപ്പെടുന്നു. ഈ കാലങ്ങളിൽ മുട്ടയിടുന്ന പെൻഗ്വിനുകൾ കു ഞ്ഞുങ്ങൾക്ക് ചൂടു ന ൽകുവാൻ മുട്ടയിട്ടു മൂന്നുമാസം അടയിരിക്കുന്നു. അതിന് ശേഷം വിരിയുന്ന മുട്ടയിലെ കുഞ്ഞുങ്ങളേ മൂന്നാഴ്ചമാത്രമാണ് പെൻഗ്വിനുകൾ സാധാരണ ഭ ക്ഷണം നൽകാറുള്ളു. അത് കഴിഞ്ഞാൽ അവരെ സ്വന്തം ഇരതേടാൻ വിടും. 175 മീറ്റർ വരെ കടലിനടിയിലേക്കും മൂന്നൂറുമീറ്റർ വരെ നീളത്തിൽ നീന്തിയും ഇരതേടാൻ കഴിവുള്ള പെൻഗ്വിൻ കുഞ്ഞുങ്ങൾ വളരെ പെട്ടെന്ന് തന്നെ സ്വന്തം ഇരതേടി ജീവിക്കാൻ കഴിവുള്ളവയായി വളരുന്നു.

അന്റാർട്ടിക്ക ഭൂഖാണ്ഡത്തിന്റെ അമൂല്യ പ്രാധാന്യം മനസ്സിലാക്കിയിവിടെ എത്തുന്നവരല്ല ഇവിടത്തേ ഭൂരിപക്ഷവും വിരുന്നുകാർ എന്ന പ്രത്യേകത കാരണം അന്റാർട്ടിക്ക ഭീഷണിയിലാണ് അന്റാർട്ടിക്കയിലേ ഐസ് കട്ടകളിൽ കാഴ്ചകൾ കാണാൻ പോയവരിൽ പലർക്കുമിവിടെ നിരാശയോടെ നോക്കിനിൽക്കേണ്ടതായി വന്ന പലതുമുണ്ടായിട്ടുണ്ട്. അതിലൊന്നാണ് ഡിസപഷൻ അയലന്റ്. അവിടെ ഇപ്പോഴും ചില കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ കാണാമത്രേ. ഒരു കാലത്ത് തിമിംഗലവേട്ടയുടെ കേന്ദ്രമായിരുന്നുവത്രെ ഇവിടെ. എന്നാൽ ആ ക്രൂരത ഇവിടെയിപ്പോഴില്ല. എന്നാൽ കാലാവസ്ഥ വ്യതിയാനത്തിന്റെ ലക്ഷണങ്ങൾ ഭീഷണിതന്നെ.

2012 മെയ് 22-ാം തിയ്യതി കോഴിക്കോട് വെച്ച് നടന്ന അന്താരാഷ്ട്ര ജൈവ വൈവിധ്യ ദിനത്തിൽ ഈ വർഷം പ്രത്യേകമാ യി ഇന്ത്യാ മഹാസമുദ്രത്തിലെ ജൈവവൈവിദ്ധ്യനാശത്തിനേ പറ്റിയുള്ള ചർച്ചയായിരുന്നു പ്രതിപാദിച്ചിരുന്നത്.





അന്റാർട്ടിക്കയെന്ന ലോകത്തിലെ ഏറ്റവും തണുപ്പുള്ള മരുഭൂമി

അന്റാർട്ടിക്കയുടെ നല്ലൊരുഭാഗം ഇന്ത്യാ സമുദ്രമായതിനാൽ ഈ സമുദ്രത്തിലേ ജൈവനാശം ഭൂഖാണ്ഡത്തേ വളരെയധികം സ്വാധീനിക്കുന്നുണ്ട്.

സമുദ്രത്തിലേക്ക് കരയിൽ നിന്നും പുറന്തള്ളുന്ന വിസർജ്യപദാർത്ഥങ്ങളും മലിന വസ്തുക്കളുമൊക്കെ ഉൾക്കടലുകളിലും തീരക്കടലുകളിലും സംഭവിക്കുന്ന 75% മലിനീകരണത്തിനും കാരണമാകുന്നു. ബാക്കിയുള്ള മലിനീകരണം ഇന്ത്യാ സമുദ്രത്തിലേ കപ്പലോട്ടം, ആഴക്കടൽ ഖനനം എണ്ണയുൽപ്പാദനം തുടങ്ങിയ വയും അന്റാർട്ടിക്കയെ ബാധിക്കും. വുഡ്സ് ഹോൾ ഓഷനോ ഗ്രാഫിക്ക് ഇൻസ്റ്റിറ്റ്യൂഷൻ ഇപ്പോൾ കടലിലേകാർബൺ സൈക്കിളിനെപറ്റി പഠനം നടത്തുന്നുണ്ട്. ലോകത്തിലെ 90% ഐസും, ഈ ഐസുകാരണം കാണുന്ന 70% ജലവും കാണുന്ന അന്റാർട്ടിക്കയെങ്കിലും മനുഷ്യന്റെ പൂർണ അഭിനിവേശത്തിൽ നിന്നും രക്ഷനേടുമെന്ന് കരുതുന്നു.

## കാർട്ടൂൺ

ഗിരീഷ് മൂഴിപ്പാടം






ലേഖനം



സുകുമാർ കൂർക്കഞ്ചേരി


# അയയ്ക്കാത്ത കത്തും അതിന്ന് പിന്നിലെ മനസ്സും



ഇക്കഴിഞ്ഞ സെപ്റ്റംബർ 24 പുലർച്ചെ അരങ്ങിലും അഭ്രപാളിയിലും അരനൂറ്റാണ്ടുകാലം നിറഞ്ഞുനിന്ന തിലകൻ വിടവാങ്ങിയപ്പോൾ മോഹൻലാൽ പറഞ്ഞു.

ചിലർ ഒരിക്കലും നമ്മളിലേയ്ക്ക് വരില്ല. അവരെ എന്നും അവിടെ ചെന്നു കാണണം. തിലകൻ ചേട്ടൻ അങ്ങനെയായിരുന്നു. ആരുടെ അടുത്തേയ്ക്കും പോയില്ല. ഞാൻ അദ്ദേഹത്തെ അന്വേഷിച്ച് ചെന്ന് ആ വാത്സല്യം പിടിച്ചു പറ്റുകയായിരുന്നു. ആ മനസ്സിൽ എന്നും ഒരു റിബൽ ഉറങ്ങാതെ കിടന്നു. കൂടെ നിൽക്കുന്നവർക്ക് ഊർജ്ജം പകർന്നു നൽകി. എന്നും ഞാൻ അന്വേഷിച്ച് പോകുകയും കാണുകയും ചെയ്ത ഒരാൾ യാത്രയാകുമ്പോൾ വല്ലാത്ത വേദനയാണ്. നമുക്ക് അന്വേഷിച്ച് പോകാൻ ആളില്ലല്ലോ എന്ന വേദന.........

ജീവിതത്തിലുടനീളം പോരാളിയായിരുന്നു തിലകൻ. രണ്ടുമാസം മുമ്പുപോലും രോഗത്തെ കീഴടക്കി ജീവിതത്തിലേക്ക് തിരിച്ചു വന്നതാണ്. വിചാരിച്ചിരിക്കാതെ വീണ്ടും മരണത്തിനു കീഴടങ്ങേണ്ടിവന്നു. 1935ൽ പാലപ്പുറത്തു കേശവന്റെയും ദേവയാനിയുടേയും മകനായി ജനിച്ച സുരേന്ദ്രനാഥ തിലകൻ. 1955ൽ കോളേജ് പഠനം നിർത്തി പിറ്റേ വർഷം വീടു വിട്ടതാണ്. നാടകട്രൂപ്പിൽ ചേരുകയായിരുന്നു ലക്ഷ്യം. കുറച്ചുകാലം പട്ടാളസേവനവും ചെയ്തു. 1971ൽ പി.ജെ.ആന്റണിയെ കണ്ടുമുട്ടി. പിന്നീട് അദ്ദേഹം മരിക്കുന്നതുവരെയും ഒപ്പം നിന്നു.










പി.ജെ.ആന്റണിതന്നെയാണ് സിനിമയിലേക്കുള്ള വഴി തുറന്നുകൊടുത്തതും. 1973ൽ തന്റെ ഒരു കഥ സിനിമ യാക്കിയപ്പോൾ അതിൽ തിലകനെ അഭിനയിപ്പിച്ചില്ലെങ്കിൽ കഥ തരില്ലെന്നായിരുന്നു ആന്റണിയുടെ നിലപാട്. അങ്ങനെ സിനിമയുടെ വാതിലിൽ മുട്ടിവിളിക്കാതെത്തന്നെ സിനിമ തിലകനെ തേടി ഇങ്ങോട്ടുവന്നു. ആ സിനിമയാണ് പെരിയാർ.

1981ൽ ഇറങ്ങിയ കെ.ജി. ജോർജ്ജിന്റെ കോലങ്ങൾ എന്ന ചിത്രത്തിലെ കള്ളുവർക്കിയാണ് കാമ്പുള്ള വേഷങ്ങളിലേക്കുള്ള തിലകന്റെ ആദ്യപടി എന്നു പറയാം. പിന്നീട് യവനിക, ഇരകൾ, ഗമനം, കാട്ടുകുതിര, ജാതകം, ഋതുഭേദം, പെരുന്തച്ചൻ, തനിയാവർത്തനം, സന്താനഗോപാലം, മൂന്നാംപക്കം, കിരീടം, സ്ഫടികം, കിലുക്കം, പരിണയം തുടങ്ങി അഭിനയ പ്രതിഭ തെളിയിച്ച ചിത്രങ്ങൾ നിരവധി. 1988ലെ ഋതുഭേദത്തിലെ അഭിനയം മികച്ച സഹനടനുള്ള ദേശീയപുരസ് കാരം നേടി. 1990 ൽ പെരുന്തച്ചരൻ, 1994ൽ ഗമനം, സന്താനഗോപാലം എന്നീ ചിത്രങ്ങളിലൂടെ മികച്ച നടനുള്ള സംസ്ഥാന അവാർഡ്. മികച്ച രണ്ടാമത്തെ നടനുള്ള സംസ്ഥാന അവാർഡ് ഏഴുതവണ ലഭിച്ചു. 2005 ൽ സമഗ്ര സംഭാവനയ്ക്കുള്ള ഫിലിംഫെയർ അവാർഡ്. 2009ൽ പത്മശ്രീ ബഹുമതി നൽകി രാജ്യം ആദരിച്ചു. ഏറ്റവും ഒടുവിലായി 2011 ൽ ഇന്ത്യൻ റുപ്പിയിലെ അഭിനയത്തിന് മികച്ച സഹനടനുള്ള ഫിലിംഫെയർ അവാർഡ് വീണ്ടും. 2007ൽ ഏകാന്തം എന്ന സിനിമയിലെ പ്രകടനം ദേശീയ അവാർഡ് ജൂറിയുടെ പ്രത്യേക പരാമർശത്തിന് അർഹമായിരുന്നു. പെരുന്തച്ചൻ എന്ന സിനിയിലെ അതുല്യമായ അഭിനയ മികവ് മികച്ച നടനുള്ള ദേശീയ അവാർഡിന് അവസാന നിമിഷം വരെ പരിഗണിക്കപ്പെടുകയുണ്ടായി. എം.ടിയുടെ പെരുന്തച്ചൻ തിലകനിലൂടെ ദേശീയ അവാർഡു വാങ്ങിയതായി വാർത്ത പരക്കുകപോലും ചെയ്തതാണ്. ഒടുവിൽ അറിയിപ്പുവന്നപ്പോൾ അവാർഡ് മറ്റൊരാൾക്കായി. അതിനും മുൻപ് കെ.ജി.ജോർജ്ജിന്റെ ഇരകളും തിലകനെ ദേശീയ ജൂറിയുടെ അവസാന മത്സരം വരെയെത്തിച്ചു. ഒടുവിലായി മധു കൈതപ്രത്തിന്റെ ഏകാന്തത്തിൽ തിലകന്റെ അഭിനയ പ്രതിഭ ബംഗാളിലെ സൗമിത്ര ചാറ്റർജ്ജിയോടാണ് മത്സരിച്ചത്. മുതിർന്ന നടനായ സൗമിത്രയ്ക്കുതന്നെ അത്തവണയും അവാർഡു യോഗം. തില കന്റെ അഭിനയമികവിനെ ദേശീയ ചലച്ചിത്ര ജൂറി പ്രത്യേക പരാമർശത്തിൽ ഒതുക്കി. അങ്ങനെ മലയാളത്തിൽ ആദ്യമായി ദേശീയ അവാർഡു കൊണ്ടുവന്ന പി.ജെ ആന്റണിയെന്ന ഗുരുവിന്റെ ശിഷ്യന് മൂന്നുവട്ടം ഈ അവാർഡ് തലനാരിഴയ്ക്കു നഷ്ടമായി. എന്തായാലും തിലകൻ എന്ന മഹാപ്രതിഭയ്ക്ക് ഇന്ത്യയിലെ മികച്ച നടനുള്ള പുരസ്കാരം മരണംവരെ ലഭിച്ചില്ലെന്നതിൽ നാണിക്കേണ്ടത് അദ്ദേഹമല്ല. ഇന്ത്യൻ സിനിമ തന്നെയാണ്. ഒട്ടാകെ തൊള്ളായിരത്തിലധികം നാടകങ്ങളിലും നാനൂറിലധികം സിനിമകളിലും തിലകന്റെ സാന്നിദ്ധ്യമുണ്ടായി. പ്രധാനമായും എം.ടി യുടെ തിരക്കഥകളിലെ കഥാപാത്രങ്ങളാണ് അപാരസാധ്യതകളുള്ള ആ നടനെ പുറത്തുകൊണ്ടു വന്നത്. ഋതുഭേദം, പഞ്ചാഗ്നി, നഖക്ഷതങ്ങൾ,പരിണയം, സദയം,കടവ്, പെരുന്തച്ചൻ എന്നീ ചിത്രങ്ങൾ ഉദാഹരണമായി പറയാം. സിനിമയിലെ അച്ഛൻ വേഷങ്ങൾ, കയ്യടക്കവും,ആഴവുമുള്ള ഭാവനിയന്ത്രണ സാമർത്ഥ്യം വശമുള്ള തിലകനു വേണ്ടി സൃഷ്ടിക്കപ്പെട്ടതാണെന്ന് തോന്നും പല കഥാപാത്രങ്ങളെയും കണ്ടു മുട്ടുമ്പോൾ. കിരീടത്തിലെ സേതുമാധവനെ അച്ഛൻ തല്ലുമ്പോൾ വേദനിക്കാത്ത വരുണ്ടാവില്ല. വിഖ്യാതമായ ആ സിനിമയിലെ ക്ലൈമാക്സിനെചൊല്ലി സംവിധായകനും തിരക്കഥാകൃത്തും തമ്മിൽ ചർച്ചയുണ്ടായി. അച്ഛൻ പറഞ്ഞാൽ മകനായി അഭിനയിക്കുന്ന മോഹൻലാൽ കത്തി താഴെയിടില്ലേ എന്നു തിലകൻ ചോദിച്ചു. ഉന്മാദത്തിന്റെ വക്കിലായ മകൻ അച്ഛൻ പറഞ്ഞാലും അനുസരിക്കണമെന്നില്ലെന്ന് സംവിധായകൻ



സിബിമലയിൽ. ഇവിടെ തന്റെ കഥാ പാത്രമായ അച്ഛന് കത്തിയേക്കാൾ മൂർച്ചയുള്ള ഒരായുധമുണ്ടെന്ന് തില കൻ. സ്നേഹം എന്നു പറഞ്ഞു ലോഹിതദാസ്. താമസിച്ചില്ല. ആയുസ്സിന്റെ സ്നേഹമത്രയും മുഖത്തും വാക്കി ലും നിറച്ച് നാലുതവണ പറഞ്ഞു തിലകൻ. കത്തി താഴെയിടെടാ മോ നേ – എന്ന്. നാലാം തവണ ആ വാക്കുകൾ ഇങ്ങനെയായിരുന്നു. അച്ഛനാടാ പറയുന്നെ, കത്തി താഴെ യിടടാ...

അപ്പറഞ്ഞത് എഴുതിവെച്ച സ്ക്രിപ്റ്റിലുണ്ടായിരുന്നില്ല. വീണ്ടും ചില വീട്ടുകാര്യങ്ങൾ എന്ന സിനിമയിലെ തിലകൻ അവതരിപ്പിച്ച കൊച്ചുതോമ, മകനെ സ്വന്തം കാലിൽ നിൽക്കാൻ പഠിപ്പിക്കുന്ന പാഠങ്ങൾ ഒരുവേള മറ്റൊരു നടന്റെ കയ്യിലാണെങ്കിൽ ഒട്ടും ഭദ്രമായിരിക്കാൻ ഇടയില്ല. സ്ഫടികത്തിലെ അച്ഛൻ വേഷം സദുദ്ദേശ്യത്തോടെ ചെയ്ത കാര്യങ്ങൾ മകനെ ആടുതോമയാക്കി മാറ്റിയതിന്റെ വേദനയിൽ നീറുന്ന ചാക്കോ മാഷിന്റേതായിരുന്നു. ഭൂഗോള ത്തിന്റെ സ്പന്ദനം പോലും കണക്കിലാണെന്നു പഠിപ്പിച്ച കർശനക്കാരനും പ്രഗത്ഭനുമായ ചാക്കോമാഷ് എന്ന അദ്ധ്യാപകൻ. മകൻ സ്വന്തമായി നിർമ്മിച്ച മാന്ത്രികമണിനിലത്തുവലിച്ചെറിഞ്ഞ് തകർത്ത് അവനെ കല്ലുപ്പിൽ



മുട്ടുകുത്തി നിർത്തിയാണ് മാഷ് ശിക്ഷിക്കുന്നത്. 1994ൽ തൃശ്ശൂരിലെ ചേർപ്പ് സി.എൻ.എൻ സ്കൂളിലായിരുന്നു ചിത്രീകരണം. ലാടം വെച്ച ചെരുപ്പുമിട്ട് ഉച്ചത്തിൽ ശബ്ദമുണ്ടാക്കി സ്കൂൾ വരാന്തയിലൂടെ നടക്കുന്ന തിലകന്റെ ചാക്കോമാഷിനെ ഒരിക്കൽ കണ്ടവരൊന്നും മറക്കാനിടയില്ല.

മക്കളുടെ രാഷ്ട്രീയ ഏറ്റുമുട്ടലിൽ നട്ടം തിരിയുന്ന അച്ഛന്റെ വേഷമായിരുന്നു സന്ദേശത്തിൽ. കഥപോലെത്തന്നെ സമാനതകളില്ലാ ത്തതാണ് പെരുന്തച്ചനിലെ അച്ഛന്റെ പ്രകടനവും. മകന്റെ കഴിവിൽ അസൂയാലുവായി അവനെ ഉളിയെറിഞ്ഞു കൊല്ലുന്ന പിതാവിന്റെ കഥ മാറ്റിപ്പറഞ്ഞ് അവതരിപ്പിച്ച എം.ടിയുടെ കഥാപാത്രം തിലകന്റെ കയ്യിൽ ഭദ്രമായിരുന്നു. പത്മരാജന്റെ നമുക്ക് പാർക്കാൻ മുന്തിരിത്തോപ്പിൽ രണ്ടാനച്ഛന്റെ പ്രകടനം പ്രേക്ഷകരെ നടുക്കുകയും ചെയ്തു.

തിലകൻ ഹൃദ്രോഗത്തിന് ചികിത്സയി ലായിരിക്കുമ്പോഴാണ് കണ്ണെഴുതി പൊട്ടുംതൊട്ട് എന്ന സിനിമയിൽ അഭിനയിക്കാൻ വിളിക്കുന്നത്. വെളുപ്പിന് നാലുമണിക്ക് ലൊക്കേഷനിൽ എത്തണമെന്ന് പറഞ്ഞാലും ഞാൻ വരും എന്ന് തിലകൻ പറഞ്ഞു. പക്ഷേ ഒരു കാര്യം മാത്രം ഉറപ്പുതരണം. ഞാൻ ഇല്ലാത്തപ്പോൾ മഞ്ജു വാര്യരുടെ ഒരു സീൻപോലും എടുക്കാൻ പാടില്ല. ആ കുട്ടി അഭിനയിക്കുന്നത് എനിക്ക് നേരിൽ കാണണം. ചേട്ടൻ വരുമ്പോഴേക്കും ഒന്നോ രണ്ടോ ഷോട്ട് എടുത്ത് വെയ്ക്കുന്നതല്ലേ എളുപ്പം എന്ന് സംവിധായകൻ രാജീവ്കുമാർ ചോദിച്ചു. തിലകന്റെ മറുപടി ഇങ്ങനെയായിരുന്നു. ഡേഞ്ചറസ് ആക്ട്രസ്സ് ആണ് ആ കുട്ടി. അതിന്റെ മുമ്പിൽ നമ്മൾ പരാജയപ്പെടാൻ പാടില്ല. ഞാൻ ഭയപ്പെടുന്ന നടിയാണ് മഞ്ജു. ചില സമയത്ത് നമ്മൾ പ്രതീക്ഷിക്കാത്ത തലങ്ങളിലേക്ക് കയറി അഭിനയിച്ചുകളയും.

ഒപ്പം അഭിനയിക്കുന്നവരെക്കാൾ ഒരു പടി മുമ്പോട്ട് പോകാനായിരുന്നു എന്നും അദ്ദേഹത്തിന്റെ ശ്രമം. ഇതിനായി സഹപ്രവർത്തകരുടെ അഭിനയമുഹൂർത്തങ്ങൾ സശ്രദ്ധം വീക്ഷിക്കുക പതിവായിരുന്നു. സ്വകാര്യമായ ചില നിർബന്ധങ്ങളും അദ്ദേഹം സദാ കൂടെ കൊണ്ടു നടന്നു. തിരക്കഥ നേരത്തേ ലഭിച്ചില്ലെങ്കിൽ വഴക്കുണ്ടാക്കും. അഭിനയിക്കാൻ പോകുന്ന രംഗത്തിന്റെ മുമ്പും പിമ്പും എന്തെന്ന് പറഞ്ഞുകൊടുക്കണം. അഭിനയിക്കുന്ന രംഗം സിനിമയിൽ ഏതുഭാഗത്തുവരുമെന്നും വിശ ദീകരിക്കണം. ഡയലോഗ് പ്രോംപ്റ്റ് ചെയ്യുന്ന രീതി വേണ്ട. ഷൂട്ടിംഗ് സ്ഥ ലത്ത് താമസിക്കാൻ ലഭിക്കുന്ന മുറി മോശമാണെന്നോ, ഷോട്ട് എടുക്കാൻ വൈകിപ്പോയെന്നോ പറഞ്ഞ് പിണങ്ങാറില്ല. സാധാരണ ക്ലോസപ്പ് ഷോട്ട് എടുക്കുമ്പോൾ പോലും തില കന്റെ കൈകൾ മുഖത്തിനൊപ്പം ക യറി വരും. ക്ലോസപ്പിൽപോലും ശരീരം മുഴുവൻ അനക്കിയാണ് അഭിനയിക്കുക എന്നർത്ഥം. സാധാരണ നടീനടന്മാർ മുഖം മാത്രം കാണിക്കുന്ന ക്ലോസപ്പ് ഷോട്ടുകളിൽ കയ്യെടുത്ത് അഭിനയിക്കാറില്ലെന്നും ടി.കെ. രാജീവ്കുമാർ.

ഏതുതരം കഥാപാത്രത്തേയും ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്ന അപാരമായ റേഞ്ചുള്ള നടനായിരുന്നു തിലകനെന്ന് എം.ടി. ശരീരത്തിന്റെ ഓരോ അണുവിലും പൂർണ്ണമായും നടനായിരുന്നു. അഭിനയത്തിലുള്ള സമർപ്പണവും കൃത്യതയും എടുത്തുപറയേണ്ടതു തന്നെയാണെന്നും അദ്ദേഹം.

തിലകന് വേഷമില്ലാത്ത ഒരു ചിത്രത്തെക്കുറിച്ച് തനിക്ക് ആലോചിക്കാനേ കഴിയുമായിരുന്നില്ലെന്ന് കെ.ജി.ജോർജ്ജ്.

താരസംഘടനയായ അമ്മയുമായുള്ള അഭിപ്രായവ്യത്യാസങ്ങളെത്തുടർന്ന് 2010 ഏപ്രിൽ മാസത്തിൽ തിലകൻ അവിടെനിന്നും ആജീവനാന്തം പുറത്താക്കപ്പെടുകയുണ്ടായി. പ്രസ്തുത സംഘടനതന്നെ പിരിച്ചുവിട്ടാലേ സിനിമ നന്നാവൂ എന്നായി തിലകൻ. തുടർന്ന് നിരവധി സിനിമകളിൽ നിന്നും അദ്ദേഹത്തെ ഒഴിവാക്കി. ഡാം 999 എന്ന സിനിമയിൽ നിന്നും ഒഴിവാക്കിയതിന് ഏഴുലക്ഷം രൂപ നഷ്ടപരിഹാരവും വാങ്ങി. തൊഴിൽ നിഷേധത്തിനെതിരെ ലേബർകമ്മീഷണർക്കു പരാതി കൊടുത്തു.നടപടി സ്വീകരിച്ചില്ലെങ്കിൽ മന്ത്രിമന്ദിരത്തിന് മുന്നിൽ സത്യഗ്രഹമിരിക്കുമെന്ന് മുന്നറിയിപ്പു നൽകി. വിവാദങ്ങളും ബഹളങ്ങളും തുടർന്നെങ്കിലും തിലകൻ എന്ന അഭിനേതാവിനെ ഏറെ സ്നേഹബഹുമാനങ്ങളോടെയും മതിപ്പോടെയുമാണ് ഏവരും കണ്ടത്. പിന്നീട് തിലകന്റെ പ്രോജ്ജ്വലമായ ര

ണ്ടാം വരവിന് കാരണമായതും ഈ സ്നേഹബഹുമാനങ്ങൾ തന്നെയാവാം. സിനിമകളിൽ നിന്ന് മാറ്റിനിർ ത്തിയപ്പോഴും സ്വന്തം നിലപാടുക ളിൽ നിന്നും അണുവിട വ്യതിചലി ക്കാൻ കൂട്ടാക്കിയിരുന്നില്ല അദ്ദേഹം. അമ്മയുമായി കലഹിച്ച നാളുകളിൽ സുകുമാർ അഴീക്കോട് തിലകനു പിന്തുണയുമായി രംഗത്തു വരികയു ണ്ടായി. നന്ദി സൂചകമായി അഴീ ക്കോടിന്റെ ഭവനം സന്ദർശിക്കാനും തിലകൻ സമയം കണ്ടെത്തി. മലയാള സിനിമയുടെ അവിഭാജ്യ ഘടകമായ തിലകനെ ആർക്കും മാറ്റി നിർത്താനാവില്ലെന്നായിരുന്നു അഴീക്കോടിന്റെ പ്രഖ്യാപനം. അങ്ങയെപ്പോലൊരാൾ ഒപ്പമുള്ള പ്പോൾ ഹിമാലയം ഇളകിവന്നാലും കുലുങ്ങില്ലെന്ന് തിലകനും പ്രതികരിച്ചു. തന്നെക്കാൾ പതിനെട്ട് വയസ്സ് മാത്രം പ്രായക്കൂടുതലുണ്ടാ യിരുന്ന സ്വന്തം അമ്മയോട് പിണ ങ്ങി നാലു പതിറ്റാണ്ടോളം ആ അമ്മയെ കാണാതെ യും അവരോട് മിണ്ടാതെയും ഇരുന്നിട്ടുണ്ട് തിലകൻ. അഭിനയിക്കാൻ പോയതിലെ അഭിപ്രായവ്യത്യാസ ങ്ങളായിരുന്നു കാരണം. അഭിനയമെന്ന വിഷയത്തിൽ തന്നെ പിന്നീട് മറ്റൊരമ്മയായ താരസംഘടനയോടും കലഹിക്കേണ്ടി വന്നു. അസാധാരണമായ മനഃശ്ശക്തി എന്നും കൂട്ടിനുണ്ടായിരുന്നു. ഏറെ വർഷങ്ങൾ ശരീര ത്തിന്റെ അവശതകൾ മറികടന്നാണ് അഭിനയിച്ചതും ജീവിച്ചതും. വഴക്കുകൂടി കൊതിതീരാത്ത മുതിർന്ന കുട്ടിയായിരുന്നു തിലകനെന്ന് മനോരമ. അതുപക്ഷേ കാപട്യമില്ലാത്ത പച്ചമനുഷ്യന്റെ പെരുമാറ്റമായിരുന്നു. ഒരു സത്യം ചൂണ്ടിക്കാണിച്ചാൽ അംഗീകരിക്കാനും മടിയില്ലായിരുന്നു. സ്നേഹബഹുമാനങ്ങൾക്കു മുന്നി ൽ മാത്രമാണ് ആ മഹാനടന്റെ കണ്ണുനിറഞ്ഞത്. കൂട്ടം ചേർന്ന് ഒറ്റപ്പെടുത്താൻ മാത്രം താനത്രയ്ക്ക് കൊള്ള രുതാത്തവനാണോ എന്ന് അഴീക്കോടിനോട് ചോദി ക്കുമ്പോൾ ആ കണ്ഠമിടറിയിരുന്നു. സ്വകാര്യ സന്ദർ ശനത്തിനിടെ കാലിടറിവീഴാൻ പോയപ്പോൾ അഴീ ക്കോട് തിലകനെ ചേർത്തു പിടിച്ചു രക്ഷിച്ചുവെന്നും ദൃക്സാക്ഷികൾ.

ക്യാമറയ്ക്കു മുന്നിലുള്ള തിലകനും പിന്നിലുള്ള തിലകനും രണ്ടാണെന്നും, അമ്പലപ്പറമ്പുകളിലെ വേദികളിൽ അദ്ദേഹത്തിന്റെ അഭിനയം കാണാൻ വേണ്ടി മാത്രം താൻ അലഞ്ഞുനടന്നിട്ടുണ്ടെന്നും നെടുമുടിവേണു. സ്റ്റേജിൽ നിന്നും വന്ന് അതുപോലെ ത്തന്നെ സ്ക്രീനിലും തിളങ്ങിയ ഒരു നടനേ മലയാള ത്തിലുള്ളൂ എന്നും, തിലകനെപ്പോലെ മറ്റൊരാളും തന്നെ വിസ്മയിപ്പിച്ചിട്ടില്ലെന്നും നെടുമുടി. സ്റ്റേജിൽ വലിയ വാശിക്കാരനും തന്റേടിയുമൊക്കെയാണെ ങ്കിലും അഭിനയം കഴിഞ്ഞാൽ നാടകത്തിന്റെ സെറ്റു കൾ അഴിക്കാൻ വരെ സഹായിക്കുന്ന സൗമ്യനായ സഹപ്രവർത്തകനെയും തിലകനിൽ കാണാമായിരു ന്നു. ഒരിക്കൽ ഒരു നാടകത്തിൽ പ്രധാന നടനായി അഭിനയിക്കവേ പ്രേക്ഷകരുടെ അച്ചടക്കമില്ലായ്മ കണ്ട് വിളിച്ചു പറഞ്ഞു.

കർട്ടൻ താഴെയിടെടോ. ആളുകൾക്കു വേണ്ടെങ്കിൽ പിന്നെ എന്തിനായിത്!

പിന്നെ നാടകം ഇടയ്ക്കുവെച്ച് നിർത്തി ഇറങ്ങി പ്പോരികയായിരുന്നു.

സിനിമയിലെ ഇടവേളയ്ക്കുശേഷം രഞ്ജിത്തിന്റെ ഇന്ത്യൻ റുപ്പിയിലും അൻവർ റഷീദിന്റെ ഉസ്താദ് ഹോട്ടലിലും ശക്തമായ കഥാപാത്രങ്ങളിലൂടെ വീ ണ്ടും തിരിച്ചുവരവു നടത്തി. ഉസ്താദ് ഹോട്ടലിന്റെ പൂജയുടെ സമയത്ത് ദുൽഖർ സൽമാൻ , സാർ എന്നു രണ്ടുതവണ വിളിച്ചപ്പോൾ അയാളെ അടുത്തേയ്ക്ക് വിളിച്ചു തോളിൽ പിടിച്ചുകൊണ്ടു പറഞ്ഞു.

ഇവിടെ ആരും സാറല്ല. നീ അങ്കിൾ എന്നു വിളിച്ചോ.

അടുത്തുചേർത്തു നിർത്തുമ്പോൾ ഇത്ര കൂടുതൽ സ്നേഹവും കരുതലും തോന്നുന്ന ആളുകളെ അധി കം കണ്ടിട്ടില്ലെന്നും കൂടെ അഭിനയിക്കാൻ കഴിഞ്ഞത് എന്റെ ഭാഗ്യവും ബാപ്പയുടെ (മമ്മൂട്ടിയുടെ) സൽക്കർമ്മങ്ങളുടെ ഫലവുമായി കരുതുന്നുവെന്നും ദുൽഖർ സൽമാൻ.

അഭിനയകലയെക്കുറിച്ചുള്ള ആധികാരികമായ ഒരു പുസ്തകം താൻ എഴുതിവരികയാണെന്ന് തിലകൻ ഒരിക്കൽ ചെറിയാൻ കല്പകവാടിയോട് പറഞ്ഞി രുന്നു. അഭിനയത്തിന്റെ നിഘണ്ടുവായിരുന്ന തിലക നിൽ നിന്നും മലയാളിക്ക് ലഭിക്കുമായിരുന്ന വലിയൊ രു പാഠപുസ്തകമാണു നഷ്ടമായത്. എം.ജി. ശ്രീകു മാറും അനുകൂലമാക്കുന്ന അർദ്ധനാരി എന്ന ചിത്രത്തി ൽ ഹിജഡകളുടെ തലവനായി എത്തുന്ന തിലകൻ ഇനി മരണത്തിനുശേഷവും പ്രേക്ഷകരെ വിസ്മയിപ്പിച്ചേ ക്കാം. തിലകന്റെ മനസ്സിലെ ഏറ്റവും മിഴിവുള്ള രൂപം പി.ജെ. ആന്റണിയുടേതായിരുന്നു. എന്നെങ്കിലും ജീവിതത്തോട് വിടപറയുമ്പോൾ ജോൺ എബ്രഹാമും, പി.ജെ.ആന്റണിയുമൊക്കെ ഇവിടെനിന്നും പോയല്ലോ എന്നൊരാശ്വാസമാണ് തനിയ്ക്കുണ്ടാവുക എന്നും ഒരിക്കൽ അദ്ദേഹം മനസ്സുതുറന്നിരുന്നു.

മമ്മൂട്ടിയുമായുള്ള സൗഹൃദത്തിന്റെ നാളുകളിൽ ഒരിക്കൽ ഇനിയും മദ്യപിച്ചാൽ ഞാൻ നിങ്ങളെ തല്ലി ക്കൊല്ലുമെന്ന് മമ്മൂട്ടി തിലകനോടു പറയുകയുണ്ടായി. നല്ല ഉദ്ദേശ്യത്തോടെയാണ് അങ്ങനെ പറഞ്ഞതെങ്കിലും തിലകന് അത് വലിയ മനോവിഷമത്തിന് ഇടയാക്കി യിരിക്കണം. സ്വന്തം മകനായി കരുതുന്ന ഒരാളുടെ കൈ കൊണ്ട് മരിക്കുന്നതിൽ സന്തോഷമേയുള്ളൂ എന്നാണ് തിലകൻ മറുപടി പറഞ്ഞത്. അന്നു രാത്രി മമ്മൂട്ടി തിലക നെ ഫോണിൽ വിളിച്ച് തന്റെ ഭാഗത്തുനിന്നും തെറ്റുപറ്റി യോ എന്നും തന്നോടു വിഷമമുണ്ടോ എന്നും ചോദിച്ചു. മമ്മൂട്ടിയ്ക്ക് താനൊരു കത്ത് എഴുതിവെച്ചിട്ടുണ്ടെന്നായി രുന്നു അപ്പോഴത്തെ മറുപടി. ദയവുചെയ്ത് ആ കത്ത് തനിയ്ക്കയച്ചുപോകരുതെന്ന് മമ്മൂട്ടി അപേക്ഷിച്ചു.

തിലകൻ ആ കത്ത് അയച്ചില്ല. ഒരു പക്ഷേ കത്തു കിട്ടുമ്പോൾ മമ്മൂട്ടിക്ക് സങ്കടമാകും എന്നുള്ളതുകൊ ണ്ടാവാം. അത്രയ്ക്ക് അടുപ്പമായിരുന്നു അവർ തമ്മിൽ. ഏതായാലും അയക്കാത്ത ആ കത്ത് ആർക്കും പിടി കൊടുക്കാത്ത തിലകന്റെ മനസ്സ് തന്നെയാവാം. അഥവാ കത്തയയ്ക്കാത്തതിന് പിന്നിൽ ആരെയും വേദനിപ്പി ക്കാൻ ഇഷ്ടപ്പെടാത്ത സഹജാവ ബോധവുമാകാം.

**നക്ഷത്രരാജ്യം മാസിക**
കഥകൾ, ലേഖനങ്ങൾ, കവിതകൾ, കാർട്ടൂണുകൾ
ക്ഷണിക്കുന്നു
**Managing Editor**
**NAKSHATHRA RAJYAM,** P.B. No. 1205, Mankave P.O., Kozhikode - 7
Kerala, India., **Mob:9744233997, 9847649567**
**email: nakshathrarajyam@gmail.com**

# രാജവീഥി



# സോക്കർസിറ്റിയിൽ ഇന്ത്യൻ പതാക

ഭാസിമലാപറമ്പ്

2010 ജൂലൈ 11 വൈകുന്നേരം. പത്തൊമ്പതാം ലോകകപ്പ് ഫുട്ബോൾ ഫൈനലിന്റെ കിക്കോഫിന്ന് കുറച്ചു സമയമേയുള്ളു. ജോപിന്നസ്ബർഗ്ഗിൽ സൊവേറ്റോയിലെ സോക്കർസിറ്റി സ്റ്റേഡിയംമീഡിയാസെന്ററിൽ പ്രതീക്ഷിയോടെ കാത്തിരുന്ന മൊബൈൽകോൾ കിട്ടിയപ്പോൾ ഇന്റർനെറ്റിൽ കോട്ടയത്തേക്ക് അയച്ചുകൊണ്ടിരുന്ന സ്റ്റോറികൾക്ക് ഫൈനൽവിസിലൂതി, ലാപ്ടോപും ഹാന്റ്ബാഗും കയ്യിലെടുത്ത് സ്റ്റേഡിയത്തിലേക്കുകുതിച്ചു.

മീഡിയാസെന്റർ വളരെ വലുതാണ്. കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം അഞ്ചുലക്ഷം ചതുരശ്ര അടി. വാർത്താവിനിമയത്തിന് എല്ലാ സജ്ജീകരണങ്ങളുമുണ്ട്. രണ്ടായിരത്തിലധികം മീഡിയക്കാർക്ക് ഒന്നിച്ച് ജോലിചെയ്യാം.

സെന്ററിലെ ടിക്കറ്റ് കൗണ്ടറിൽനിന്ന് രാവിലെ ഒമ്പതുമണിക്ക് മീഡിയക്കാർക്ക് മാച്ച്ടിക്കറ്റ് നൽകി തുടങ്ങിയിരുന്നു. റിപ്പോർട്ടർമാരും ഫോട്ടോഗ്രാഫർമാരും ടെലിവിഷൻ പ്രവർത്തകരുമായി പന്ത്രണ്ടായിരത്തോളം മീഡിയക്കാർക്ക് അക്രഡിറ്റേഷനുണ്ട്. ഓരോ സ്റ്റേഡിയത്തിലേയും മീഡിയാട്രിബ്യൂൺ സീറ്റിനനുസരിച്ചാണ് മീഡിയക്കാർക്ക് പ്രവേശനം. മത്സരിക്കുന്ന ടീമുകളുടെ രാജ്യക്കാർക്കും ഫിഫ നേരിട്ട് അക്രഡിറ്റേഷൻ നൽകു ന്ന ഫ്രീലാൻസർമാർക്കും മുൻഗണനയുമുണ്ട്. ഫിഫാ ഫ്രീലാൻസർ എന്ന നിലയിൽ ഫൈനൽമാച്ച് ടിക്കറ്റ് അനുവദിച്ച ഇ-മെയിൽ തലേന്നാൾ തന്നെ ലഭിച്ചിരുന്നു. മാച്ച്ടിക്കറ്റ് നേരത്തെ കൈപ്പറ്റണമെന്ന ഉദ്ദേശത്തോടെ രാവിലെ മീഡിയാസെന്ററിലേക്ക് പുറപ്പെടുകയായിരുന്നു. ലോകകപ്പ് ആരംഭിച്ചത് ജൂൺ 11നാണ്, ജൂൺ 10ന് തന്നെ ജോബർഗ്ഗിലെത്തിയതാണ്, സൗത്ത് ഗേറ്റിലെ ഫോർമുല വൺ മീഡിയാ ഹോട്ടലിലാണ് അക്കോമഡേഷൻ കമ്മിറ്റി മുഖേന താമസമേർപ്പാട് ചെയ്തത്. മീഡിയാസെന്ററിലേക്കും തിരിച്ചും ഹോട്ടലിൽനിന്ന് മീഡിയാവാഹനമുണ്ട്, രാവിലെ എട്ടുമണിക്ക് ആദ്യട്രിപ്പ്. ജോബർഗ്ഗിൽ തന്നെയുള്ള എല്ലിസ്പാക്ക് സ്റ്റേഡിയത്തിലെ മറ്റു നഗരങ്ങളിലോ കവറേജിന്ന് യാത്രയില്ലെങ്കിൽ ആദ്യട്രിപ്പിൽ സോക്കർസിറ്റി മീഡിയാസെന്ററിൽ എത്തുന്നത് പതിവാക്കിയിരുന്നു.

ഫൈനലിന്നും രാവിലെ എട്ടുമണിക്ക് ഡ്രൈവ ർ മിസ്



ഐ.എം. വിജയൻ ലേഖകനൊപ്പം സോക്കർസിറ്റി സ്റ്റേഡിയത്തിനു മുമ്പിൽ

അനീറ്റയുടെ സമീപം മുൻസീറ്റിൽ സ്ഥലം പിടിച്ചു. ഹൈവേയിൽ കനത്ത വാഹനത്തിരക്കുണ്ടായിരുന്നു. കഴിഞ്ഞ രണ്ടു ദിവസങ്ങളിൽ ജോബർഗ്ഗിലേക്ക് വിമാനങ്ങൾ വർദ്ധിച്ചതായും റിപ്പോർട്ടുകളുണ്ട്. എന്തായാലും, മീഡിയാ സെന്ററിലെത്തുവാൻ പതിവുള്ള മുപ്പത്തഞ്ചു മിനുട്ടിനു പകരം ഒരു മണിക്കൂർ സമയം വേണ്ടിവന്നു.

സെന്ററിൽ പ്രവേശിച്ചപ്പോൾ തന്നെ കൗണ്ടറിലെ ക്യൂവിൽനിന്ന് മീഡിയാമാച്ച് ടിക്കറ്റ് സമ്പാദിച്ചു. പിന്നീട് മത്സര റിപ്പോർട്ടിന് ചില കർട്ടൻറെയ്സറുകൾ അയക്കുവാൻ കമ്പ്യൂട്ടറിന്നു മുന്നിലിരുന്നു. സ്റ്റേഡിയത്തിലേക്ക് പുറപ്പെടേണ്ട സമയത്താണ് തലേന്നാൾ പറഞ്ഞ പ്രകാരമുള്ള മൊബൈൽകോൾ എത്തിയില്ലെന്ന് ഓർമ്മയിലെത്തിയത്. അങ്ങോട്ടുവിളിക്കാനാ യിഫോൺ കയ്യിലെടുക്കുമ്പോൾതന്നെ പെട്ടെന്ന് കാ ത്തിരുന്ന കോൾ എത്തി-ഇന്ത്യൻ ഫുട്ബോളിന്റെ കറുത്ത മുത്ത് ഐ. എം.വിജയൻ!

വിജയൻ തലേദിവസമാണ് ജോഹന്നാസ് ബർഗ്ഗിൽ




ഇന്ത്യൻ പതാക വീശുന്ന ഗോപുനന്തിലത്തും കൂട്ടരും ഐ.എം. വിജയനൊപ്പം

എത്തിയത്. 2002 ൽ ജപാനിലും 2006 ൽ ജർമ്മനിയിലും ഫൈനൽ കാണാൻ വിജയനുണ്ടായിരുന്നു. നന്തിലത്ത് ജി മാർട്ട് ചെയർമാൻ ഗോപുനന്തിലത്തും ഗോപുവിന്റെ മകൻ അർജ്ജുനും ഗോപുവിന്റെ രണ്ടു സുഹൃത്തുക്കളും വിജയനൊപ്പം ജോബർഗ്ഗിലെത്തിയിട്ടുണ്ട്. വിമാനമിറങ്ങിയപ്പോൾതന്നെ വിജയൻ ബന്ധപ്പെട്ടിരുന്നു. സ്റ്റേഡിയം മെയിൻഗേറ്റിന്നു മുന്നിൽവെച്ച് കിക്കോഫിന്നു ഒരു മണിക്കൂർമുമ്പ് സന്ധിക്കാമെന്ന് തീരുമാനിച്ചതങ്ങിനെയാണ്.

സ്റ്റേഡിയത്തിന്റെ പടിഞ്ഞാറു ഭാഗത്താണ് മീഡിയാ സെന്റർ, സ്റ്റേഡിയത്തിന്നും മീഡിയാസെന്ററിന്നും മധ്യേയുള്ള കൊച്ചു റോഡ് മുറിച്ചുകടന്നാൽ സ്റ്റേഡിയത്തിന്റെ പ്രധാന ഗേറ്റായി. ഗേറ്റിന്നുമുന്നിൽ നിന്നുകൊണ്ട് നോക്കുമ്പോൾ സോക്കർസിറ്റി അതിമനോഹരമായ കാഴ്ചയാണ്. രാജ്യത്തിന്റെ പൈതൃക പാനപാത്രമായ 'കാലാബാഷിന്റെ' രൂപത്തിലാണ് സ്റ്റേഡിയം; വിശാലമായ സ്ഥല ത്ത് ബ്രൗൺനിറത്തിൽ വലിയൊരു ചായക്കോപ്പ കമിഴ്ത്തിവെച്ച പ്രതീതി!

പ്രധാന ഗേറ്റ് വഴി സ്റ്റേഡിയം അങ്കണത്തിൽ എത്തിയപ്പോൾ മുന്നിൽനിൽക്കുന്നു വിജയനും സുഹൃത്തുക്കളും! മീഡിയക്കാർക്ക് സ്റ്റേഡിയം മീഡിയാ ട്രിബ്യൂണിലേക്കുള്ള പ്രവേശന കവാടത്തിന്ന് തൊട്ടടുത്താണ് വിജയന്നുള്ള എൻട്രൻസ് ഗേറ്റ്. നേരിൽ കണ്ടപ്പോൾ വിജയൻ പ്രതീക്ഷാത്ത ഒരു പൊടിക്കൈപ്രയോഗിച്ചു. പെട്ടെന്ന് ഒരു പതാകയുയർത്തി വീശി ഇന്ത്യൻ നാഷണൽ ഫ്‌ളാഗ്.

തെരുവോരങ്ങളിലും വാഹനങ്ങളിലും സ്റ്റേഡിയം ഗാലറികളിലും ആരാധകരുടെ പതാക വീശൽ ലോകഫുട്ബോൾ വേദികളിൽ പതിവാണ്. സ്റ്റേഡിയത്തിനു സമീപത്തെ തെരുവിഥികളിലും കാണികളുടെ വാഹനങ്ങളിലും ഫൈനൽ കളിക്കുന്ന സ്പെയിൻ, ഹോളണ്ട് ടീമുകളുടെ പതാകകൾ കണ്ടപ്പോൾ ജന്മനാടിനോടുള്ള അടക്കാനാവാത്ത ആവേശം വിജയനേയും കൂട്ടുകാരെയും ത്രിവർണ്ണ പതാക വീശുന്നതിലേക്ക് എത്തിക്കുകയായിരുന്നു. ഇത് മുൻകൂട്ടി ആലോചിച്ചുകൊണ്ട് വിജയൻ പതാക കയ്യിൽ സൂക്ഷിക്കുകയും ചെയ്തു. സ്റ്റേഡിയത്തിനു മുന്നിൽ പെട്ടെന്നുണ്ടായ കാഴ്ചയിൽ ഹൃദയം വല്ലാതെ കോരിത്തരിച്ചു. സ്വയമറിയാതെ കൈകളുയർത്തി വിജയന്റെ നേരെ നടക്കുമ്പോൾ കൂടുതൽ ഉയരത്തിൽ പതാക വീശിക്കൊണ്ട് വിജയൻ ആർത്തു വിളിച്ചു.

ഇന്ത്യ....ഇന്ത്യ....


അപ്പോൾ മനസേറ്റുപറഞ്ഞു

ഇന്ത്യ....ഇന്ത്യ....


ആദ്യമായി ലോകകപ്പ് മത്സരം കവർചെയ്ത സായാ ഹ്നം അപ്പോൾ മനോമുകുരത്തിലെത്തി പതിനാറു ടീമുകളുടെ ലോകകപ്പ് ഇരുപത്തിനാലു ടീമുകൾക്കുവേണ്ടി ശൂന്യമായ വിതിൽ തുറന്ന സ്പെയിൻ82ൽ മഡ്രീസിലെ സാന്റിയാഗോ ബെർണാബു സ്റ്റേഡിയത്തിലെ മൂന്നു ടീമുകളുടെ രണ്ടാംഘട്ട ക്വാർട്ടർ ഫൈനൽ ലീഗിൽ ഇംഗ്ലണ്ടും പശ്ചിമ ജർമ്മനിയും എറ്റുമുട്ടിയ 1982 ജൂൺ 29! കിക്കോഫിന്റെ മുമ്പായി ടീമുകളുടെ ദേശീയഗാനാലാപന സമയത്ത് എഴുന്നേറ്റുനിന്നപ്പോൾ മനസ്സലിയുന്ന വികാരവിക്ഷോഭം! ലോകകപ്പ് ഫുട്ബോളിൽ ഇന്ത്യൻ ദേശീയഗാനം എപ്പോൾ എന്ന വൈകാരികമായി ചോദ്യം ഹൃദയത്തിൽ ഉയർന്ന സായാഹ്നം! സ്റ്റേഡിയത്തിലേക്കു പോകുന്ന മീഡിയ വി.ഐ.പി. ടിക്കറ്റുകൾ ഇന്ത്യൻ പതാകയേന്തി ആഹ്ലാദത്തോടെ കൈവീശുന്ന വിജയനേയും കൂട്ടുകാരെയും കൗതുകത്തോടെ നോക്കിനിന്നു ആവേശത്തോടെ വിജയനു നേരെ നടന്നടുക്കുമ്പോൾ ആ കാഴ്ചക്കാർക്കിടയിൽ നിന്ന രണ്ടു പരിചിതമുഖങ്ങൾ ഇങ്ങോട്ടു ചിരിതൂകി.

തുടരും

ലേഖനം



# പാർശ്വ ഫലങ്ങൾ



മനോജ്

ഭരണകൂടത്തിന്റെ ക്രിയാപദ്ധതികൾ ഒരിക്കലും അവസ്ഥയെ മാറ്റിപണിയാൻ ആഗ്രഹിക്കുന്നില്ല. ഭരണകൂടം നിലനിൽക്കുന്നവയെ കാത്തുരക്ഷിക്കുകയാണ്. സംവിധാന ക്രമങ്ങളെല്ലാം അടിച്ചേൽപിക്കലുകളായി മുകളിൽ നിന്ന് ചുവട്ടിലേയ്ക്ക് ഇറങ്ങുന്നു. ആൾക്കൂട്ടത്തിന്റെ വക്താക്കളായി വാക്കിറക്കുമ്പോൾ താല്പര്യങ്ങളെല്ലാം എണ്ണം വെയ്ക്കാവുന്ന വിരലുകളുടെ ആസ്തി പെരുക്കങ്ങളിലാണ് കേന്ദ്രീകരിക്കുന്നത്. അവരാകട്ടെ പങ്കാളികളുടെ അടിമത്തത്തോടെ അവസ്ഥയെ രക്ഷിക്കുന്ന ഭരണസംവിധാനത്തെ ഉണ്ടാക്കിയെടുക്കുന്നു. വ്യവഹാര രാഷ്ട്രീയവും വിദ്യാഭ്യാസവും ധൈഷണിക വിതാനങ്ങളും സർഗ്ഗാത്മകതപോലും മുൻചിട്ടപ്പെടുത്തലുകൾക്ക് അടിപ്പെട്ട് വികസിക്കുകയാണ്. തിരിച്ചറിവില്ലാത്തവന്റെ നേത്രപടലങ്ങൾ അബദ്ധധാരണകളെ പാകുക സ്വാഭാവികവുമാണല്ലോ? കോളനി അടിമത്തത്തിന്റെ രാഷ്ട്രീയ വ്യവഹാരം ദല്ലാൾ ഭരണക്രമം ആകുന്നെങ്കിലും ധൈഷണിക കാഴ്ചകളെയാണ് അത് കൂടുതലായി ആക്രമിച്ചത്. വസ്തുവ്യവഹാരങ്ങളിലെല്ലാം തന്നെ ഇറക്കുമതിചരക്കുകളുടെ മികവുകളെ കണ്ടെത്താൻ അടിമത്തത്തിന്റെ കാഴ്ചകൾ ശീലിച്ചുകഴിഞ്ഞു. സംഘനീതിയുടെ പുനർവ്യാഖ്യാനങ്ങളും പാഠങ്ങളും ഇറക്കുമതിച്ചരക്കുകളുടെ പിൻബലത്തിൽ വേരുതേടുകയാണ്. ബാലിശമായ അത്തരം ശ്രമങ്ങൾ ഒരിക്കലും പഴമണ്ണിൽ വേരോടുകയില്ല. പാഠ്യക്രമങ്ങൾ കാലത്തെ മൂന്നായി വിഭജിക്കുന്നു. ഭാവി ഭൂത വർത്തമാന കാലങ്ങൾ ഇത് ചരിത്രത്തിന്റെയും വാസ്തവികതയുടെയും കാലമാണ്. വ്യക്തിത്വ വികാസത്തിന്റെയും കെട്ടുചീയലിന്റെയും കാലമാണ്. ഭൂമിയുടെ ഉൽപത്തിയുടെയും വൃദ്ധിഷയങ്ങളുടെയും കാലമാണ്. വിത്തിന്റേയും വിളവാകലിന്റെയും വൃക്ഷ നാശത്തിന്റെയും കാലമാണ്. മനുഷ്യരുടെയും ജന്തുക്കളുടെയും ജനനമരണങ്ങളുടെയും കാലമാണ്.വളർച്ച പെരുക്കങ്ങളെല്ലാം കെട്ടുചീയലിലേക്കെത്തുമ്പോൾ പിൻതോട്ടത്തിൽ ഒന്നും അവശേഷിക്കുന്നില്ല. വേർപാടിനും നാശത്തിനും തുടർച്ചകളായി ജീവസന്ധാരണത്തിന്റേയും വംശവൃദ്ധിയുടെയും നിലപാടുകളുണ്ട്. പ്രാണികൾ എന്നല്ല പാറക്കെട്ടുകൾ വരെ നാശത്തെ അഭിമുഖീകരിക്കുകയാണ്.

പഠന പുസ്തകങ്ങളിൽ നിന്ന് വേറിട്ടും പഴകി പതിഞ്ഞ ചിന്തകളിൽ നിന്ന് വിട്ടുമാറിയും നമുക്ക് കാലത്തെ സമീപിക്കാം. സർവ്വനാശത്തിന്റെ മുൻതൂക്കത്തിനെ ജഡകാലമെന്നു വിളിക്കാം. വൃദ്ധിക്ഷയങ്ങളുടെ നടപ്പുനടപടികളിൽ നിന്ന് ചിതൽപ്പുറ്റുകൾക്കുപോലും രക്ഷപ്പെടാനാകില്ല. പരിപാലനത്തിന്റെ നീതിക്രമങ്ങൾ മാത്രമാണ് ജഡകാലത്തിൽ നിലനിൽക്കുന്നത്. വന്നുപോകുന്നവന്റെ കെട്ടിയിരിപ്പുകളെല്ലാം ജഡകാലത്തിൽ ഇല്ലാതാവുകയാണ്. ജഡകാലത്തിന്റെ അധീനശക്തി മനുഷ്യരിലും മൃഗചേതനയിലും വെറും നിലനിൽപിന്റെ ന്യായവാദങ്ങളാകുന്നു. അവന്റെ ഇച്ഛകളെപ്പോലും കാലത്തിന്റെ നിശ്ചയങ്ങൾ പാകപ്പെടുത്തി പ്രയോഗത്തിൽ വരുത്തുന്നതാണ്.

കെട്ടുചീയലിന്റെ വർത്തമാന കാലത്തിനപ്പുറം ദൃശ്യപ്പൊലിമയിലൊതുങ്ങാത്ത മറ്റൊരു കാലവുമുണ്ട്. അതാണ് ജൈവകാലം. അസാധാരണ സിദ്ധികളെ ഉൾക്കൊള്ളുന്ന ജൈവകാലം മറ്റുള്ളവരിലേക്ക് പൊടുന്നനെ കടന്നുവരുന്നില്ല. എന്നാൽ രഹസ്യാത്മകമായി മനുഷ്യജന്മങ്ങളെയെല്ലാം ജൈവകാലം നിയന്ത്രിച്ചു നയിക്കുന്നു. ജഡകാലത്തെ നിഷേധിച്ചവനു മാത്രമെ ജൈവകാലത്തിലേക്ക് പ്രവേശിക്കാനാകൂ. സ്വാർത്ഥഭരിതമായ മനസ്സുകൾ ജഡകാലത്തിന്റെ കെട്ടുചീയലിൽ അകപ്പെട്ട് ഇല്ലാതാകുന്നു. ജൈവകാലം ധൈഷണിക കാലമാണ്. സർഗാത്മകതയുടെ ലോകം പുത്തൻ കണ്ടെത്തലുകളും ചിന്തയും വാക്കുകളുടെ വെളിപാടുകളും ഇവിടെയാണ് വിരിയുക. വാരിക്കൂട്ടാൻ ബന്ധപ്പെടാത്ത മനസ്സുകൾ ജൈവകാലത്തിന്റെ പ്രവാഹത്തിലേക്ക് ഉൾച്ചേർന്ന് തന്റെ സ്ഥാനം കണ്ടെത്തുന്നു. അത് ക്രമനിയമം പോലെ വികസിക്കുന്ന പരമ്പരകളുടെ ഇണക്കു കണ്ണികളാണ്. ഒന്നിൽ നിന്ന് വേറിട്ടുകൊണ്ട് നിലനിൽക്കാൻ ജൈവകാലത്തിലെത്തിയ ആർക്കും കഴിയില്ല. ശാസ്ത്രത്തിന്റെയും ദാർശനികതയുടെയും സാഹിത്യത്തിന്റെയും വിതാനങ്ങൾ ജൈവകാലത്തിന്റെ സൂചകങ്ങളാണ്. അവസ്ഥയെ നിഷേധിച്ചവരും മാറ്റിപണിയാൻ വെമ്പിയവരും ചിന്താ സ്പുലിംഗം ഉയർത്തിയവരുമാണ് ജൈവകാലത്തിലേക്ക് പ്രവേശിക്കുക. മറ്റെല്ലാം കെട്ടുചീയലിന്റെ നീതി മുഖങ്ങളോടെ വേർപിരിയുന്നു.

ജഡജൈവകാലങ്ങളെ മുഴുവൻ മഹാകാലം ഉൾക്കൊള്ളുന്നു. മഹാകാലത്തിനുപോലും അന്തമുണ്ട്. ഭൂമിയുടെ ഇഴച്ചാർത്തുകൾ വേർപിരിയുമ്പോഴും മനുഷ്യസ്പർഷം ഭൂമുഖത്തു നിന്ന് അന്യമാകുമ്പോഴും മഹാകാലം അവസാനിക്കുന്നു.

പാഠ്യക്രമങ്ങളുടെ ശീലുകൾ വർത്തമാനകാലത്തിലൂന്നുമ്പോൾ ജൈവകാലത്തിലേക്കുള്ള പ്രവേശനമാണ് ഇല്ലാതാകുന്നത്. ചിന്താധന്യതകളും മാറ്റം വെയ്ക്കലുകളും അവസ്ഥയെ പരിരക്ഷിച്ചവരുടേതല്ല. വാക്കിന്റെയും കർമ്മത്തിന്റെയും കൂട്ടായ്മകളുടെ പരിശുദ്ധിയാണ് ജൈവകാലത്തിലേക്കുള്ള ഒന്നാം ചുവടുവെപ്പ്. വാരിക്കൂട്ടുന്നവനും കരുതിക്കൂട്ടുന്നവനും കാട്ടിക്കൂട്ടുന്നവനും കെട്ടുചീയലിന് അടിപ്പെട്ട് ജഡകാലത്തിൽ അടങ്ങുന്ന ജീവിതത്തിന്റെ നീതിരേഖകൾ തുറന്ന മനസ്സാണ് കർമ്മ വിശുദ്ധിയുടെയും ചിന്തയുടെയും തെളിമകളാണ് മാറ്റിപ്പണിയലുകൾക്ക് നിദാനം. എല്ലാം വിഴുങ്ങുന്ന കാലം ജൈവകാലത്തിലേക്ക് പ്രവേശിച്ചവരെ നെഞ്ചിലേറ്റി അരുമയോടെ ലാളിക്കുന്നു. അവരാണ് കാലത്തിന്റെയും ജന്മത്തിന്റെയും ഉൾപ്പിടച്ചലുകളെ തിരിച്ചറിഞ്ഞവർ.

തുടരും

DUST FREE PAINTING BOOTH

# Mech World



FOUR WHEELER WORKSHOH

Manari, P.O. Thiruvannur. Mob: 9447158913

DUST FREE PAINTING BOOTH ACCIDENT REPAIR

DUST FREE PAINTING BOOTH, ACCIDENT REPAIR

**Workshop:**

*DESHAPOSHINI COMMUNITY HALL, P.O. KUTHIRAVATTAM, CALICUT - 16*

# സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണ്ണിച്ചർ







അർപണ സെന്റർ, കോഴിക്കോട്, ഫോൺ: 0495 2353022

സി.എം. സുന്ദരൻ - 9388412430

ഗ്ലാസ്, പ്ലൈവുഡ്, ഫർണിച്ചർ, ഫൈബർഡോർ, ഹാർഡ്‌വേർ, കിച്ചൺ ക്യാബിനറ്റ്, അക്വേറിയം, ഗ്ലാസ്സ് ബെന്റിംഗ്, കളറിംഗ്, ബവലിംഗ്, എച്ചിങ് വർക്സ്






സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണിച്ചർ പൊറ്റമ്മൽ, ഫോൺ: 3299956

# മാതാ ഏജൻസീസ്

മെഷിൻ ഉപയോഗിച്ച് കാട്, പുല്ല് വെട്ടൽ, കോൺക്രീറ്റ് കട്ടിംഗ്, മരം മുറിക്കൽ, ടൂൾസ് വാടകക്ക് കൊടുക്കുന്നു.

പ്ലംബിംങ്ങ് & സാനിറ്ററി വർക്കുകൾ ചെയ്തുകൊടുക്കുന്നു.



**Mob: 9387029919, 9287306802**

**Velliparamba, 5th Mile, Calicut - 8**

# Car A/c Repairing

Ac Survicing and Gas Filling

# Jeeva

Electricals

**Automotive Tubular Batteries**








Y.M.C.A., Cross Road, Calicut - 1

Mob: 9747844474, 0495 - 2768441

ലേഖനം

# നാടക – സാഹിത്യകലയെ കീഴടക്കിയ ആചാര്യൻ



സാം തോമസ്


കുഞ്ഞനന്ദൻ മാസ്റ്റർ എന്ന തിക്കോടിയൻ ഉറൂബ്, കെ.ഏ. കൊടുങ്ങല്ലൂർ, എൻ.എൻ. കക്കാട്, അക്കിത്തം, വിനയൻ – തുടങ്ങിയ പ്രഗ്ത്ഭരായ കലാ-സാഹിത്യ നായകർ അണിനിരന്ന കാലം കോഴിക്കോട് ആകാശവാണി പ്രക്ഷേപണ നിലയത്തിന്റെ സുവർണ്ണ കാലഘട്ടം തന്നെയായിരുന്നു. നന്മയും, നർമ്മവും ചാലിച്ചെഴുതിയ ജനപ്രിയ നാടകങ്ങൾ, സാഹിത്യ കൃതികൾ, ഗാനങ്ങൾ, ബാലസാഹിത്യങ്ങൾ, എല്ലാം തന്നെ തിക്കോടിയൻ എന്ന സാഹിത്യനായകനെ വേറിട്ടൊരു വ്യക്തിത്വത്തിന്റെ ഉടമയാക്കി ത്തീർത്തു. ഏതു സാഹിത്യ സദസ്സിലും ശ്രീ തിക്കോടിയനായിരുന്നു പ്രമുഖൻ അത്രമാത്രം സരസമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗ ശൈലിയുടെ ആഖ്യാനം.

കോഴിക്കോടിന്റെ സാംസ്കാരിക പൈതൃകം അവകാശപ്പെടാവുന്ന കുതിരവട്ടം ദേശപോഷിണി ഗ്രന്ഥശാല ആ കാലത്ത് സംഘടിപ്പിച്ചിരുന്ന നാടക പരിപാടികളിൽ ഒട്ടുമുക്കാലും തിക്കോടിയൻ നാടകങ്ങളായിരുന്നു.... അദ്ദേഹത്തിന്റെ പല നാടകങ്ങളിലും എനിക്ക് അഭിനയിക്കാൻ അവസരമുണ്ടായിട്ടുണ്ട്. നെല്ലിക്കോട് ഭാസ്കരൻ, കുതിരവട്ടം പപ്പു, ശ്രീ. എം. കുഞ്ഞാണ്ടി വാസുപ്രദീപ് തുടങ്ങിയ നാടക, സിനിമ, പ്രമുഖരൊക്കെതന്നെയും തിക്കോടിയൻ നാടകങ്ങളിലൂടെ പ്രശസ്തിയാർജ്ജിച്ചിട്ടുള്ളവരാണെന്ന് പറയുന്നതാവും ശരി.

ഉപരിപ്ലവമായ സ്നേഹബന്ധം പുലർത്തുന്നവരുടെയിടയിൽ തിക്കോടിയൻ എന്ന സാഹിത്യനായകൻ ഒരപവാദമായിരുന്നു കാരണം സ്നേഹവും, സ്വാർത്ഥതയും തമ്മിൽ എത്രയോ അകലെ സഞ്ചരിക്കുന്ന വ്യത്യസ്തവിശേഷതകളെന്ന് മറ്റുള്ളവർക്ക് ബോദ്ധ്യപ്പെടുത്തിയ നിസ്വാർത്ഥ മനുഷ്യസ്നേഹിയായിരുന്നു. ഒരു യഥാർത്ഥ സാഹിത്യകാരന് അടിയുറച്ച ആദർശങ്ങളും വിശ്വാസങ്ങളും ഉണ്ടാകും. അവയെ കൈവെടിയാതെ മുറുകെ പിടിക്കുന്നതിനുള്ള സ്വാതന്ത്ര്യം അയാളുടെ പ്രാഥമികമായ ഒരവകാശംകൂടിയാണ്....

ആരും പൊട്ടിച്ചിരിച്ചുപോകുന്നു. ആക്ഷേപഹാസ്യരസത്തിൽ അർത്ഥസൂചകമായ പ്രസംഗം നടത്തി അനീതിയോട് പൊരുതുമായിരുന്നെങ്കിലും മറ്റുള്ളവർക്ക് വേദന സൃഷ്ടിക്കാതെ പൊതു നന്മ ആഗ്രഹിച്ചു മാത്രമേ അദ്ദേഹം സംസാരിക്കുമായിരുന്നുള്ളു. ഇന്ന് നമ്മുടെ ജനനായകരിൽ ചിലർ പ്രതികരിക്കും പോലെ പാതികേട്ടിടത്തുനിന്നും ഉറഞ്ഞു തുള്ളി തോന്നിയതുപോലെ കണ്ണിൽ കണ്ടവരെയൊക്കെ കടന്നാക്രമിക്കുമായിരുന്നില്ല....

പ്രച്ഛന്നങ്ങളായ ഒളിയമ്പുകളും വിമർശനങ്ങളും അദ്ദേഹത്തിന്റെ തണലിൽ വളർന്നു വലുതായ നാടക കലാകാരന്മാരിൽ നിന്നും നാടക രചയിതാക്കളിൽ നിന്നും തനിക്കെതിരെ ഉണ്ടായിട്ടുള്ളപ്പോഴും



തിക്കോടിയൻ

പ്രതിവചനങ്ങളില്ലാതെ, പ്രതിഷേധമില്ലാതെ, എല്ലാ കലകളുടേയും മൂല്ല്യതകൾ മനസ്സിലാക്കി പ്രത്യേകിച്ച് നാടകപ്രസ്ഥാനത്തിന് ഉണർവും ഉയർച്ചയും നേടിക്കൊടുത്ത മഹാനുഭാവനാണദ്ദേഹം..... സത്യത്തെ നമ്മിൽ നിന്നും മറച്ചുകളയുന്ന എത്രവലിയ പ്രതിമകൾ ആരുടെയൊക്കെ എവിടൊക്കെ പ്രതിഷ്ഠിച്ചാലും സാഹിത്യകലാകൃതി-സമുദായ

ത്തിന്റെ ആസ്വാദനത്തിനും നന്മക്കും വേണ്ടി സമർപ്പിച്ച ആ സാഹിത്യാചാര്യന്റെ ജീവനുള്ള ഓർമ്മ. കേരള കലാഹൃദയങ്ങളിൽ എക്കാലവും ഉണ്ടാകും. സംശയമില്ല.

പത്തോ മുപ്പതോ അംഗസംഖ്യയുള്ള ഒരു സംഘടനയെങ്കിൽപ്പോലും അതിന്റെ സെക്രട്ടറിയോ, പ്രസിഡണ്ടോ, ആയി ഒരുവൻ തെരഞ്ഞെടുക്കപ്പെട്ടുകഴിഞ്ഞാൽ ആ സംഘടനയുടെ സ്വാസ്ഥ്യത്തിനോ ഉൽകർഷത്തിനോ മെനക്കെടാതെ സ്വന്തം സ്ഥാപിത താൽപ്പര്യങ്ങൾക്കുവേണ്ടി മാത്രം ശ്രമിച്ച് ദുഷ്ഫലങ്ങൾ പുറപ്പെടുവിക്കുന്നവരാണ് മിക്കവരും. സമൂഹത്തിൽ നിന്നും സമ്പത്വ്യവസ്ഥയിൽ നിന്നും പൊതുവെ ദൂരീകരിക്കപ്പെടേണ്ട അനാചാരങ്ങളും തെറ്റുകളും ആരെങ്കിലും ചൂണ്ടികാണിച്ചാൽ അവർക്കെതിരെ വജ്രായുധമോങ്ങുന്നവരാണ് അത്തരക്കാർ.....

ശ്രീ തിക്കോടിയൻ ആകാശവാണി നാടക പ്രൊഡ്യൂസറായിരുന്ന കാലത്താണ്. നാടക കാഷ്വൽ ആർട്ടിസ്റ്റായി എനിക്ക് അവസരമുണ്ടായത്. അന്നുമുതൽ, ഒരു പിതാവിനെപ്പോലെ മൂത്ത ജേഷ്ഠനെപ്പോലെ, ഒരു സുഹൃത്തെന്നപോലെ, സർവ്വോപരി ഒരു ഗുരുവിനെയെന്ന പോലെ ആയിരുന്നു അദ്ദേഹം എന്റെ മനസ്സിൽ.....

കാരുണ്യം, വാത്സല്യം, സ്നേഹം, ആഢ്യത്തമുള്ള പെരുമാറ്റം തുടങ്ങിയ സദ്ഗുണങ്ങളൊക്കെ അദ്ദേഹത്തിന്റെ ഹൃദയനൈർമല്യത്തിന്റെ പ്രതിഫലനങ്ങളായിരുന്നു. പുഷ്പങ്ങളെ ഇഷ്ടപ്പെട്ടിരുന്ന അദ്ദേഹം തന്റെ ഏക മകൾക്ക് പുഷ്പയെന്നും, വീട്ടുപേര് പുഷ്പ ശ്രീയെന്നുമാണ് നൽകിയത്. ആ പിതാവിന്റെ സദ്ഗുണങ്ങളൊക്കെ മകൾപുഷ്പയ്ക്കും ജാമാതാവ് ചന്ദ്രനും പേരക്കുട്ടികൾ അപർണ്ണ, അരുൺ എന്നിവർക്ക് പങ്കിട്ടുകൊടുക്കുകയും ചെയ്തിരിക്കുന്നു.

പറയഞ്ചേരിയിലെ പുഷ്പശ്രീയിൽ നിന്നും പുതിയറ വഴി അദ്ദേഹത്തോടൊപ്പമുള്ള സായാഹ്ന നടത്തം, പാളയം ശാസ്താപുരി ഹോട്ടലിൽ വരെ... ചായകഴിച്ച് നേരെ എൻ.ബി.എസ്.ൽ എത്തുമ്പോഴേക്കും പ്രമുഖസാഹിത്യകാരന്മാരായ ഒരു പറ്റം സുഹൃത്തുക്കൾ ബുക്ക്സ്റ്റാൾ മാനേജർ ശ്രീധരനൊപ്പം ശ്രീ തിക്കോടിയനെ കാത്തിരിപ്പുണ്ടാകും. യുവത്വമാർന്ന നടത്തവും, ചിരിയും ഫലിതങ്ങളും ഇന്നും ഈ നിമിഷത്തിലും എന്റെ മനോദർപ്പണത്തിൽ പ്രതിബിംബിക്കുന്നുണ്ട്.

1971-72ൽ ദേവഗിരി കോളേജിലെ സമർത്ഥനായ പി.ജി. വിദ്യാർത്ഥിയും തീക്ഷ്ണമായ കലാഭിരുചിയും സംഘടനാ നേതൃത്വപാടവമുണ്ടായിരുന്ന ശ്രീ ജെയിംസ് ജോസഫ് (മുൻ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ) സഹപാഠിയും നാടകകൃത്തുമായ യു.ഡി. അഗസ്റ്റിൻ ദേവഗിരി ആർട്സിനു വേണ്ടി രചിച്ച അന്വേഷണം എന്ന നവീന നാടകം അഖില കേരള കലാകേന്ദ്രം സംഘടിപ്പിച്ച മത്സരത്തിലേക്ക് അയച്ച് തെരഞ്ഞെടുത്തപ്പോൾ അവതരിപ്പിക്കാനുള്ള സാങ്കേതിക പരിമിതികൾ മനസ്സിലാക്കി കോഴിക്കോട് സുബാഷ് നാടക കലാ സമിതിയുമായി സഹകരിച്ച് തിക്കോടിയൻ മാസ്റ്ററേയും ആ കാലത്ത് മാതൃഭൂമിയിലായിരുന്ന ശ്രീ അരവിന്ദനേയുമാണ് (Icine director) ഞങ്ങൾ സമീപിച്ചത്. ബാലൻ കെ. നായർ, കണ്ണൂർ രാജം, എം.വി. നാഥ്, ബേബി അജിരത്നം, എന്നിവരാണ് അന്വേഷണം നാടകത്തിൽ വേഷമിട്ടത്.

തികച്ചും വ്യത്യസ്തത പുലർത്തിയ ആ നാടക-അവതരണത്തിന് എല്ലാ സഹകരണ സഹായങ്ങളും നൽകിയത് തിക്കോടിയൻ മാസ്റ്ററാണ്.

അവാർഡ് കരസ്ഥമാക്കിയ ശ്രീ അരവിന്ദന്റെ ഉത്തരായനം എന്ന സിനിമയുടെ തിരക്കഥ രചിച്ചത് ശ്രീ തിക്കോടിയനായിരുന്നു. അരങ്ങു കാണാത്ത നടൻ എന്ന തന്റെ ആദ്യ കഥയ്ക്ക് കേരള സാഹിത്യ അക്കാദമി അവാർഡും, ഓടക്കുഴൽ അവാർഡും വയലാർ അവാർഡും നാടക അക്കാദമിയുടെ വിശിഷ്ടാംഗത്വവും ലഭിച്ചപ്പോഴും അരങ്ങുകാണാത്ത നടനിലെ ആ നായകൻ വിനയാന്വിതനാവുകയാണ് ചെയ്തത്. വയലാർ അവാർഡ് തിരുവനന്തപുരത്ത് വച്ച് അദ്ദേഹം ഏറ്റുവാങ്ങിയ ആ ഗംഭീര ചടങ്ങിൽ സംബന്ധിക്കുവാൻ എനിക്കും ഭാഗ്യമുണ്ടായി. ആകാശവാണിയിലെ ഔദ്യോഗികതയിൽ നിന്ന് 1976ൽ വിരമിച്ചതിനുശേഷം വിശ്രമം എന്തെന്നറിയാതെ പ്രസംഗ പരമ്പരകളായിരുന്നു ആ ജീവിതത്തിലുടനീളം....................

തലശ്ശിരിയ്ക്കടുത്തുള്ള എരഞ്ഞോളി സ്കൂളിലെ അധ്യാപകനായ എന്റെ സുഹൃത്തും കഥാകൃത്തുമായ ശ്രീ കെ.കെ. ഭാസ്കരന്റെ അഭ്യർത്ഥനപ്രകാരം സ്കൂൾ വിദ്യാർത്ഥികളുടേയും നാട്ടുകാരുടേയും ചിരകാല അഭിലാഷം സാധിതമാക്കുവാൻ സ്കൂൾ വാർഷിക ദിനത്തിൽ ശ്രീ തിക്കോടിയൻ മാസ്റ്ററെ പ്രസംഗിപ്പിക്കുവാൻ അവിടെ എത്തിക്കേണ്ട ചുമതല എന്നെയാണ് ഭാരമേൽപ്പിച്ചത്.

വിദ്യാർത്ഥികളും രക്ഷിതാക്കളും നാട്ടുകാരുമായ ആയിരങ്ങൾ പങ്കെടുത്ത ആ മഹാസദസ്സ് മുഖ്യ പ്രഭാഷകനായ തിക്കോടിയന്റെ പ്രസംഗത്തിലുടനീളമുള്ള ഫലിതങ്ങൾ കേട്ട് പൊട്ടിച്ചിരിക്കുന്ന ശബ്ദം ഇന്നും എന്റെ കാതുകളിൽ മുഴങ്ങുന്നതുപോലെ തോന്നുന്നുണ്ട്. മറ്റുള്ളവരെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തിരുന്ന അരങ്ങുകാണാത്ത ആ മഹാനടന്റെ മനസ്സിലെ ദുഃഖം അദൃശ്യമായിരുന്നു എന്നതാണ് സത്യം. മകൾ പുഷ്പയ്ക്ക് രണ്ടുവയസ്സു തികയുന്നതിനുമുമ്പായി തന്റെ സഹധർമ്മിണി നാരായണി അമ്മയുടെ വിയോഗം അദ്ദേഹത്തിനു താങ്ങാവുന്നതിലപ്പുറമായിരുന്നു. അതിനുശേഷം ആയുഷ്കാലമത്രയും തന്റെ ഏക മകൾക്കുവേണ്ടി മാത്രമുള്ള ജീവിതമായിരുന്നു അദ്ദേഹം നയിച്ചത്. ആ പിതാവിന്റെ മനസ്സറിഞ്ഞിട്ടുള്ളതും ആ മകൾ മാത്രമായിരുന്നു എന്നത് മറ്റൊരു സത്യം. സ്വ ജീവിതത്തിലെ ഏടുകൾ എന്ന പോലെ തിക്കോടിയൻ എഴുതിയ ജീവിതം എന്ന നാടകത്തിലെ നായികയായ രാധയും അച്ഛൻ രാമൻകുട്ടി നായരുമായുള്ള സംഭാഷണ ശകലത്തിൽ നിന്നൊരു ഭാഗം...........

രാധ: അച്ഛൻ കരയുകയാണോ?

അച്ഛൻ: (കണ്ണുതുടച്ച്) അല്ല മോളേ, അച്ഛനു കരയാൻ കണ്ണീരില്ല. രാധ: അച്ഛനെന്റെ മുഖത്തു നോക്കൂ. എന്തിനാ അച്ഛനിങ്ങിനെ ദുഃഖിക്കുന്നത്. അച്ഛനെ ഈ നിലയിൽ തനിച്ചാക്കി എങ്ങും പോകാൻ എനിക്കു മനസ്സില്ല...........

പക്ഷെ! മറ്റുള്ളവരെ തനിച്ചാക്കി സ്നേഹനിധിയായ ആ അച്ഛൻ 2001 ജനുവരി ഇരുപത്തിയെട്ടാം തിയ്യതി തന്റെ എൺപത്തിയഞ്ചാമത്തെ വയസ്സിൽ മരണമില്ലാത്ത അനശ്വരതയുടെ മണിമന്ദിരത്തിലേക്ക് ഭാഷയുടെ അനശ്വരതയിലേക്ക് സ്വർണ്ണ ചിറകുകളുമായി പറന്നുയർന്നു. ●

ലേഖനം

# അവസാനിക്കാത്ത വാക്ക്




ബേപ്പൂർ രാധാകൃഷ്ണൻ

നമ്മുടെ സമൂഹം, മുമ്പൊരിക്കലും അനുഭവിച്ചിട്ടില്ലാത്ത സ്വത്വ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. സമൂഹത്തിന്റെ പുരോഗതിക്ക് എന്നും ദിശാ സൂചകമായി നിലകൊള്ളേണ്ട നേതൃത്വങ്ങൾ സംശയത്തിന്റെ കരിനിഴലിൽ അകപ്പെടുന്നു. രാഷ്ട്രശില്പികളുടെ ദർശനങ്ങളും ഗാന്ധിയൻ ചിന്താഗതികളും ജനാധിപത്യസംവിധാനത്തിൽ നമ്മുടെ എക്കാലത്തേയും സാന്നിധ്യമാകേണ്ടതായിരുന്നു. ഗാന്ധിയൻ ചിന്തകൾ നിരർത്ഥകങ്ങളാണെന്ന് പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്ന അരാഷ്ട്രീയ തത്വസംഹിതകളെ നിരാകരിക്കുന്ന സാമൂഹ്യബോധം ഉണർത്തപ്പെടേണ്ടതുണ്ട്.

തലമുറകളുടെ കഠിനാധ്വാനവും ത്യാഗോജ്ജ്വലമായ അർപ്പണബോധവുംകൊണ്ട് സാംസ്കാരികവും വൈജ്ഞാനികവുമായ ഒട്ടേറെ നേട്ടങ്ങൾ നമുക്ക് കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ, വളർച്ചയുടെ വേഗം കൂടുംതോറും നാം ആർജ്ജിച്ച സാംസ്കാരിക മൂല്യങ്ങളും മാനവികമായ ഔന്നത്യങ്ങളും മാഞ്ഞുകൊണ്ടിരിക്കുന്നതായി അനുഭവപ്പെടുന്നു. സമസ്തമേഖലകളും വാണിജ്യവൽക്കരണത്തിന്റെ യാന്ത്രികതയാൽ, ദല്ലാളന്മാരുടെ കൈയിൽ അമർന്നുപോകുന്ന കാലമാണ് നമുക്ക് മുമ്പിലുള്ളത്.

സാമൂഹത്തിനുവേണ്ടി വ്യക്തിയും, പൊതുനന്മയ്ക്കുവേണ്ടി.വ്യക്തിതാൽപര്യങ്ങളും ബലികഴിക്കുക എന്നത് ഒരു സവിശേഷ സാംസ്കാരികമുദ്രയായി സ്വീകരിച്ച നാം എത്രപെട്ടെന്നാണ് മാറ്റത്തിന് വിധേയമായികൊണ്ടിരിക്കുന്നത്? ഇവിടെ നിന്നും ഒരു തുറന്ന ആലോചന ആരംഭിക്കേണ്ടിയിരിക്കുന്നു. ഈ ആലോചനയാവട്ടെ വ്യക്തിവികാസത്തിന്റേയും സാംസ്കാരികാവബോധത്തിന്റേയും പ്രസക്തിയിലൂന്നിയതായിരിക്കണം. ആദർശനിഷ്ഠകൊണ്ടും കർമ്മചൈതന്യംകൊണ്ടും അനുകരണീയമായ കൂട്ടായ്മകൾ അനിവാര്യമായിത്തീർന്നിരിക്കുന്നു. മനുഷ്യബന്ധങ്ങളെ തകർക്കുകയും ചൂഷണത്തിന് വിധേയരാക്കുകയും ചെയ്യുന്ന സാമൂഹ്യ അനീതിക്കെതിരെ, ശക്തമായി നിലകൊള്ളേണ്ടതുണ്ട്. അതെങ്ങിനെ സാധ്യമാകും...? പ്രകൃതിയിലെ സ്നേഹവാൽസല്യങ്ങളിൽ തഴുകിയുണർന്ന ഗാന്ധിയൻ ദർശനങ്ങളിൽ ഊന്നിയ ജീവിതക്രമം മാത്രമാണ് പോംവഴി. സമൂഹത്തിന്റെ സർവ്വതോൻമുഖമായ പുരോഗതിക്കാവശ്യമായ ആത്മാർത്ഥമായ ഇടപെടലുകളാണ് അത് ലക്ഷ്യംവെക്കുന്നത്. കാലോചിതമായ മാറ്റങ്ങൾക്ക് സമൂഹം വിധേയമാകുമ്പോൾ തന്നെ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായ നിരീക്ഷണങ്ങളും പങ്കാളിത്തവും ഗാന്ധിയൻ ദർശനങ്ങൾ ഉറപ്പുനൽകുന്നു. ശാസ്ത്ര-സാങ്കേതിക വിദ്യയുടെ ഉപയോഗവും ദുരുപയോഗവും നമ്മുടെ തലമുറ



പ്രഥമ ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു

അൽപാൽപമായ് അനുഭവിച്ചറിയുന്നു. യാന്ത്രികമായ ജീവിതശൈലിയും സാങ്കേതികവിദ്യകളെമാത്രം ആശ്രയിക്കുകയും ചെയ്യുന്ന ആധുനികസമൂഹം ദുർബലമായിത്തീരുന്നു. ജീവിതയാഥാർത്ഥ്യങ്ങലെയും പ്രതിസന്ധികളേയും നേരിടാൻ കഴിയാതെ പകച്ചുനിൽക്കുകയാണവർ. അതിസങ്കീർണ്ണമായ ദിശയിലേക്കാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നത്. മൂല്യനിരാസത്തിന്റെ കാലത്ത് എന്തും വിലക്കുവാങ്ങാമെന്ന ഘട്ടത്തിലെത്തിനിൽക്കുന്നു. മലീമസമാക്കപ്പെട്ട ചുറ്റുപാടുകളിൽ വിഷലിപ്തമായ മുദ്രാവാക്യങ്ങൾ ഉയരുന്നു. മാസ്മരികമായ പരസ്യവാചകങ്ങളിൽ കുരുങ്ങിത്തകർന്നുപോകുന്ന ജീവിതങ്ങൾ, പാരമ്പര്യത്തിന്റെ പേരിൽ, പാക്കേജ്‌രൂപത്തിൽ ആരോഗ്യം വിൽക്കുന്നുണ്ടിവിടെ. വിലകൂടിയ മരുന്നുകളും ചെലവേറിയ ആശുപത്രികളും മാത്രമാണ് ശരിയെന്ന ബോധം സമൂഹമനസ്സിൽ വേരുറച്ചിരിക്കുന്നു. പരിപാവനമായ കളങ്കരഹിതമായ അർപ്പണമനോഭാവത്തോടുകൂടിയ കർമ്മമാണ് ആതുരസേവനരംഗത്തുണ്ടാവേണ്ടത്. വൈദ്യരംഗത്തെബഹുഭൂരിപക്ഷവും ഈശ്വരാർപ്പണമായാണ് തങ്ങളുടെ കർത്തവ്യങ്ങൾ നിറവേറ്റുന്നത്. ജീവകാരുണ്യത്തിന്റെ മറവിൽ, ചിലശക്തികൾ മരുന്നുകളിൽപോലും മായം ചേർത്ത് ജീവൻരക്ഷാമരുന്നുകളെ കമ്പോളത്തിലിറക്കി മനുഷ്യജീവനെ വേട്ടയാടുന്നു. പൗരന്റെ അവകാശങ്ങളും കടമകളും വ്യക്തമാക്കിക്കൊണ്ട് ഭരണഘടന മൗലികാവകാശങ്ങളുടെ പരിരക്ഷ വ്യക്തിക്ക് ഉറപ്പുനൽകുന്നുണ്ടെങ്കിലും, ഇത്തരം കറുത്തശക്തികളെ നിലയ്ക്കുനിർത്താനാവുന്നില്ല. രാഷ്ട്രബോധവും സാമഹ്യപ്രതിബദ്ധതയും ആർക്കും അറിയാഞ്ഞിട്ടല്ല, ആധുനികസമൂഹത്തിന്റെ അനാസ്ഥയാണ് ഏറെ ദുസ്സഹം. എല്ലാവരും ഇരയായിത്തീരുകയാണിവിടെ.

മലിനമാക്കുന്ന ചുറ്റുപാടുകൾകൊണ്ട് രോഗങ്ങൾവിതക്കുന്നു. സാംക്രമികരോഗങ്ങൾ മാരകമാണെന്നറിഞ്ഞിട്ടും പ്രതിരോധപ്രവർത്തനങ്ങളിൽ ശ്രദ്ധചെലുത്താതെ, രോഗങ്ങൾ പടർന്നുപിടിച്ചശേഷം ചികിത്സ ആരംഭിക്കുന്നു. രോഗംവന്നതിനു ശേഷമുള്ള ചികിത്സയും രോഗഭീതിയും വ്യക്തികളെ തളർത്തുന്നു. രോഗാതുരത വളർത്തുന്ന ആരോഗ്യബോധവൽക്കരണംവഴി ചിലർ മുതലെടുപ്പ് നടത്തുന്നു.

മലയാളികളുടെ ആഹാരരീതികളും ആരോഗ്യദർശനങ്ങളും വിട്ടകന്നതുകൊണ്ട് ഇനിയൊരു വിലാപത്തിന് പ്രസക്തിയുണ്ടോ...? മണ്ണും വായുവും ജലവും സൂര്യപ്രകാശവും ആകാശവും ശുചിയായി സൂക്ഷിക്കുന്നതിലൂടെയും പ്രയോജനകരമായി വിനിയോഗിക്കുന്നതിലൂടെയും ഏറ്റവും ദരിദ്രനായ ഇന്ത്യക്കാരന്റെ ആരോഗ്യം പോലും സംരക്ഷിക്കാമെന്ന് മഹാത്മജി ദർശിച്ചിരുന്നു. പാരിസ്ഥിതികപ്രശ്നങ്ങൾകൊണ്ട്, വീർപ്പുമുട്ടുന്ന മാനവരാശിക്ക് പ്രകൃതിയിലേക്ക് മടങ്ങുക എന്ന മഹത് മന്ത്രമേകിയഗാന്ധി, പ്രകൃതി ചൂഷണത്തിന്റെ വൻദുരന്തത്തെ നേരത്തെ കണ്ടറിഞ്ഞിരുന്നു ആധുനികമനുഷ്യൻ പ്രകൃതിയിലെ വിഭവങ്ങൾ വിവേകമില്ലാതെ വിനിയോഗിച്ചതിന്റെ വിനാശങ്ങളാണ് ഇപ്പോൾ നാം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. പ്രകൃതിവിഭവങ്ങളുടെ വിനിയോഗത്തിൽ സ്വയം കടിഞ്ഞാണിടാൻനമുക്ക് സാധിക്കണം. ഖനികളിൽനിന്നും എണ്ണപ്പാടങ്ങളിൽ നിന്നും ഊറ്റിയെടുക്കുന്ന പ്രകൃതിവിഭവങ്ങളെ ആർഭാടത്തിന്റെ പേരിൽ ദുരുപയോഗം ചെയ്യുന്നവർ, വരും തലമുറയുടെ ഭാവികൂടികണക്കിലെടുക്കേണ്ടതുണ്ട്. പ്രകൃതിയെ കീഴടക്കുകയല്ല അതിനോടൊപ്പം പുലരുകയാണ് മനുഷ്യൻ ചെയ്യേണ്ടതെന്ന ധാരണയ്ക്ക് ഇന്ന് സാംഗത്യം ഏറിവരികയാണ്. ചൂഷണവും മലിനീകരണവും പ്രകൃതിയെ നശിപ്പിക്കുകവഴി അത്യപൂർവ്വമായിരുന്ന ചില ജന്തുജീവികൾ ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമാവുകയും മറ്റു ചില വംശനാശഭീഷണി നേരിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ആധുനികതയുടെ ഉപഭോക്തൃ തൃഷ്ണമൂലം പ്രകൃതിയുടെ ആവാസവ്യവസ്ഥിതിയ്ക്ക് ആഘാതമേൽക്കുകയും ജീവന്റെ നിലനിൽപ്പിന് ഭീഷണിയായിത്തീരുകയും ചെയ്യുന്നു.

പ്രകൃതിയും മനുഷ്യനുമായി പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നതിനാൽ, ഓരോ മനുഷ്യനേയും മാനസികമായി ധർമ്മനിഷ്ഠയുള്ളവരാക്കി മാറ്റേണ്ടതുണ്ട്.ലളിതവും ഗഹനവുമായ ഗാന്ധിസം ഏതൊരു മനുഷ്യന്റേയും ചിന്തയെ ഉദ്ദീപിപ്പിക്കുന്നതാണ് . ആയുധം കൊണ്ടല്ല, മനസ്സുകൊണ്ടാണ് അത് കീഴടക്കുന്നത്. ഭീരുക്കളെയല്ല, ധീരന്മാരെയാണ് അത് വാർത്തെടുക്കുന്നത്. ആണവവിസ്ഫോടനത്തിന്റെ പ്രയോക്താക്കൾ ഊർജ്ജപ്രതിസന്ധിമനസ്സിലാക്കാതെ ഭൂമിയുടെ വിനാശത്തിന് വഴിമരുന്നിടുമ്പോൾ, ഗാന്ധിയൻ മന്ത്രങ്ങളെ തിരസ്കരിക്കുന്നു. ആവശ്യത്തിനുവേണ്ടി അവർ ഗാന്ധിസൂക്തങ്ങൾപോലും പ്രചരണോപാധിയാക്കുന്നു. വിവേകശൂന്യമായ ചില മുന്നേറ്റങ്ങൾ കൊണ്ട് മാഹാത്മാവിനോടുള്ള ആദരവിനു പകരം നിന്ദപ്രചരിപ്പിക്കുവാനാണ് ഈ ശക്തികൾ ബോധപൂർവ്വം ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

പൗരാവകാശങ്ങളെ കശാപ്പുചെയ്യുന്നസാമൂഹ്യചുറ്റുപാടിൽ, ദേശസ്നേഹികളായവരുടെ പൗരബോധം ഉണർന്നുപ്രവർത്തിക്കേണ്ടതുണ്ട്. അരുതെന്ന് പറയുവാൻ ആരുണ്ടിവിടെ? ഒരാണ്ടുപിറവിയെ ആഘോഷിക്കുവാൻ കോടികളുടെ മദ്യമാണ് കേരളത്തിൽ ഒഴുക്കുന്നത്, കുടുംബസദസ്സുകളിൽപോലും ഇന്ന് മദ്യം അവിഭാജ്യഘടകമായി മാറിക്കഴിഞ്ഞിരിക്കുന്നു. വിവിധതരം ലഹരി മരുന്നുകൾ എല്ലായിടത്തും സുലഭമാണ്. ലഹരിപദാർത്ഥങ്ങളുടെ ലഭ്യതയും ദുരുപയോഗവും ഇന്നത്തെ ഏറ്റവും വലിയ വിപത്തുകളിൽ ഒന്നാണ്-അറിഞ്ഞോ അറിയാതെയോ പുതുനാമ്പുകൾ ഇവയുടെ ആകർഷണവലയത്തിൽ അകപ്പെടുകയും അടിമപ്പെടുകയും ചെയ്യുന്നു. മലയാളം മറന്ന മലയാളി അതിവേഗം ബഹുദൂരത്തിലേക്ക് കുതിക്കുകയാണ്. വികസനനേട്ടങ്ങളും സൗകര്യങ്ങളും ഏറെ വർദ്ധിച്ചിട്ടുണ്ടെങ്കിലും മനുഷ്യബുദ്ധിയും മാനവികതയും യന്ത്രങ്ങൾ കീഴ്പ്പെടുത്തികൂടാ.......പരിചിതമായ ഒരു പഴമ്പാട്ടിലെ സൂചനകളിലൂടെ മലയാളിത്ത്വത്തിന്റെ ഭരണ രാഷ്ട്രീയ സാമൂഹിക സങ്കല്പങ്ങൾ തലമുറകൾക്ക് പകർന്ന്കൊടുക്കുമായിരുന്നു. ഇവിടെയാണ് ഭാഷയുടേയും വിദ്യാഭ്യാസത്തിന്റേയും ബാലപാഠങ്ങൾ തുടങ്ങുന്നത്. ഭാഷയെ തകർത്താൽ സംസ്കാരത്തേയും തകർക്കാൻ എളുപ്പമാകുമെന്ന് ചരിത്രം നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഇംഗ്ലീഷ് ഭാഷക്ക് സർവ്വതോന്മുഖമായ പ്രാമുഖ്യം നൽകികൊണ്ടും മാതൃഭാഷയെ പാടെ അവഗണിച്ചുകൊണ്ടും സൃഷ്ടിച്ചെടുക്കുന്ന വിദ്യാഭ്യാസരീതി കാലാന്തരത്തിൽ രണ്ടാം തരം

പൗരന്മാരെ വാർത്തെടുക്കുന്നു. ദേശത്തിന്റെ തനിമയും മലയാളിയുടെ ബോധാപബോധ മനസ്സിനേയും സാമൂഹ്യവ്യക്തിത്വത്തേയും ദൈനംദിന ജീവിത മനോഭാവങ്ങളേയും നിർവചിക്കുന്ന മഹാനന്മയുടെ ഭാവങ്ങളേയും ആവാഹിച്ചുവേണം മുന്നോട്ടുള്ള കുതിപ്പ്. ഇന്റർനെറ്റും മൊബൈലും വീഡിയോകോൺഫറൻസുകളിലൂടേയും പുതിയലോകത്തിലേക്ക് എടുത്തെറിയപ്പെടുമ്പോൾ ഒന്നും മനസ്സിൽ സൂക്ഷിച്ചു വെക്കുവാൻ ആർക്കും നേരം കാണില്ല. ആരോഗ്യകാര്യങ്ങളിൽ മലയാളി എന്നും ശ്രദ്ധാലുവാണ്. എന്നാൽ ആരോഗ്യപരിപാലനത്തിനാവശ്യമായ കാര്യങ്ങളെക്കുറിച്ച് അത്രയൊന്നും ശ്രദ്ധയില്ലതാനും പരിസരമലിനീകരണങ്ങളെകുറിച്ചോ പൊതുസ്ഥലദുരുപയോഗങ്ങളെകുറിച്ചോ യാതൊരു ശ്രദ്ധയില്ലായ്മയും നമുക്കുണ്ട്. അമിതാഹാരപ്രിയരും ഷവർമ പോലുള്ള കൃത്രിമചേരുവകളും, രാസപദാർത്ഥ ഉപയോഗങ്ങളും നമ്മുടെ പൊതുജനാരോഗ്യസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ആഹാരത്തിൽ, ഭക്ഷ്യവസ്തുക്കളിൽപോലും മായം ചേർന്ന് രോഗാതുരമായ ഒരു സമൂഹത്തെയാണ് നാം വളർത്തിയെടുക്കുന്നത്. പുതുതലമുറയുടെ മാനസികവും ശാരീരികവുമായ വളർച്ചയെ മുരടിപ്പിക്കുകയും ഭാവിയെ തകർക്കുകയും ചെയ്യുന്ന സാമൂഹ്യതിന്മക്കെതിരെയുള്ള ധാർമ്മികമായ പ്രതിഷേധവും കൂട്ടായ്മയും പ്രസക്തമാവുന്നതിവിടെയാണ്. ആശ്വസിപ്പിക്കുവാനും അനുനയിപ്പിക്കുവാനും അംഗീകരിക്കുവാനും പരസ്പരം കൈ കോർക്കുവാനുമുള്ള മഹനീയ ദർശനം തലമുറക്ക് ഏകിയാൽ മാത്രമേ വലിയ ദുരന്തങ്ങളിൽ നിന്ന് അവരെ മോചിപ്പിക്കാനാവുകയുള്ളൂ. ചൂഷണത്തിനിരയായിത്തീരുന്നവരുടെ ജിജ്ഞാസയും സമ്മർദ്ദും അപകർഷബോധവും തെറ്റിലേക്ക് വഴുതിവീഴാൻ അവരെ പ്രേരിപ്പിച്ചേക്കാം. കാരുണ്യവും കനിവും സൗമനസ്യവും കൊണ്ടവരെ മാറ്റിയെടുക്കേണ്ടതുണ്ട്. പാരസ്പര്യത്തിന്റേയും സോഷ്യലിസത്തിന്റേയും കാന്തിക ശക്തിയിൽ സഹവർത്തിത്വത്തിന്റെ മാസ്മരികതയാൽ എല്ലാവരേയും സമന്വയിപ്പിച്ച് സഹകരിപ്പിച്ച് പ്രത്യാശയുടെ വെളിച്ചമേകി ദേശസ്നേഹം വളർത്തിയെടുത്ത മഹാത്മാവാണ് നമുക്ക് മാർഗ്ഗദർശി. കലാപങ്ങൾ കുലത്തൊഴിലാക്കി ആ സുശക്തികൾ താണ്ഡവമാടുമ്പോൾ സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും സൗരഭ്യം വിജയിക്കുവാൻ മനുഷ്യമനസ്സിനെ തേജോമയമാക്കിയ ഗാന്ധിയൻ ദർശനങ്ങൾ പ്രസംഗത്തിൽ നിന്ന് പ്രയോഗത്തിലേക്ക് എത്തിക്കേണ്ടതുണ്ട്. മനുഷ്യനെ സ്നേഹിക്കുന്ന ഒപ്പം പ്രകൃതിയെ സ്നേഹിക്കുന്ന ആത്മാർത്ഥതയുള്ളവരുടെ കനിവാണ് നമ്മുടെ ജന്മവും ജീവിതവും പ്രകൃതിയെ തകർക്കുന്ന ഏത് പ്രവർത്തിയും വിപത്താണ് ആ തിരിച്ചറിവിലേക്കാണ് നമ്മുടെ ഓരോചലനവും തുടരേണ്ടത്. നമ്മുടെ പൂർവ്വസൂരികൾ നമുക്കേകിയ മഹാമന്ത്രങ്ങൾ പ്രകൃതി രക്ഷയ്ക്കായിട്ടുള്ളതാണ്. തകർക്കാനല്ല, സൃഷ്ടിക്കാനാണ് ശ്രമിക്കേണ്ടത് പ്രകൃതിയുടെ സ്വഛന്ദമായ താളവും പ്രകൃതവും ഒത്തിണങ്ങിയ ഒരു കാലത്തെ സൃഷ്ടിക്കാൻ. ●

---

**(പേജ് 6 തുടർച്ച)**
## അമേത്ത് വീടിന്ന് മുമ്പിൽ

എന്നെ എന്റെ ചരുമുറിക്കകത്തേക്ക് കൂട്ടിക്കൊണ്ടുവന്നു. അവൾ പറയുന്നതും കേട്ടു. മേലില് ഇഞ്ചിചുണങ്ങുന്നേടത്ത് പോകർദ്. ഓളെ ചെന്ന് കാണർദ്. എനിക്കിഷ്ടല്ലാ. പുറംകോലായ ചരുവിലെ എന്റെയിരുട്ടിൽ സുഗന്ധതൈലങ്ങൾ തട്ടിയുടഞ്ഞു ചിന്തി. വിയർത്തൊഴുകുന്ന ശരീരത്തോടെ അവൾ ഉമ്മറവാതിൽ വലിച്ചുതുറന്ന് അകത്തേക്ക് കയറി വാതിലടച്ച് ചീർപ്പിടുന്ന ഒച്ചകേട്ടു. പാതിരാത്രിയിൽ ആശബ്ദം എന്നെ വിറകൊള്ളിച്ചു. കാരണവരുടെ പീടികയിലേക്ക് പിന്നീട് ഞാൻ ചെന്നിട്ടില്ലായെന്നാണോർമ്മ. ഇഞ്ചി ചുണങ്ങുന്ന പുലയിപ്പെണ്ണിന്റെ ശാരീരികലാവണ്യവും അവയവമുഴുപ്പുകളും മനക്കൊളങ്ങരയുത്സവനാളിലെ തീപ്പന്തങ്ങളുടെ ജ്വാലയിൽ തിളങ്ങിയ അവളുടെ കറുത്ത് നീണ്ട കണ്ണുകളും അതിന്റെ തീക്ഷ്ണനാളങ്ങളും ചുവന്ന കല്ലുള്ളമൂക്കുത്തിയുടെ മാസ്മരികചൈതന്യവും എന്റെ മനസ്സിലെ വറ്റാത്ത രതിദാഹകിനിപ്പുകളായി അവശേഷിപ്പിച്ചവൾ.....

തറവാടിന്റെ വാതിൽ സാക്ഷകൾ ഉയർത്തുകയും താഴ്ത്തുകയും ഇരുട്ടിന്റെ ആഴങ്ങൾ ഗൗനിക്കാതെ എന്റെ ചരുമുറിയിലെ ഏകാന്തതകളേ കടിച്ചുകീറുകയും ഉറക്കം ഇല്ലാതാക്കുകയും പതിവായി.

അമേത്ത്നടുവിലത്തേ തറവാട്ടിലെ എനിക്കായി നലികിയ കിഴക്കേ ചരുമുറിയുടെ കിളിവാതിലുകൾ. അതിലൂടെ കിനിഞ്ഞിറങ്ങുന്ന വെളിച്ചത്തിന്റെ സൂചികൾ അകമുറിയിലെ ചീനഭരണിക്ക് താഴത്തേ വിടവിന്റെ നിഴലിൽ ഇഴഞ്ഞ് കയറിയ ആ ചെറുനാഗങ്ങൾ. മനസമസെത്ര അകലെയാണ്. ആഴത്തിലാണ്. ബപ്പൻ കാട് നിരത്തിലൂടെ കിഴക്കോട്ടും പടിഞ്ഞാറോട്ടേക്കും ഇപ്പോൾ ഇടതടവില്ലാതെ വാഹനങ്ങൾ കുതിച്ചുപായുന്നുണ്ട്. നിരത്തിന്റെ വടക്കേദിശയിൽ പണ്ട് നല്ല നിലയിൽ കൃഷി നടത്തിയിരുന്ന തണ്ടാംവയൽ ഇപ്പോഴില്ല. മുനിസിപ്പാലിറ്റിയായി മാറിയ നഗരം മണ്ണിട്ടു നികത്തി അവിടം ബസസ്സ്റ്റാണ്ടാക്കിയിരിക്കുകയാണ്. നിരത്തിന്നിരുപറത്തേയും കെട്ടിടങ്ങൾ മാറിയിരിക്കുന്നു. നഗരമിരമ്പുന്ന ശബ്ദമാണിപ്പോൾ. കിഴക്ക് ഭാഗത്തെ അമേത്ത് കിഴക്കേതറവാട് നിന്നേടത്ത് ബഹുനിലയിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് വരുന്നു. കെട്ടിടത്തിന്റെ പണിപൂർത്തിയാവാൻ ഏറെയൊന്നും ഇനി വൈകുകയില്ല. സ്ഥലജലവിഭ്രമം ബാധിച്ചവനെപ്പോലെ ഞാൻ ആ പടിപ്പുരവാതിൽക്കൽ കുറേനേരമായി നിൽക്കുന്നു. അമേത്ത് നടുവിലെ പുരയുടെ പടിപ്പുരയ്ക്കലാണിപ്പോൾ ഞാൻ ആ പടിപ്പുരവാതിൽക്കൽ കുറേനേരമായി നില്ക്കുന്നു. അമേത്ത് നടുവിലെ പുരയുടെ പടിപ്പുരയ്ക്കലാണിപ്പോൾ ഞാൻ നില്ക്കുന്നത്. ഇല്ല എന്റെ പഴയ ഇടത്തിന്ന് മാറ്റമൊന്നും ഇല്ല. സാക്ഷ നീങ്ങുമ്പോൾ ശബ്ദമുയരുന്ന ഉമ്മറവാതിലിന്നും ഉമ്മറത്തൂണുകൾക്കും യാതൊരു മാറ്റവും വന്നിട്ടില്ല. കാലം സകലതും തൂത്തുമാറ്റിയിട്ടില്ല.... ●

# GLAMOUR



**GENTS WEAR MANKAVE**
**Whole Sale & Retail**

Mob: 9847756569
Naluparambil Complex,
Calicut - 7

**Pants, Geans, Shirt, T-Shirts etc....**



# എസ്.കെ. ഗോൾഡ്

തങ്കത്തിൽ പൊതിഞ്ഞ
ആഭരണങ്ങൾ
ഗ്യാരണ്ടി ആഭരണങ്ങൾ



കോവിലകം റോഡ്,
ബൈപ്പാസ് ജംഗ്ഷൻ
മാങ്കാവ്
ഫോൺ: ഷിനോജ് - 9895814080

വ്യാപാര സ്ഥാപനമാണ് ഞങ്ങളുടെ ആരാധനാലയം
ഉപയോക്താവാണ് ഞങ്ങളുടെ ദൈവം
ഉപയോക്താവിന്റെ സംപൃപ്തിയാണ്
ഞങ്ങളുടേയും സംപൃതി





# Victory
**Home Appliances**



Palace Road, Mankave, Calicut - 7
Mob : 9847125085, 9048252101





# ആശിർവാദ്
ബാങ്കേഴ്സ്

24/1773/B-9, 1st floor
P.V.S. Shopping Complex
Bye - pass Juuction
Mankave, Calicut - 67307
Tel : 2330885

സ്വർണ്ണപണ്ടം പണയം



# നിർമ്മാല്യം

ശ്രീ ധർമ്മ ശാസ്ത ട്രാവൽസ്

ദിവ്യ ഫാൻസി സെന്റർ, മാങ്കാവ്, കോഴിക്കോട്

നവംബർ 15-ാം തിയ്യതി മുതൽ
എല്ലാ ദിവസവും
സെമി പുഷ് ബാക്ക് എയർ ബസ്സുകൾ
കോഴിക്കോട് തളിക്ഷേത്ര പരിസരത്ത് നിന്ന്
വൈകുന്നേരം 4 മണിക്ക് പുറപ്പെടുന്നു.

ബുക്കിങ്ങിനും കൂടുതൽ വിവരങ്ങൾക്കും

കെ. പുരുഷു - 9387500618
നജീഷ് പുരുഷു - 9961100702
9349127980, 0495 - 2331828





Ajith Kachilat

Photo gallery

*digital studio & video*
*majestic building*
*Palazhi road Pattammal*
Ph: 9847540578



നക്ഷത്രരാജ്യം ഇ.രാധാകൃഷ്ണൻ

# എന്റെ മലയാളം

ആദിയിൽ സംസ്കൃതവും തമിഴും കൂട്ടി കലർത്തി അനേകം ഭാഷാപണ്ഡിതന്മാരുടെ ശ്രമഫല മായി മലയാളഭാഷ നിലവിൽവന്നു. പിന്നീടുള്ള കാല ത്താണ് ബൃഹത്തായ വ്യാകരണത്തോടെയും അർത്ഥ ത്തോടെയും പരിഷ്കരിച്ച് മലയാളഭാഷ പുരോഗതി പ്രാപിച്ചത്. മലയാള ഭാഷയെ പരിപോഷിപ്പി ക്കുന്നതിനു മനസാ-വാചാ-കർമ്മണ ഉത്സുക രായിരുന്ന അക്കാലങ്ങളിൽ നിലനിന്നു പോന്നിരുന്ന രാജാക്കന്മാരുടെ ഭരണക്രമ സ്ഥിതിവിശേഷമായിരുന്നു മലയാളഭാഷയുടെ സുവർണ്ണകാലം എന്നു പറയാമായി രുന്നത്. ഈശ്വരചൈതന്യം തുളുമ്പുന്ന പഴയകാലസാ ഹിത്യനായകൻമാരായ തുഞ്ചത്തെഴുത്തച്ഛനും ഉള്ളൂരും, മഹാകവി ജിയും, കുമാരനാശാനും, ഏ.ആർ രാജരാജവർമ്മയും ഉൾപ്പെടെയുള്ള മഹാരഥൻമാർ മല യാളഭാഷയ്ക്ക് നൽകിയ സംഭാവന സ്തുത്യർഹമാണ്. ആധ്യാത്മ കവി തുഞ്ചത്തെഴുത്തച്ഛന്റെ അദ്ധ്യാത്മരാമാ യണം കിളിപ്പാട്ടും, കുഞ്ഞിക്കുട്ടൻ തമ്പുരാനും, മലയാ ളഭാഷയെകുറിച്ചു ബൃഹത്തായി അറിവുനൽകുന്ന ഭാഷാപോഷിണിയും മലയാളഭാഷക്കുനൽകിയ സംഭാ വനവിലപ്പെട്ടതാണ്. കവിതകളിൽകൂടി ഭാഷയെ പരി പോഷിപ്പിച്ച കവികളായ ചങ്ങമ്പുഴയും കുമാരനാ ശാനും മഹാകവി ജിയും ഉൾപ്പെടെയുള്ള കവികളുടെ കവിതകൾ ഇന്നും കേരളീയരുടെ നാവിൻ തുമ്പിൽ തത്തി കളിക്കുന്നതിനു പ്രധാന കാരണമായത് കവിത എഴുത്തിലും മലയാളഭാഷയിലും അവർക്കുള്ള അവ ഗാഹം തന്നെയാണ്. കുമാരനാശാന്റെ കരുണയും ചണ്ഡാളഭിക്ഷുകിയും, ചങ്ങമ്പുഴയുടെ രമണനും, വാഴക്കുലയും മലയാളി സമൂഹത്തിലെ അസമത്വ ത്തിനും ഉച്ചനീചത്വങ്ങൾക്കും എതിരെയുള്ള ഒരു കുന്തമുനതന്നെയായിരുന്നു. വാക്കുകൾ കയറിചെന്ന് മനുഷ്യമനസ്സിലെ അകകാമ്പിൽ കയറിയിരിക്കുന്ന രചന വൈഭവത്തിൽ കവിതകളെഴുതുന്ന എത്രകവിക ളാണ് മലയാളഭാഷയുടെ സുവർണ്ണകാലത്ത് നമുക്കുണ്ടാ യിരുന്നത്. ഇന്നോ? സ്വന്തം കുട്ടികളെ മലയാളം പഠിപ്പി ക്കുന്നത് ലജ്ജയായികാണുന്ന രക്ഷിതാക്കൾ ഒരുവ ശത്ത്? കഠിനമായി പറഞ്ഞാൽ ഇതുപോലുള്ളവർ സ്വന്തം സന്തതികളുടെ വിദ്യാഭ്യാസത്തേയും മാതൃഭാഷ യായ മലയാളത്തെയും അപമാനിക്കുകയാണ് ചെയ്യുന്ന ത്. മറുവശത്ത് നല്ലവണ്ണം നാലക്ഷരം മലയാളം പഠിപ്പി ക്കുന്ന സർക്കാർ സ്കൂളുകൾ പൂട്ടിക്കാൻ നടക്കുന്ന വിദ്യാ ഭ്യാസ കച്ചവട സ്ഥാപനങ്ങളും, കച്ചവടക്കാരും കാണാമറ യത്ത് പ്രവർത്തിക്കുന്നതിലൂടെ ഓരോന്നായി പൂട്ടികൊ ണ്ടിരിക്കുകയാണ് സർക്കാർ സ്കൂളുകൾ. മലയാള ഭാഷ യുടെ ശനിദശ അവസാനിക്കുന്ന ഒരു നല്ലകാലം വരുക യില്ലേയെന്നു കേഴുകയാണ് ഇന്ന് മലയാളഭാഷാ സ്നേഹികൾ.

അതാത് പ്രദേശങ്ങളിലെ അല്ലെങ്കിൽ ജില്ലകളിലെ ജന ങ്ങളുടെ ജീവിതരീതിയുമായി കെട്ടുപിണഞ്ഞാണ് കേരള സംസ്ഥാനത്തിലെ കാസർഗോഡുമുതൽ തിരുവനന്തപു രംവരെ വസിക്കുന്ന മലയാളികൾ സംസാരിക്കുന്ന മലയാ ളഭാഷ രൂപപ്പെട്ടത്. അതിനൊരു ഉദാഹരണമാണ് മലബാ റിലെ മലയാളം, തിരുകൊച്ചി മലയാളം, തിരുവിതാംകൂർ മലയാളം എന്നെല്ലാമുള്ള വീതംവെപ്പ്. പണ്ടുമുതൽ മല ബാറിൽ മാപ്പിള അല്ലെങ്കിൽ മുസ്ലീം ഭാഷ കലർന്ന മലയാ ളമാണ് മലയാളികൾ സംസാരിക്കുന്നത്. തിരുവിതാം കൂറിലുള്ള മലയാളികൾ സംസാരിക്കുന്നത് തമിഴ് ചുവ യുള്ള മലയാളമാണ്. ഇന്നും തിരുവിതാംകൂറിൽ "എന്തി രണ്ണാ" "പോവ്വൂവ്വാ" എന്നൊക്കെയുള്ള മലയാളം അവ രുടെ നിത്യജീവിതത്തിന്റെ ഒരു ഭാഗംതന്നെയാണ്. എന്നാൽ മലയാളത്തിന് ഒരു വ്യാകരണ സംസാരഭാഷയു

HASBI TOURS & TRAVELS



Meenchanda, Areekkad, Calicut - 27
Mob: Sahir - 9895999100
9895350141

പൂജ - ഗണപതിഹോമ സാധനങ്ങൾക്ക്





ഇ. എം. വി.
സ്റ്റോർ

തളിറോഡ്, കോഴിക്കോട് – 2

Ph: (S) 2701363, (R) 2352669, 2358430
Mob: 9447417390, 9446951761

ബനാന ലീവ്സ്

വാസൻ കണ്ണാശുപത്രിക്ക് സമീപം
അരയടത്ത് പാലം ബൈപ്പാസ് റോഡ്
കോഴിക്കോട്. ഫോൺ : 9447951380



രുചികരമായ നാടൻ
ഉച്ചഭക്ഷണം



ചിക്കൻ ബിരിയാണി, ബീഫ് ബിരിയാണി,
ഫിഷ് ബിരിയാണി

WORLD WIDE
AGENCIES

World Wide Building,
17/143, P.B. No.239,
Near S.K. Temple Auditorium,
Mavoor Road, Kozhikode - 673 001

Ph: 91 495 2720448
Mob: 91 9447393058

E-mail: worldwideagencies@gmail.com

എല്ലാവിധ ഇൻഡസ്ട്രീയൽ ജോലികൾക്കും സമീപിക്കുക

ശാരദ



ഇൻഡസ്ട്രീയൽസ്



കാളൂർ റോഡ്, മാങ്കാവ്
കോഴിക്കോട് – 673 007
Mob: 9846412070

ണ്ട്. അത് മലബാർ മലയാളമോ, തിരുവിതാംകൂർ മലയാളമോ, തിരുകൊച്ചി മലയാളമോ എന്ന രീതിയിലല്ല അറിയപ്പെടുന്നത്. 'പ്രകാരം' അടിസ്ഥാനമാക്കി മലയാളഭാഷ സംസാരരീതിയെ അഞ്ചായി തരംതിരിച്ചിട്ടുണ്ട്. ആയവ "നിയോജക പ്രകാരം", 'വിധായക പ്രകാരം', 'അനുജ്ഞായക പ്രകാരം', 'നിർദ്ദേശകപ്രകാരം', 'ആസംശക പ്രകാരം' എന്നിങ്ങനെയാണ്. എന്താണ് 'നിയോജകപ്രകാരം'? ഒരാൾ അധികാരത്തോടെ അല്ലെങ്കിൽ പ്രജകളെ ഭരിക്കാൻ അർഹതയും അധികാരംവും ഉള്ള രാജാവിന്റെ അധികാരത്തോടെ സംസാരിക്കുന്നതിനെയാണ് നിയോജക പ്രകാരം എന്നു പറയുന്നത്. നിയോജകപ്രകാരം മലയാളഭാഷ സംസാരിക്കുന്നവരാരും യാചനരൂപത്തിൽ അഭ്യർത്ഥിക്കാറില്ല. ഉദാഹരണത്തിന് ഒരാളെ തന്റെ മുന്നിൽ ഹാജരാക്കാൻ കല്പിക്കുകയാണെങ്കിൽ "ഇന്നയാളെ" എന്റെ മുന്നിൽ കൊണ്ടുവരട്ടെ എന്നരീതിയിൽ കല്പിക്കുകയാണ് ചെയ്യാറുള്ളത്. വിധായക പ്രകാരം സംസാരിക്കുന്നവർ എപ്പോഴും ഒരാളെ തന്റെ കൺമുമ്പിൽ കണ്ടാലോ വീട്ടിൽ അഥിതിയായി എത്തിയാലോ 'വരണം' , 'ഇരിക്കണം' എന്നാണു പറയാറുള്ളത്, അതുകൊണ്ടാണ് പ്രകാരത്തിൽ 'അണ'മെന്നു വിധായകേ എന്നായത്. മലയാള ഭാഷയിലെ പ്രകാരത്തിൽ 'ആം' അനുജ്ഞായകമാണ്. അനുജ്ഞായക പ്രകാരം മലയാളഭാഷസംസാരിക്കുമ്പോൾ അയാൾ 'വരാം', 'ഇരിക്കാം', 'ഇവിടെ നിൽക്കാം', 'ഇവിടെ ഇരിക്കാം' എന്നാണ് സംബോധന ചെയ്യുന്നത്. പിന്നെയുള്ള ഒരു 'പ്രകാരം' നിർദേശക പ്രകാരം കാലത്തിനു അനുയോജ്യമായി സംസാരിക്കുന്നതിനെയാണ് നിർദേശകപ്രകാരം എന്നുപറയുന്നത്. പിന്നെയുള്ള ഒരു സംസാര ഭാഷ ആസംശക പ്രകാരം ആസംശക പ്രകാരം സംസാരിക്കുന്നവർ 'വന്നാലും''ഇരുന്നാലും''പോയാലും' എന്നൊക്കെയാണ് സംസാരിക്കാറുള്ളത്. ആസംശക പ്രകാരത്തിലെ 'ആലും' മലയാള ഭാഷയിലേക്ക് കടമെടുത്തത് തമിഴിൽ നിന്നാണ്. മുൻകാലങ്ങളിൽ മലയാളം വിദ്വാന്മാർ ധാരാളമുണ്ടായിരുന്നു നമ്മുടെ സമൂഹത്തിൽ. അവരായിരുന്നു മലയാളഭാഷ ഗുരുക്കന്മാർ. അവർ രാമായണവും മഹാഭാരതവും, ഭാഗവതും മലയാളത്തിലേക്ക് തർജ്ജമചെയ്തുകൊണ്ട് വിദ്യാർത്ഥികളെ പഠിപ്പിക്കുമായിരുന്നു. സംസ്കൃതും കൂടി പഠിച്ച അല്ലെങ്കിൽ അവഹാഹമുള്ള ഒരാൾക്ക് മാത്രമേ രാമായണവും മഹാഭാരതവും ഭാഗവതവും പഠിപ്പിക്കുവാൻ സാധിക്കുമായിരുന്നുള്ളു. വിദ്യാസമ്പന്നരല്ലാത്ത സ്കൂൾ വിദ്യാഭ്യാസം തൊട്ടുതീണ്ടാത്ത കർഷകതൊഴിലാളികളും കൂലിപണിക്കാരുപോലും മുൻകാലങ്ങളിൽ സംസ്കൃതശ്ലോക രൂപത്തിലുള്ള രാമായണവും ഭാഗവതവും മഹാഭാരതവും വായിച്ച് അർത്ഥം പരയുമായിരുന്നു. തത്തുല്യമായതിലധികം വിദ്യാഭ്യാസയോഗ്യതയുള്ള ഇന്നത്തെ എം.എ.മലയാളകാർക്കുപോലും ഇക്കാലങ്ങളിൽ അതുസാധിക്കുമോ എന്നു പരീക്ഷിച്ചറിയേണ്ടതുതന്നെയാണ്. മലയാളം ഭാഷാപണ്ഡിതന്മാർ മലയാളം ഭാഷയെ ഈശ്വരന് തുല്യമായാണ് കാണുന്നത്. വിദ്യാധനം സർവ്വധനാൽ പ്രധാനം എന്നും - മാതാപിതാ ഗുരു ദൈവം എന്നുമാണല്ലോ മലയാളഭാഷയും ഭാഷാവിദ്വാന്മാരും നമ്മെ പഠിപ്പിച്ചത്. അതുകൊണ്ട്തന്നെ മലയാളികൾക്ക് മലയാളം എന്നും പ്രാണാംശമാകട്ടെയെന്നു നമുക്കാശംസിക്കാം.

●

കവിത

# ശിരോലിഖിതം



ലിൻസി.സി, കച്ചേരിക്കുന്ന്

നീയൊന്നുമറിയുന്നില്ല, സഹ്യമാം നിസബ്ദത
എത്രമേലീ കരളിൽ നഖങ്ങളാഴ്ത്തുന്നു!!
പ്രണയനിലാവിനെക്കൊതിച്ചു ഞാനെത്തിയ-
തിത്രമേൽ തീഷ്ണമാം വേനൽക്കനലിലോ?
അപ്രിയമെന്നു നീ നിനക്കുമെൻ മൊഴികളിൽ
ഇല്ല, മറ്റൊന്നും, ഉള്ളുരുക്കും ജീവിത വ്യഥകളല്ലാതെ!

പരിദേവനങ്ങൾക്കു മേൽ നിൻ ചാട്ടവാറടികൾ
വ്രണങ്ങൾ തീർക്കും വാക്കിൻ മിന്നൽപ്പിണരുകൾ!
എല്ലാം വിസ്മരിച്ചുറങ്ങുവാനേറെ ശ്രമിച്ചു;
വാത്മീകത്തിലെത്ര തപസ്സിരുന്നു ഞാൻ!

നീ വീശും വലയങ്ങളിൽച്ചാടിയെല്ലൊടിഞ്ഞും
നീയേറ്റിയ ഭാരം വലിച്ചു നടുവൊടിഞ്ഞും
ഇരമ്പും മനക്കടലിലെ തിരകളെയമർത്തിവെച്ചും
പെയ്യാൻ തുളുമ്പും മിഴികളെ തടഞ്ഞുവെച്ചും
തീ നാളമായ് ജ്വലിക്കാനായും നാവിനെയടക്കിവെച്ചും

കനിവു കേഴും കരളിന്റെ കദനം തഴഞ്ഞും
പ്രണയാർദ്ര മേഘമലയും ഹൃദയത്തെ ശാസിച്ചും
ഓരോ നാളും നിന്നാജ്ഞാനുസാരിയായ്
മാന്ത്രികച്ചെപ്പിലേക്കൊതുങ്ങുന്നു ഞാൻ.

ഇനിയെത്ര നാളീയന്ധകാരത്തിലടയിരിക്കണമെന്നോ,
ഇനിയെത്ര നാളീ സങ്കടക്കടലിൽ മുങ്ങിത്താഴണമെന്നോ,
ഇനിയെത്ര നാളീ അഗ്നികുണ്ഠത്തിലെരിയണമെന്നോ,
ഇനിയെത്ര നാളീ കണ്ഠത്തിൽ തേങ്ങലൊതുക്കണമെന്നോ,
അറിയില്ല, ഒന്നുമേ, ശിരോലിഖിത, വിധിയി-
ത്രമേൽ ക്രൂരമായതെന്തെൻ ജീവിത വീഥിയിൽ?

കഥ


# ദേവ പ്രിയ, അച്ഛൻ



വിജയൻ അത്തിപ്പറ്റ

ഗെയ്റ്റിൽ നിന്ന് സൈക്കിൾ ബെൽ മൂന്നുവട്ടം മുഴങ്ങി... ബാസ്ക്കറ്റ് ബാൾ കളത്തിലെ വേഷത്തിൽ സുനിലമോൾ പ്രത്യക്ഷപ്പെട്ടിരിക്കുമെന്നുറപ്പ്. ഇവിടെ നിന്ന് ഞങ്ങളുടെ ദേവപ്രിയയെയും കൂട്ടിയാണല്ലോ സ്കൂൾ യാത്ര. ക്ലാസ്സ് മുറിയിലും കളിക്കളങ്ങളിലും അവരൊപ്പമായിരിക്കും.

അവസാനമത്സരത്തിലും ജയിച്ച ഉല്ലാസത്തിലാണ് എന്റെ ദേവപ്രിയയുട



ശരീരഭാഷ! ഇന്നലെ എന്നോട് പിടിച്ചുവാങ്ങിയ ഷൂ പാദങ്ങളിൽ തിരുകിക്കയറ്റി ലെയ്സ് മുറുക്കിക്കെട്ടുകയാണവൾ. അരികെ ആവിയുയരുന്ന ഫൈബർ കപ്പുമായി ചാന്ദ്നിയുമുണ്ട്. നിവർന്നു നിന്ന് മമ്മിയുടെ കയ്യിലെ കപ്പ് പേരിന് ചുണ്ടിൽ ചേർത്ത് ദേവപ്രിയ സ്വന്തം സൈക്കിളിലേക്ക് കുതിച്ചു. മുതുകിലെ പർവ്വതാരോഹണബാഗിൽ നിന്ന് അപസ്വരങ്ങളുതിർന്നുകൊണ്ടിരുന്നു. നേരത്തേയും ഒന്നും കഴിച്ചതല്ലല്ലോ. ഈ ബൂസ്റ്റെങ്കിലും കുടിക്ക് മോളേ എന്ന പരിദേവനത്തോടെ ചാന്ദ്നി അല്പദൂരം വൃഥാ സൈക്കിളിനെ അനുഗമിച്ചു. പക്ഷേ രണ്ടു പെൺ സൈക്കിളുകൾ പ്രധാനപാതയിലെ വാഹന വ്യൂഹത്തിലലിഞ്ഞ് അകന്നകന്ന് പോവുന്നത് കണ്ടുനിൽക്കാനേ അവൾക്കായുള്ളൂ.

പിന്നെ ചവിട്ടിക്കുതിച്ച് എല്ലാറ്റിനും കാരണം പെണ്ണിന്റെ താളത്തിന് തുള്ളുന്ന തന്തയാണെന്ന മുറുമുറുപ്പോടെ, ഇച്ഛാഭംഗം വിസിലടിക്കാൻ മാത്രമറിയുന്ന മിണ്ടാപ്രാണിയോട് തീർക്കയല്ലാതെ ചാന്ദ്നി എന്തു ചെയ്യും? മകളുടെ ത്രീഫോർത്ത് സെറ്റുകളും സ്കൂൾ യൂണിഫോമുകളും ചുരിദാറുകളും ചുരുട്ടിക്കൂട്ടി വാഷിംഗ് മെഷീന്റെ വയറ്റിലേക്ക് തള്ളി അവൾ രോഷമകറ്റി. എന്തുമാത്രം ഡ്രസ്സുകളുണ്ട് തനിയ്ക്കെന്ന് മകൾക്ക് അറിയാൻ വഴിയില്ല... ഒരേ നിറത്തിലുള്ള രണ്ടു ഷർട്ടുകളും രണ്ടു ട്രൗസറുകളുമുണ്ടായിരുന്ന അവളുടെ പപ്പയ്ക്ക് അങ്ങനത്തെ പ്രശ്നമേ ഇല്ലായിരുന്നു......

എന്റെ അമ്മ പറഞ്ഞു പറ ഞ്ഞ്, അപേക്ഷിച്ച് കാലുപിടിച്ച്, കണ്ണുകൾ നിറഞ്ഞ് മെയ്മാസം തീരാറാവും. അന്നേരമാണ് വല്യങ്ങാടീലെ ഒതേനൻ ചെട്ടിയാരുടെ തുണിക്കടയിൽ നിന്നും അച്ഛന്റെ ഷോപ്പിംങ്ങ് - ചെട്ടിയാരോട് പറയും. ഷർട്ടുതരം, ട്രൗസർതരം, പാവാടതരം. സെലക്ഷനൊക്കെ ഒതേനൻ ചെട്ട്യാരാണ്. അയാൾ ആദ്യം കയ്യിൽ തടഞ്ഞ വിലകുറഞ്ഞതരം തുണി കത്തിരി കൊണ്ട് മുറിക്കുകയായി... അങ്ങനെ ഒരേ ഒരു സെറ്റ് ഡ്രസ്സുമാത്രമുള്ള കുട്ടിയായി രാജീവനെന്ന ദേവപ്രിയയുടെ പപ്പ .... രണ്ടു സെറ്റു വാങ്ങുന്നത് രണ്ടു നിറത്തിലാക്കാൻ പോലും എന്റെ പപ്പ ശ്രദ്ധിച്ചില്ല. നളിനിയേടത്തിയും ,സുഷമേടത്തിയും ,ലേഖമോളുമൊക്കെ സ്ഥിരം എന്നെപ്പോലെ മണ്ണുനിറത്തിലുള്ള വേഷത്തിൽ സ്കൂളിൽ പോയി...

ഇന്ന് ക്ലോക്കിന്റെ സൂചികൾ ഫിഫ്ത്ത് ഗീറിൽ പറക്കുകയാണോ! വണ്ടിയൊന്നു കഴുകണമെന്നോർത്തത് വേണ്ടെന്നു വെച്ചു.മുന്നിലും പിന്നിലും പൊടി പിടിച്ചത് സൂത്രത്തിലൊന്നു തട്ടിക്കളയാനേ ഇപ്പോൾ സമയ മുള്ളൂ.

അച്ഛനെ പ്രഭാതഭക്ഷണവുമായി മിംസിൽ ചെന്നുകണ്ടിട്ടുവേണം ആപ്പീസിലെത്താൻ.ഗംഗമാമ കൂടെയുള്ളതുകൊണ്ട് കാന്റീൻ ചായ കിട്ടിയിരിയ്ക്കും. കാന്റീൻ പൊറോട്ടയൊന്നും അച്ഛൻ തൊടില്ല.

വണ്ടിയെ വലംവെയ്ക്കും നേരം ബാറ്റയുടെ കടലാസുപെട്ടി കാലിൽ തടഞ്ഞു. ഷൂ പുറത്തെടുത്ത് ദേവപ്രിയ ഒഴിവാക്കിയിട്ടതാവും. വെയ്സ്റ്റ് ബാസ്ക്കറ്റിലിടാനെടുത്തപ്പോൾ വില അച്ചടിച്ചത് കണ്ണിലുടക്കി. Rs.3999.Ps.90 only ഈ ബാറ്റക്കമ്പനിക്കാരുടെ ഫലിതം! നാലായിരം എന്നച്ചടിച്ചാലെന്താണിവർക്ക്? അപ്പോൾ ബാറ്റയുടെ വിലയിടൽപോലെ എന്ന ശൈലി ഉണ്ടാവില്ലല്ലോ....

ഏഴിലാണ് എന്റെ മോൾ. ഗെയിംസിനുള്ളതടക്കം നിലവിൽ അരഡസൻ പാദരക്ഷകളുടെ ഉടമയാണവൾ. എന്നിട്ടും നാലുദിവസം മുൻപ് ഈ നാലായിരത്തിന്റെ സ്പോർട്സ്ഷൂവിൽ കക്ഷി നോട്ടമിട്ടു. അതുവേണം- വെറുമൊരു അക്കൗണ്ട്സ് ഓഫീസർ മാത്രമായ ഞാൻ വഴങ്ങാതെ ദിവസം മുഴുവൻ പിടിച്ചുനിന്നു. പുത്രിയുടെ കണ്ണീരിൽ നിന്ന് കാര്യം വലുതായി. ഹസാരെ സമരത്തിലേയ്ക്ക് തിരിഞ്ഞു. വീട്ടിലെ ഭരണാധി

കാരി പൊടുന്നനെ വഴങ്ങി. വികാരാ ധീനനായി... ങ്ങള് ആരിക്ക് വേണ്ടി യാണിങ്ങനെ അറുപിശുക്കൻ കളി കളിക്കുന്നത്? ങ്ങക്ക് വേറെ രണ്ടും മൂന്നും മക്കളൊന്നൂല്യാലോ? ഓളടെ ഫ്രണ്ട്സ് പ്രത്യേക മോഡലിട്ടു പന്തു കളിക്കുമ്പോ ഓളക്കും ആശണ്ടാവില്ലേ? എന്നിങ്ങനെ ചോദ്യശരങ്ങളാൽ എന്നെ വീഴിത്തി....

എനിക്കും ഒരിക്കൽ ഒരാശ. ഉള്ള്യേരി വി.പി.യു.പി യിലെ ഏഴാം ക്ലാസ്സിൽ വെച്ചാണത്. വേലായുധൻ മാഷുടെ അമൃതയും എന്റെ ചങ്ങാതി കുട്ടിമോനും ചെരിപ്പിട്ടുവരുന്ന വരാണ്. അന്നത്തെ സൂപ്പർഷർട്ട് ടെർലിൻ പോലുമുണ്ട് കുട്ടിമോന്. അമൃതയാണെ ങ്കിൽ സിൽക്ക് പാവാടയിൽ മിന്നുന്നവൾ. സുഷമേ ടത്തി കൊതിയോടെ അമൃതയെ നോക്കുന്നത് കാണാറുണ്ട്. അത്രയൊന്നും ആശിയ്ക്കാൻ പാടി ല്ലെന്ന് അറിയാം. എന്നാലും ചെരിപ്പിടണം. മോഹം മനസ്സിൽ തിളച്ചുമറിഞ്ഞതിനാൽ അച്ഛനെ സമീപി ക്കാതെ വയ്യെ ന്നായി. പാടവരമ്പത്തോ കൊപ്പരയു ണക്കുന്നിടത്തോ ചെല്ലണം കാണണമെങ്കിൽ. ഞാ റു നടീൽ കഴിഞ്ഞ വയലിലൂടെ കൈക്കോട്ടുമായി നടക്കുകയാണ് അച്ഛൻ. വെള്ളം ചോരുന്നത് കെട്ടി നിർത്തുന്ന തിനിടെ ചിരിച്ചുകൊണ്ട് എന്റെ ഹരജി സ്വീകരിച്ചു! ഇത്രപെട്ടെന്ന് അനുകൂല തീരുമാനം ഉണ്ടായതിൽ അതിശയമായി. ഇടയ്ക്കിടെ കൊപ്പര വിൽക്കാൻ വല്യങ്ങാടിയിൽ പോകുന്ന പതിവുണ്ട് അച്ഛനും, ഗംഗമാമയ്ക്കും. പുറപ്പെടുമ്പോഴെല്ലാം ഇരുവരെയും ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. വല്യങ്ങാ ടീന്ന് വരുമ്പോഴെല്ലാം; മറന്നെഡാ, ചെരിപ്പുപീട്യ പൂട്ടിപോയെഡാ, ഇത്യാദി മറുപടികൾ; ഒഴിവുകഴി വുകൾ ...ചുരുക്കം ചെരിപ്പ് കിട്ടിയില്ല! ചരൽ പറമ്പു കളിലൂടെ നടക്കുമ്പോഴും തെങ്ങിൻ ചുവടുകിളയ് ക്കുമ്പോഴും അങ്ങാടി യാത്രകളിലും അച്ഛനും ചെരിപ്പില്ലായിരുന്നു....

മോഹം സഫലീകരിച്ചത് ഏഴിൽ നിന്ന് ജയിച്ച പ്പോഴാണ്. മംഗലാപുരത്ത് റെയിൽവേക്ലാർക്ക് ഉദ്യോഗമുണ്ടായിരുന്ന കൗസുയിളയമ്മ ലീവിൽ വന്നപ്പോൾ സമ്മാനിച്ച പൊതിയിൽ എന്റെ സ്വപ്ന മുണ്ട്! പാവം അമ്മ അനിയത്തിക്ക് കത്തെഴുതി യിരിക്കണം. മുള്ളാണികളിലുറപ്പിച്ച അടിവശം. ടയ റിൽ ചിത്രപ്പണികളുമായി അന്നത്തെ സൂപ്പർ ചെരു പ്പ്!. പൂഴിമണ്ണിൽ കാൽവെയ്ക്കുമ്പോൾ അടയാളം പതിയും...ഓ... ഈ പപ്പേടെ പഴങ്കഥയ്ക്ക് കേക്ക ണ്ട! ഇതിനകം അമ്പതു ജോഡികളെങ്കിലും പുല്ലു കൾക്കിടയിലേക്കിട്ട ദേവപ്രിയ എന്റെ ഓർമ്മകളേ യും പുല്ലുകളിലേക്കെറിഞ്ഞുവന്നു!.

തീൻമേശപ്പുറത്ത് ഇഡ്ഢലികളും ചായയും നിര ന്നിരുന്നു. ഞാനവ തിരക്കിട്ട് അകത്താക്കി. എട്ടരയ്ക്ക് തന്നെ മിംസ് ഹോസ്പിറ്റൽ കോമ്പൗ ണ്ട് വണ്ടികൾവന്നു നിറയും. ഇഡ്ഢലിയും കഞ്ഞി യും പകർന്നുവെച്ച ടിഫിൻകരിയറുകൾ ചാന്ദ്നി വണ്ടിയിൽ വെച്ചുതന്നു. ഞാനെന്റെ 'റിറ്റ്സ്' നഗരഹൃദയത്തിലേക്ക് പറത്തുകയാണ്. നായനാർ മേല്പ്പാലത്തിന് കീഴെ സമാന്തരമായ വീതികുറ ഞ്ഞ് എളുപ്പവഴിയിലൂടെ മിംസിന്റെ പാർക്കിംഗ് ഏരിയയിൽ നുഴഞ്ഞുകയറി. ആ പഴയ ബങ്കാസുര നോടുപമിക്കാവുന്ന പാർക്കിംഗ് ഏരിയ - എത്ര വാഹനങ്ങളും വരട്ടെ, വിഴുങ്ങിക്കൊള്ളും. ഒഴിവു സ്ഥലം കണ്ടെത്തി ഞാൻ പാർക്കുചെയ്തു.

അച്ഛനും അച്ഛന്റെ മരുമകൻ ഗംഗമാമയ്ക്കുമുള്ള ടിഫിൻകാരിയറുകൾ തൂക്കി പുറത്തിറങ്ങി. അച്ഛനേ ക്കാൾ രണ്ട് വയസ്സ് കൂടുതലാണ് മരുമകന്! അതു കൊണ്ട് മാമ ബഹുമാനത്തിൽ കുറവൊന്നും വരു ത്താറില്ല. കാറിന്റെ ഗ്ലാസ്സുകൾ ഉയർത്തിവെച്ച് വണ്ടിപൂട്ടി ഞാൻ മിംമ്സിനോടടുത്തുകൊണ്ടി രുന്നു. പണ്ടും കഞ്ഞിയാണച്ഛന്റെ പഥ്യാഹാരം. മൂന്നുനേരവുമായാലും വിരോധമില്ല. പപ്പടം എണ്ണയിൽ പൊരിക്കുന്നത് നിഷിധമാണ്. ചാന്ദ്നി ഒരുവിധം ഗ്യാസടുപ്പിൽ പൊള്ളിച്ചെടുത്തിരിക്ക യാണ് - വല്യങ്ങാടിയിൽ പോകുന്ന ദിവസങ്ങളിൽ വീട്ടിൽ തിരിച്ചെത്തിയാലേ ആഹാരമുള്ളൂ...

മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ പോലെയൊ അതിൽക്കൂടുതലോ ജനബാഹുല്യമുണ്ടിവിടെ .പരിസരമാകെ മുഖം മാത്രം തുറന്നിട്ട കറുപ്പുവസ്ത്രധാരികൾ...

അച്ഛനേയും മാമനേയും കൂടെ മിനിഞ്ഞാന്ന് രാത്രിയാണ് ഇവിടെ എത്തിക്കുന്നത്. ന്ന് അന്റെ കൂടെ കൂടി പൊലർച്ചെ പോയി ഡാക്കിട്ടറെ കാണാമെഡാ- ദീനശബ്ദത്തിൽ അച്ഛൻ യാചിച്ചത് എനിക്ക് നിരസിക്കേണ്ടിവന്നു. ഇവിടെ എന്റെ വീട്ടിൽ ആദ്യത്തെ വരവായിരുന്നിട്ടുപോലും - കട്ടിയാഹാരം രണ്ടുനാളായി തീരെ ഉപേക്ഷിക്കുന്നതിനാലും , ഓർമ്മയുടെ സ്ക്രീനിൽ ഗ്രെയിൻസ് മാത്രമായിരുന്നതിനാലും ആ ഉള്ള്യേരി അംബാസിഡർ നേരെ ഇങ്ങോട്ടുവിട്ടു. എപ്പോഴും പിരിയാത്ത സുഹൃത്തും മരുമകനുമായ ഗംഗമാമതന്നെ കൂടെയുള്ളതുകൊണ്ട് ഞങ്ങളുടെ മനസ്സിന്റെ പിരിമുറുക്കം ലഘൂകരിക്കപ്പെട്ടു.

ഏതുവിഭാഗം ഒ.പിയിൽ നോക്കിയാലും രോഗികളുടെ നീണ്ട നീണ്ട വരികൾ.... ഞാൻ അഡ്മിറ്റ് ചെയ്യപ്പെട്ടവരുടെ ബന്ധുക്കളുടെ പ്രവാഹത്തിൽ ലയിച്ച് മുന്നോട്ട് പോയി. അച്ഛന്റെ മുറി തുറന്നു കിടക്കുന്നത് അകലെനിന്നേ കാണാം. വാതിൽക്കലെത്തി ഉള്ളിലേക്ക് നോക്കുമ്പോൾ മൂന്നു നേഴ്സുമാർ അച്ഛനെ വളഞ്ഞു നിൽക്കുന്നു! വേവലാതികളു ടെ ഇടിവെട്ടേറ്റ് എന്റെ കണ്ണുകളിൽ ഇരുൾ മൂടി. ചാന്ദ്നിയെ വിളിക്കാൻ വലതു കൈ മൊബൈൽ പോക്കറ്റിലേയ്ക്കു നീണ്ടു.... എവിടെ ഗംഗമാമ?

അതിനിടെ ബെഡിൽ എഴുന്നേറ്റ് നിവർന്നിരിക്കുന്ന അച്ഛനെ ഒരു നോക്കു കണ്ടു. ഹാവൂ! തലയ്ക്കുള്ളിലെ സുനാമിത്തിരകൾ പൊടുന്നനെ അടങ്ങി. സ്വന്തം ട്രെയ്ഡ്മാർക്ക് മുറിക്കൈയ്യൻ മഞ്ഞ ഷർട്ടിട്ട് പതിവില്ലാതെ വെളുത്ത തോർത്ത് തലയിൽ കെട്ടി മുറിവിട്ടുപോകാൻ അക്ഷമനായിരിക്കയാണ് അച്ഛൻ. രാത്രിയിൽ ഗ്ലൂക്കോസ് ശരീരത്തിൽ കയറി സിരകളുണർന്നതിന്റെ പ്രസരിപ്പ്. മാമയും സിസ്റ്റർമാരും അനുനയത്തിൽ തടഞ്ഞുവെച്ചതാണത്രെ.

ങ്ങാ ന്റെ മോൻ ബന്നല്ലോ. ന്നാ മ്മള് എറങ്ങട്ടെ സിസ്റ്ററേ. പോയീറ്റ് എമ്പാടും കാര്യം കെടക്കണ്.

സൂക്കേട് മാറീട്ട് പോകാം അപ്പാപ്പാ. മകൻ ദേ വീട്ടീന്നെടുത്ത കാപ്പിയൊക്കെ കുടിച്ച് കട്ടിലിൽ വിശ്രമിച്ചാട്ടെ. കൂട്ടത്തിലെ സീനിയർ സിസ്റ്റർ അച്ഛനോട് പറഞ്ഞു.

മ്മക്ക് ഇപ്പോ ഒരു സൂക്കടൂല്യ സിസ്റ്ററേ. ന്നെ വിടാഞ്ഞാ നാളെ ങ്ങള് ഇരുന്നൂറ്റി അറുപത്തെട്ടിലെ രോഗി ചാടിപ്പോയീന്ന് കേക്കും.

ചെറുചിരിയോടെ അച്ഛനെ എന്നെയും മാമനെയും ഏൽപ്പിച്ച് മറ്റു മുറികളിലേക്ക് നഴ്സുമാർ അകന്നുപോയി.

ഞാൻ അച്ഛനെ സമീപിച്ചു. എന്നിൽ നിന്നും അനുകൂല തീരുമാനം കേൾക്കുമെന്ന പ്രതീക്ഷയോടെ അച്ഛൻ മന്ദഹസിച്ചു. ക്ഷൌരം ചെയ്യാൻ വൈകിയ മുഖത്ത് ദൈന്യതയുടെ ആവരണമുണ്ട്.

എന്തായാലും കഞ്ഞി ചൂടോടെ കുടിയ്ക്ക് അച്ഛാ, ഗംഗമാമേ വരൂ. ഇഡ്ഢലി കൊണ്ടുവന്നിട്ടുണ്ട്. എടുക്ക്.

ഞാൻ റൂമിലെ മേശപ്പുറത്ത് വെച്ച് ടിഫിൻകാരിയറുകൾ തുറന്നു. അച്ഛൻ ഒരു സ്പൂണെടുത്ത് മാമയേയും തന്റെ കൂടെ ഇരുന്ന് ഭക്ഷിക്കാൻ ക്ഷണിച്ചു.

പഴയ ഉൾനാടൻ ചങ്ങാതിമാരുടെ ഓരോരോ രീതികൾ കൗതുകത്തോടെ കാണുകയാണ്. അച്ഛന് ഇന്നും ഭക്ഷണത്തോട് താല്പര്യമില്ല. ഡോക്ടർ കുടലിലാണ് അസുഖമെന്ന് കണ്ടെത്തിയിട്ടുണ്ട്. അൾസറാണെന്നും അല്പം സീരിയസ്സാണെന്നും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. പൊതുവെ കഞ്ഞിമാത്രം ശീലമുള്ള ആൾക്ക് ഇതെങ്ങനെ സംഭവിച്ചു? ഇനിയും ഇവിടെ കിടത്തി പരിശോധനകൾ വേണം. താണുവൈദ്യരായിരുന്നെങ്കിൽ കണ്ണും വായും തുറന്നു നോക്കി എളുപ്പം സൂക്കേട് കണ്ടുപിടിക്കുമായിരുന്നെന്ന് അച്ഛൻ. അറുപത്തിയൊൻപത് വയസ്സിലിടയ്ക്ക് ഇതാദ്യമായാണച്ഛൻ കുപ്പായവും കോട്ടുമൊക്കെയിട്ട ഡോക്ടർമാരുടെ കസ്റ്റഡിയിലാവുന്നത്. ഒരുമാതിരിപ്പെട്ട ഏതസുഖം വന്നാലും കുപ്പായമേ ഇട്ടിട്ടില്ലാത്ത താണു വൈദ്യരും മൂപ്പരുടെ മടിയിലെ ചെല്ലപ്പെട്ടിയുമാണ് അച്ഛന്റെ തലമുറക്കാർക്ക് സൂപ്പർ സ്പെഷൽ. ഉള്ള്യേരിക്കാരുടെ സ്വന്തം വൈദ്യൻ പക്ഷേ പ്രമേഹത്തിന്റെ പിടിയിലമർന്ന് മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ വാർഡിൽ ആഴ്ചകളോളം കിടന്ന് മാനക്കേടിനിരയായി!....

ടിഫിൻ കാരിയറുകൾ ഒഴിഞ്ഞതും ഇന്നുതന്നെ വീട്ടിലെത്തണമെന്ന അച്ഛന്റെ ആവശ്യം കടുത്ത നിർബന്ധമായി. ഗുളികകൾ പൊരേല് ചെന്ന് കുടിച്ചോളാം- വേണെങ്കി നാലീസം കയിഞ്ഞാ ഇങ്ങോട്ടു വരാലോ-

രാജീവെ മ്മള് എന്തുപറഞ്ഞിട്ടും കാര്യല്യ. മാമ രാത്രീല് കൊറെ പറഞ്ഞതാ. കേക്കണ്ടേ? നീയ്യ് ആസ്പത്രീന്ന് വിടാനുള്ള കടലാസ് ശര്യാക്കുന്നതാ നല്ലത്

പണ്ടുമുതലേ അച്ഛനെ അറിയുന്ന ഗംഗമാമ ഇടപെട്ടു. ഇങ്ങനെയൊരു കാര്യം തീരെ പ്രതീക്ഷിച്ചതല്ല.

മനമില്ലാ മനസ്സോടെ ഡ്യൂട്ടിഡോക്ടറെ കണ്ട് ഡിസ്ചാർജ്ജ് എഴുതിവാങ്ങി. ബില്ലുകൾ കൌണ്ടറിലടച്ച് റൂമിൽ തിരിച്ചുവന്നു. നേരത്തേതന്നെ ഒരുങ്ങിയിരുന്ന അച്ഛൻ മുന്നിലും മാമനും ഞാനും പിന്നിലുമായി പുറത്തിറങ്ങി. എന്തൊരു ഉത്സാഹത്തി ലാ അച്ഛൻ മാർബിൾ പടവുകൾ ഇറങ്ങുന്നത്!.ഞങ്ങൾ ഒപ്പമെത്താൻ പാടുപെടുന്നു. ഡോക്ടർ എഴുതിയ മരുന്നുകൾ താഴെ നിലയിലെ ഫാർമസിയിൽ നിന്നും വാങ്ങി. ക്യൂ നിൽക്കുന്നതിനിടെ ചാന്ദ്നിക്ക് വിവരങ്ങൾ കൊടുത്തു.

അച്ഛനേയും മാമയേയും പ്രവേശന കവാടത്തിനരുകിലെ ഇരിപ്പിടങ്ങളിലിരുത്തി മിംസിന്റെ പാർക്കിങ് ഏരിയയിൽ ബോധമറ്റുറങ്ങുന്ന വാഹനങ്ങൾക്കിടയിൽ നിന്നും എന്റെ വണ്ടിയെ ഉണർത്തി പ്രവേശന കവാടത്തിൽ വന്നു. മാമനും അച്ഛനും വണ്ടിയിൽ കയറിഇരുന്നു.

കയറി ഇരുന്നതും അച്ഛനെന്നെ ഓർമിപ്പിച്ചു: -
ഉള്ള്യേരിക്ക് പോവാൻ ഞങ്ങക്ക് കാറൊന്നും വേണ്ടെടാ. എനിയ്ക്കിപ്പോ കൊയപ്പൊന്നൂല്ല്യ. ഞങ്ങളെ പുത്യസ്റ്റാന്റില് വിട്ട് നീയ് ആപ്പീസി പൊക്കോ. ലീവുകളേണ്ട....
എന്നാലും ടാക്സി സ്റ്റാന്റിലാണ് ഞാൻ നിർത്തിയത്. യാത്രയ്ക്കിടെ അച്ഛൻ മാമനോട് കൊപ്പരയുടെ വിലതകർച്ചയിൽ വ്യാകുലപ്പെട്ടുകൊണ്ടിരുന്നു. വണ്ടിയിൽ നിന്നും ഞങ്ങൾ ടാക്സി സ്റ്റാന്റിലിറങ്ങി. ടാക്സിസ്റ്റാന്റ് നാലുമണിക്ക് ശേഷമുള്ള എന്റെ ആപ്പീസിനെ ഓർമ്മിപ്പിക്കുന്നു! (റെയിൽവേ സീസൺ ടിക്കറ്റുകാരെല്ലാം നാലര ട്രെയിൻ പിടിയ്ക്കാനോടും. തൊട്ടുപിറകെ മറ്റുള്ളവരും.) സ്റ്റാന്റിൽ ഒറ്റ കാറുകളില്ല. ഞാൻ മരുന്നുകളും ടാക്സിചാർജ്ജിനുള്ള നോട്ടുകളും മഞ്ഞഷർട്ടിന്റെ പോക്കറ്റിലിട്ടുകൊടുത്തു.

ഇന്ന് ചെയ്തേ തീരൂ എന്നുള്ള ജോലികൾ എന്നെ ഇവരെ അനുഗമിക്കുന്നതിൽ നിന്നും വിലക്കുകയാണ്. നാളെത്തന്നെ വീട്ടിലെത്താമെന്ന് ഉറപ്പുകൊടുത്ത് , ടാക്സിയിൽ മാത്രമേ പോകാവൂ എന്ന് മാമനെ ചട്ടം കെട്ടി ,ഞാനെന്റെ ഓഫീസിനെ ലക്ഷ്യമിട്ടു.

കൂട്ടലുകളും കിഴിക്കലുകളുമായി സബ്ഡിവിഷൻ സുഹൃത്തുക്കളുടെ ശമ്പളബില്ലുകൾ രൂപപ്പെട്ടുവരുന്നതിനിടെ മദ്ധ്യാഹ്നം എന്റെ പോക്കറ്റിലെ കീർത്തനത്തിലൂടെ അടർന്നു വീണു. ഞാൻ കീർത്തനം നിർത്തിയപ്പോൾ ഗംഗമാമ എന്റെ ചെവിയിൽ പറയുന്നു: - നോക്ക് രാജിവെ നെന്റെച്ഛൻ കാറെടുക്കാൻ ന്നെ ബിട്ടില്ല. ഞങ്ങള് ടി.ടീലാ പോന്ന്... യ്യ് കൊടുത്ത പൈസക്ക് തേങ്ങ കച്ചോടാക്കി. നാളെ കൊപ്പരാക്കാനാ മൂപ്പരെ പരിപാടി.




ഇലക്ട്രിക്കൽ വയർമെൻ
അസോസിയേഷൻ (CITU)
ടൗൺ ഏരിയാ സമ്മേളനം
കെ.എസ്.ടി.എ. ഹാളിൽ
ടി.കെ. സിദ്ധിഖ് ഉദ്ഘാടനം
ചെയ്യുന്നു.
പുതിയ ഭാരവാഹികൾ
പ്രസിഡണ്ട് : എം. വത്സൻ
സെക്രട്ടറി : സി. ഷൈജു
ട്രഷറർ : കെ. രാജേഷ്







# ഒരുമ റസിഡൻസ് അസോസിയേഷൻ
## കൊമ്മേരി, കോഴിക്കോട് - 7

ഈസ്റ്റ് കൊമ്മേരി "ഒരുമ" റസിഡൻസ് അസോസിയേഷൻ മലയാള ഭാഷാ ദിനാചരണത്തിന്റെ ഭാഗമായി 12 വയസ്സുമുതൽ 25 വയസ്സുവരെയുള്ളവർക്ക് പ്രസംഗമത്സരം നടത്തി. പ്രസിഡണ്ട് എം. ശ്രീധരന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിന്റെ ഉദ്ഘാടനം കൊൺസിലർ കെ. ദേവകി നിർവ്വഹിച്ചു. ജില്ലാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അസി. ഡയറക്ടർ എസ്. കൃഷ്ണകുമാർ മുഖ്യാതിഥിയായിരുന്നു. ശ്രീ. വടക്കേടത്ത് രാഘവൻ നായർ (മുൻ അർബൺ ബാങ്ക് മാനേജർ), എൻ. രാധാകൃഷ്ണൻ, ഇ. ജയരാജൻ, ഒ.എം. അശോകൻ, മുക്കണ്ണിയിൽ ചന്ദ്രൻ, കെ.സി. പത്മനാഭൻ, വി. ശ്രീധരൻ നായർ തുടങ്ങിയവർ സംസാരിച്ചു.

# തായ്കാൺ ഡോയിൽ ബ്ലാക് ബെൽട്ട്


**ആകാശ് യു.കെ.**
അമ്പാടി, ചിപ്പിലിപ്പാറ
കുറ്റിയിൽ താഴം

വേൾഡ് തായ്കാൺഡോ ഫെഡറേഷന്റെയും ഇന്ത്യൻ തായ്കാൺ ഡോ ഫെഡറേഷന്റെയും അംഗീകാരമുള്ള കൊറിയൻ ആയോധന കലയായ തായ്കാൺഡോയുടെ തിരുവനന്തപുരം എൽ.എൻ.സി.പി. യിൽ വെച്ചുനടന്ന ബെൽട്ട് ടെസ്റ്റിൽ ആകാശ് യു.കെ. ബ്ലാക്ക് ബെൽട്ട് കരസ്ഥമാക്കി. കുന്നത്ത് ഹരിദാസന്റെ ശിക്ഷണത്തിൽ മാങ്കാവ് ലൂനാ ആട്സ് ആന്റ് സ്പോർട്സ് ക്ലബിൽ പരിശീലനം നേടിവരുന്നു. ദേവഗിരി സാവിയോ സ്കൂൾ 6-ാം തരം വിദ്യാർത്ഥിയായ ആകാശ് യു.കെ. 5 വർഷമായി പരിശീലനം തുടങ്ങിയിട്ട്. ഇതിനകം നിരവധി ജില്ലാ സംസ്ഥാന മത്സരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.

ന്യൂകാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്
മൂരിയാട് റോഡ്
പുതിയപാലം, കോഴിക്കോട്
കാർ സ്പ്രേപെയിന്റിങ്ങ്, ബോഡി വർക്സ്,
എഞ്ചിനീയറിംഗ് വർക്ക്സ്
ഫോൺ : മണി 9846386998

WRANGLER MENS WEAR
Mankave, Calicut - 7
Ph : 9847446995

SURPRISE AQUARIUM
കണക്കശ്ശേരി ബിൽഡിംഗ്,
മിനി ബൈപ്പാസ് റോഡ്, മാങ്കാവ് - 673007
നിങ്ങളുടെ സൗകര്യാർത്ഥം അക്വേറിയം വീടുകളിൽ വന്ന് സർവ്വീസ് ചെയ്യുകയും നിർമ്മിച്ചു നൽകുകയും ചെയ്യുന്നു.
മുജീബ്: 9544558822, 9744615436

പരിശുദ്ധമായ
ഉഴുന്നുമാവിൽ
തയ്യാർ ചെയ്ത ശാസ്താപപ്പടം
(കുടിൽവ്യവസായം)
കാവിൽതാഴം, കോഴിക്കോട്
ഫോൺ :
മോഹനൻ - 9895214370

രുചികരമായ ഭക്ഷണ പദാർത്ഥങ്ങൾക്ക്
ടി.പി. ടീ സ്റ്റാൾ
കുറ്റിയിൽതാഴം,
കോഴിക്കോട്
മനോജ് 9847915793

MANAMKULAM ENTERPRISES
Chalappuram P.O., Calicut-673 002, Kerala
Ph: Off: 2302884, Res: 2301916 Mohammed Ashraf: 9847755130
ANCHOR PLYWOOD
Dealers: Plywoods, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc.

P.V. ENTERPRISES
DEALERS IN ELECTRICAL & PLUMBING MATERIALS
17/1894/A6, Abba Arcade Building,
East Kottaparamba,
G.H. Road, Kozhikdoe-1.
Ph:0495 4025101, 3042762 Mob: 9387338100

Universal College
MANKAVE, CALICUT - 7
*Classer for: Spoken English, Computer & Accountancy*
Contact No: 9387524341, 9895647906

Highness Cool Refrigeration & Air Conditions
NEAR POST OFFICE, MANKAVE, CALICUT - 7
*(Service for Airconditioner, Refrigerator, Washing Machine, Spray Painting,etc.)*
*Mob: 9349810003*

SREELAKSHMI ENTERPRISES
MANKAVE, CALICUT
Ph: 9847005566, 9847140046
Dealers of: Jhonson & Jhonson

AIWA TAILORING
(GENTS)
*Sreevalayanad,*
*Kozhikode - 673007*
*Ph: Baiju : 9037164023*

Design World
ALUMINIUM FABRICATION
THE SIGN OF GOOD DESIGN

Neythukulangara, Calicut.
Mob: 9847001301- Sreekanth
9747754000- Vinoj, 9562071027- Siraj
All type Aluminium Partitions, Doors, Windows, Kitchen Cabinet, Aluminium Composite Panels,Glass Partitions, Fiber Doors, False Ceiling & Steel Fabrication

കഥ

# ഒരു ദിവസം



വിഷ്ണു എസ്. ഭട്ടതിരി
ചെങ്ങന്നൂർ

ഒന്നു കൊണ്ടും ഒരു നല്ല ദിവസത്തിന്റെ തുടക്കമായിരുന്നില്ല. അന്ന്; പതിവിലും ഇരുപത് മിനിറ്റ് വൈകിയുള്ള എഴുന്നേൽക്കൽ വെളുപ്പിന് കറണ്ട് പോയതു കൊണ്ട് ടാങ്കിൽ വെള്ളം തീർന്നതിനാൽ കിണറ്റിൻ കരയിൽ നിന്നുള്ള കുളി. കുളിയ്ക്കിടയിൽ സോപ്പ് കിണറ്റിൽ വീഴുന്നു. തോർത്തിക്കയറുമ്പോൾ ആറടിയ്ക്കു മുകളിലുള്ള തല മുറിയുടെ കട്ടിളയിൽ ഇടിച്ചതും ആഹാരം കഴിച്ചപ്പോൾ നെറുകയിൽ കയറിയതും എന്നു വേണ്ട എന്തുകൊണ്ടും ഒരു ദിവസത്തിന്റെ ശുഭാരംഭം ആയിരുന്നു അന്ന്.

പഠനം പൂർത്തിയാക്കിയശേഷമുള്ള ആദ്യത്തെ ഇന്റർവ്യൂ ആണ്. ഈ ദിവസമല്ലാതെ മറ്റേത് ദിവസമാണ് അതിനു നല്ലത്. ഭിത്തിയിലെ അച്ഛന്റേയും വാതിലിനടുത്തായിട്ടുള്ള അമ്മയുടേയും അനുഗ്രഹം വാങ്ങി പുറത്തേക്കിറങ്ങി ആദ്യം കാണുന്നത് ചേനാട്ടെ വലിയ തന്ത്രിയെയാണ്. കാര്യം ആള് വലിയ മനുഷ്യനാണെങ്കിലും ഒരു വഴിയ്ക്കിറങ്ങുമ്പോൾ ഒറ്റ ബ്രാഹ്മണനെ കണ്ടു കൊണ്ടിറങ്ങരുത് എന്നു പറയാറുണ്ട്. എല്ലാം ആ ദിവസത്തിന്റെ ഭാഗ്യം!. പറമ്പു കടന്ന് റോഡിലെത്തിയപ്പോൾ പാൻസിന്റെ ഇടതുകാലിൽ അല്പം ചളി പറ്റിയോ എന്നൊരു തോന്നൽ. ഒടുവിൽ നിവൃത്തിയില്ലാതെ അതു വെറുമൊരു തോന്നൽ മാത്രമായി അവശേഷിപ്പിച്ചു.

കവലയിൽ ഒരു സമ്മേളനം നടക്കുകയായിരുന്നു. രക്തസാക്ഷി മണ്ഡപത്തിന്റെ അടുത്തായി കുറച്ച് ആളുകൾ കൂടി നിന്നിരുന്നു.

ബസ്സ്സ്റ്റോപ്പിൽ ആകെ രണ്ടുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒമ്പതേകാലിന്റെ ബസ്സ് പോയിട്ടില്ല, എന്നുറപ്പായി ആ സന്തോഷം സഹിക്കവയ്യാതെ സമ്മേളനത്തിന്റെ ഇടയിലൂടെ നേരെ ചെന്നു കയറിയത് ഒരു പെട്ടിക്കടയിലേക്കാണ്.

ഒരു ഗോൾഡ്, ഒരു സോഡ, രണ്ടു പഴം

സിഗരറ്റ് ഞാൻ പോക്കറ്റിലിട്ടു. സോഡ വായിലേക്കൊഴിച്ചു. പഴത്തിലൊന്ന് തൊലിച്ചു. ശേഷം വായിലേക്ക് തിരുകി. കൈയ്യിലിരുന്ന സർട്ടിഫിക്കറ്റ് ഫയൽ ഇതിനിടയിലെപ്പോഴോ കടയുടെ തടിപ്പട്ടികയിൽ വച്ചിരിക്കണം.

രാവിലെ കഴിച്ചത് പോരാഞ്ഞ് സോഡയും പഴവും കഴിക്കുന്നത്, അഹങ്കാരമൊന്നുമല്ല, വിശന്നിട്ടാണ്. ഒരു വഴിക്കു പോകുവല്ലേ, വിശന്നുവലഞ്ഞു പോകണ്ട എന്നു കരുതി.

ഒന്നാമത്തെ പഴം തൊണ്ടയിൽ കൂടി പോയോ, എന്ന് കൃത്യമായിട്ടറിയില്ല. രണ്ടാമത്തെ പഴം കൂടി ഞാൻ




വായിലേക്ക് തിരുകി.

ഇടയ്ക്കെപ്പോഴോ ബസ്സ് സ്റ്റോപ്പിലേക്ക് നോക്കിയപ്പോൾ അവിടെ ആരേയും കാണാൻ കഴിഞ്ഞില്ല. കുറച്ചുമാറി ബസ്സ് വന്ന് നിന്നതും അതിലേക്കവർ കയറുന്നതും മാത്രമാണ്, കാണാൻ കഴിഞ്ഞത്. രക്തസാക്ഷി ദിനത്തിലെ വിപ്ലവഗാനം ഉച്ചഭാഷിണിയിലൂടെ കേൾക്കുന്നതിനാൽ ബസ്സ് വന്നത് അറിഞ്ഞില്ല, എന്നു വേണമെങ്കിൽ പറയാം. കേൾക്കുമ്പോൾ നാടകീയമായി തോന്നാമെങ്കിലും വിശ്വസിച്ചേ പറ്റൂ. ഇവിടെയാണ് ലോകം ഒരു നാടകമാണ് എന്നു പറഞ്ഞ ഷേക്സ്പിയറെ ഓർക്കേണ്ടത്.

ഷേക്സ്പിയറെ ഓർമ്മിച്ച എനിക്ക് പെട്ടിക്കടയിൽ വച്ച സർട്ടിഫിക്കറ്റ് ഫയൽ ഓർക്കാൻ കഴിഞ്ഞില്ല എന്നതാണ് വാസ്തവം. സർട്ടിഫിക്കറ്റ് ഫയൽ എടുക്കാതെ ബസ്സിനുപുറകേ ഓടിയ എനിക്ക് തോന്നി, അത് ശരിയല്ലെന്ന്.

ഒരു ഇന്റർവ്യൂവിന് പോകുമ്പോൾ സർട്ടിഫിക്കറ്റ് കൊണ്ടു ചെന്നില്ലെങ്കിൽ മോശമല്ലേ, ഒന്നുമില്ലേലും ഇന്റർവ്യൂ അധികൃതർ എന്തു കരുതും.

അതുകൊണ്ടുമാത്രം, ഫയൽ എടുക്കാൻ ഞാൻ കടയിലേക്ക് തിരിച്ചോടി. അപ്പോഴേക്കും ബസ്സ് പുറപ്പെട്ടുകഴിഞ്ഞിരുന്നു.

India's No - 1

**AKSHAYA WATER PROOFING**



29/851, Kottoli, Mavoor Road,
Kozhikode - 673016


*Mob : P.P. Pradeep - 9447312616, 9037940457*

*Email: aakshayawaterproof@gmail.com*



ചോർച്ചയിൽ നിന്നും
എന്നന്നേക്കും മോചനം
ഗ്യാരണ്ടിയോടുകൂടി
ചെയ്തുകൊടുക്കുന്നു.

---



**YES KEY ELECTRICALS & ENGINEERING WORKS**

*Puthiyapalam*
*Calicut*

*K.P. Sunilkumar*

*Mob: 9847390950*
*Ph: 0495-2702073*
*Resi: 9048594525*

---

**കൊമ്മേരി**
**ജ്വല്ലറി**



കമ്മത്ത് ലൈൻ, പാളയം റോഡ്
കോഴിക്കോട് - 673 001
ഫോൺ - 2702301, 9847301916

---

**GEEYEL SONS** Mob: 9349344534

ENGINEERING WORKS

Pottammal - Palazhi Road,
Near Ollur Temple Bus Stop, Kozhikode



*Tarmixing plant, Road Roller,*
*Concrete Mixer mechian etc.*
*All kinds of Engineering works*

---

**ചേതന വുഡ്‌വർക്സ്**

വെസ്റ്റ് മാത്തറ, കോഴിക്കോട് - 14
ഫോൺ: 9495860019, 9495859224

മര സംബന്ധമായ എല്ലാ
ജോലികളും ചെയ്ത്കൊടുക്കുന്നു.



എല്ലാവിധ ഫർണ്ണിച്ചറുകളും
നിർമ്മിച്ചുകൊടുക്കുന്നു.
കട്ടില, ജനൽ,
ഡോർ ഫ്രെം, ചാരുപടി,
കിച്ചൺ കബോഡ്,
സ്റ്റെയർകെയ്സ് എന്നിവ
ഓർഡർ പ്രകാരം
നിർമ്മിച്ചുകൊടുക്കുന്നു.



---

*SANDEEP DAMODAR*
*9349414141, 8086441441*

For Quality
*Studio Portraits & Out Door Groups,*
*Wedding & Function Flash Photos*
*in Colour - Black & White & Other*
*Photographic Services.....*

**PHOTO SQUARE**

M.C. COLLEGE CROSS ROAD, KOZHIKODE - 673011

***PHOTOGRAPHY - VIDEOGRAPHY***

ഈ ബസ്സ് പോയാൽ അടുത്ത ബസ്സ് എന്ന് ഞാൻ ചിന്തിക്കാതിരുന്നില്ല. പക്ഷേ അടുത്ത ബസ്സ്, ഒരു മണിക്കൂർ കഴിഞ്ഞേ ഉള്ളൂ എന്നറിയാവുന്നതു കൊണ്ട് എനിക്കീ ബസ്സ് കിട്ടിയേതീരു. ഇതിനിടയിലെപ്പോഴോ, തൊണ്ടയിൽ നിന്നും ഒന്നാമത്തെ പഴം പൂർണ്ണമായും ഇറങ്ങി എന്നെനിക്കു തോന്നി. രണ്ടാമത്തെ പഴം പല്ലുകൾക്കിടയിൽ ചതയ്ക്കപ്പെട്ടു. സർട്ടിഫിക്കറ്റ് ഫയൽ എടുത്ത് പോരുമ്പോൾ കടക്കാരൻ, പത്തിന്റെ ഒരു ഗാന്ധി ചോദിച്ചു. പോക്കറ്റിൽ നിന്നും ഏതു ഗാന്ധിയെ ആണ് കൊടുത്തത് എന്നോർമ്മയില്ല. ഞാൻ ബസ്സ്റ്റോപ്പിലേക്കോടി. വിപ്ലവ ഗാനം അതിന്റെ അവസാന വരികളിലേക്ക് കടന്നിരിക്കുന്നു എന്നു ബോധ്യമായി. ഗായകന്റെ ശബ്ദം മങ്ങിത്തുടങ്ങിയിരുന്നു.

ഒന്ന് നിർത്തണേ! ആള് കയറാനുണ്ടേ! എന്നു ഞാൻ മലയാളത്തിൽ പറഞ്ഞു നോക്കി. പുറത്തു വന്നതു ഏതു ഭാഷയാണെന്ന് കൃത്യമായിട്ടറിയില്ല. കുരിശ്ശടിയുടെ വളവ് തിരിയും വരെ ഞാൻ ബസ്സിനു പുറകേയോടി. രണ്ടാമത്തെ പഴം ചതയ്ക്കലിനൊടുവിൽ വിഴുങ്ങിയത് ആ സമയത്താണ്.

ഇതിനിടയിൽ എവിടെ നിന്നോ എന്റെ മനസ്സിലേക്ക് നിരാശ വലിഞ്ഞുകയറി വന്നു. അതു മുഖത്ത് വെട്ടപ്പെടുത്താതെ മറ്റു മാർഗ്ഗമൊന്നുമില്ലായിരുന്നു.

രക്തസാക്ഷിയെ ഓർമ്മിച്ചു കൊണ്ടുള്ള സമ്മേളനത്തിനടുത്തേക്ക് ഞാൻ നടന്നു നീങ്ങി.

ഇനിയെന്തു ചെയ്യണമെന്നറിയാതെ അങ്ങനെ നിന്ന സമയത്ത്, അറുപതു കഴിഞ്ഞ ഒരു കാരണവർ എന്റെ അടുത്തേക്ക് വന്നു.

ആ ബസ്സ് പോയി അല്ലേ? – അയാൾ നിസ്സഹായതയോടെ എന്നോട് ചോദിച്ചു.

ഞാൻ ദയനീയമായി തല യാട്ടി.


എന്റെ തലയാട്ടൽ അയാൾക്കത്ര ഇഷ്ടപ്പെട്ടു കാണില്ല. എന്നു തോന്നുന്നു.

വണ്ടി നിർത്താൻ വിളിച്ചു കൂവാമായിരുന്നില്ലേ പിന്നേയും!

തന്റെ വായിലെന്താ പഴമായിരുന്നോ........! അയാളുടെ ചോദ്യംകേട്ട്

ഈ ലോകത്തിലെ ചെറുതും വലുതുമായ എല്ലാ പഴങ്ങളും എന്റെ മനസ്സിലേക്കോടിയെത്തി. ●






മിസ്റ്റർ ബാർബെൽ 2012 ആയി തിരഞ്ഞെടുക്കപ്പെട്ട പ്രസീബ്


കോട്ടയം ഈരാറ്റുപേട്ടയിൽ വച്ച് നവംബർ 13,14 തിയ്യതികളിൽ നടന്നതായ കേരള സംസ്ഥാന മാസ്റ്റേർസ് പവ്വർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ കോഴിക്കോട് ജില്ലക്കായി പങ്കെടുത്ത് 120 കി.ഗ്രാം വിഭാഗത്തിൽ സ്വർണ്ണമെഡൽ നേടിയ ശ്രീകുമാർ 105 കി. ഗ്രാം വിഭാഗത്തിൽ സ്വർണ്ണമെഡൽ നേടിയ മാത്യു ടി.ജെ. 93 കിഗ്രാം വിഭാഗത്തിൽ വെള്ളിമെഡൽ നേടിയ ഗണേശൻ എ, 59 കിഗ്രാം വിഭാഗത്തിൽ ഓടു മെഡൽ നേടിയ അനിൽകുമാർ എം.പി. എന്നിവർ കുതിരവട്ടം ബാർബെൽ ക്ലബ്ബ് അംഗങ്ങളാണ്.


# നക്ഷത്രരാജ്യം മാസിക 3–ാം വാർഷികാഘോഷവും കലാപരിപാടികളും 2012


## 2012 മെയ് 25–ാം തിയ്യതി 3 മണിമുതൽ കോഴിക്കോട് ടൗൺഹാളിൽ അരങ്ങേറിയ കലാപരിപാടികളുടെയും സമ്മേളനങ്ങളുടെയും ദൃശ്യങ്ങൾ















## നക്ഷത്രരാജ്യം മാസിക വാർഷികാഘോഷ കമ്മറ്റി ഭാരവാഹികൾ

**രക്ഷാധികാരി: നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**


പ്രസിഡണ്ട് :
അനിൽ സി. മലയത്ത്



വൈസ് പ്രസിഡണ്ട് :
രാജേഷ് പൈക്കാട്ടിൽ


വൈ. പ്രസിഡണ്ട് :
സി.കെ. രാഘവൻ പുത്തൂർ



സെക്രട്ടറി :
കാക്കൂർ സി. ബാലൻ


ജോ. സെക്രട്ടറി
റിലേഷ്



ട്രഷറർ :
ഷൈജു സി.




പ്രവർത്തക സമിതി
പ്രസാദ് അരീക്കര  പി.വി. പോൾരജ്




# കുഞ്ഞുബുദ്ധനല്ല മഹാബുദ്ധൻ



മഞ്ഞപ്ര ഉണ്ണികൃഷ്ണൻ

## ശ്രീ സുകുമാർ കൂർക്കഞ്ചേരിയുടെ കുഞ്ഞുബുദ്ധൻ എന്ന ബാലകവിതാ ഗ്രന്ഥത്തെക്കുറിച്ച്



മനുഷ്യചരിത്രത്തിൽ മഹത്തരമായി ത്തീരുന്ന ജീവിതത്തിലെ വ്യക്തികളാണല്ലോ മഹാന്മാർ. എന്തുകൊണ്ടും ആദ്യമായി പരിഗണിക്കപ്പെട്ടു വരുന്ന പേരാണ് ഗൗതമമുനിയുടേത്. അദ്ദേഹത്തെ മഹാ ബുദ്ധനെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. കഥകളെ പൊതുവെ ഒരു കുട്ടിത്വത്തിന്റെ ഈടുവെയ്പുകളാവുന്നത് സ്വാഭാവികമായി മുത്തശ്ശിക്കഥകളുടെ പാരമ്പര്യമാണെന്ന് പറയാം. എന്നാൽ കവിതകളാണെങ്കിലോ? കുട്ടിത്തം ആഴത്തിലുള്ള കുട്ടികൾക്കുള്ള കവിതകളാണ് കുഞ്ഞുബുദ്ധൻ എന്ന കവിതാസമാഹാര ത്തിലൂടെ ശ്രീ സുകുമാർ കൂർക്കഞ്ചേരി വായന യ്ക്കു തുറന്നു തരുന്നത്. അവതാരികയിൽ കുഞ്ഞുണ്ണിമാഷ് പറഞ്ഞു വയ്ക്കുന്നു. ഈ കവിതകളിലെമ്പാടും കുട്ടിത്തമുണ്ട്. അതുകൊണ്ടു തന്നെ കുട്ടികൾ ക്ക് ഇഷ്ടാവും. എത്ര ശരിയായ ബോധ്യം. ബുദ്ധനും കുഞ്ഞുണ്ണിമാഷും കൂർക്കഞ്ചേ രിയും.

ബുദ്ധിസത്തിന്റെ സ്വതന്ത്രഗവേഷകനെന്ന് പരിചയ പ്പെടുത്തുന്ന കൂർക്കഞ്ചേരിയുടെ കുഞ്ഞുബുദ്ധ നിൽ നിറഞ്ഞുനിൽക്കുന്നതാവട്ടെ വലിയവർക്കുകൂടി വേണ്ടി എഴുതപ്പെട്ട കുട്ടിക്കവിതകളാണ്.

ഏതാണ്ട് രണ്ടുദശകം മുമ്പുള്ള അവതാരികയാണെ ങ്കിലും അന്ന് കുട്ടിയായിരുന്നാൽ ഇന്ന് യുവാക്കളായി ട്ടുള്ളവർക്കു കൂടി ഈ കവിതകൾ പുതു ദർശനം നൽകുന്നുണ്ട്. പല തരത്തിലും കുഞ്ഞുണ്ണിമാഷുടെ നൈസർഗികമായ ലാളിത്യം കൂർക്കഞ്ചേരിയുടെ ഈ കൃതിയിൽ കാണാം. ബുദ്ധൻ ഒരു ഗുരുവായിരുന്നല്ലോ. അതിനാൽ ഈ കൃതിയിലെ ആദ്യ കവിതമുതൽ പഠനശീലത്തിന്റെ നൈര്യന്തര്യ ത്തിലേക്ക് കുട്ടികളെ കൂട്ടിപ്പോവും. ഒന്നാം പാഠം മുതൽ അറിവിന്റെ വെട്ടം എത്തിപ്പിടിയ്ക്കും വരേയ്ക്കുള്ള ഘട്ടങ്ങളെ കവി കുട്ടികൾക്ക് കാണിച്ചുകൊടുക്കുന്നു. അതുകൊണ്ട് കൂടിയാവണം ജ്ഞാനബുദ്ധനെ കുഞ്ഞുബുദ്ധനാക്കി യത്. ഇവിടെ എനിക്കോർമ്മ വന്നത് വൈലോപ്പിള്ളി കവിതയാണ്.

വാക്കുകൾ കൂട്ടിചൊല്ലാൻ  
വയ്യാത്ത കിടാങ്ങളെ  
ദീർഘവീക്ഷണം ചെയ്യും  
ദൈവജ്ഞരല്ലോ നിങ്ങൾ

ഏത്ര സത്യമാണത്. ഈ കുട്ടി ദർശനത്തിൽ നിന്നും വെളിപാടുകൾ ഉറന്നു വരികതന്നെയാണ്.

സൈക്കിൾ,ബിന്ദു എന്നീ കവിതകളിലും ഈ പ്രപഞ്ചവീക്ഷണം കാണാം. മനുഷ്യന്റെ നിസ്സാരതയും എന്നാൽ അഹന്തയിൽ അഭിരമിക്കുന്നതിനേയും എത്ര ശക്തമായ രീതിയിലാണ് കുട്ടികൾക്ക് ബോധ്യപ്പെടുക.

പ്രപഞ്ച വസ്തുക്കളോട് കവി യ്ക്ക് തോന്നുന്ന വിസ്മയം കുട്ടികളുടെ വിസ്മയത്തിന് തുല്യമാണെന്ന് ദ്യോതിപ്പിക്കു ന്ന നിരവധി കവിതകളുണ്ട് ഈ ബാലസാഹിത്യകൃതിയിൽ.

കവിതയിലെ വാക്കുകളുടെ താളം അതിലെ പ്രാസാക്ഷര ങ്ങളാണെന്ന് ഏത് വായനക്കാ രനും ബോധ്യമാവും. കുപ്പായം, മിന്നാമിനുങ്ങ്, അരുവിക്കരെ, തുടങ്ങിയ ചെറുകവിതകളിലും ഇതൊക്കെ അനുഭവിയ്ക്കാം. ഇത്തിരിപൂതാ., വ്യത്യാസം തുടങ്ങിയ പല കൊച്ചു കവിത കളിലും ഗാനാത്മകത നിറ ഞ്ഞുനിൽ ക്കുന്നതിനാൽ കുട്ടികൾക്ക് ചൊല്ലി പഠിക്കാ ൻ എളുപ്പമാവും. പല കുട്ടി ക്കവിതകളുടെയും വിഷയ മായ ചെണ്ട,ആന, മഴ,വെയിൽ,മഞ്ഞ് തുടങ്ങിയവ ഈ കൃതിയിലും കാണാം. ഇതിലെ ഏറ്റവും പ്രധാനപ്പെട്ട കവിത ബുദ്ധപൂർണ്ണിമ തന്നെയാണ്. ബുദ്ധനെ കുട്ടികൾക്ക് പരിചയപ്പെടു ത്താൻ ഇതിലും നന്നായി കഴിയുമോ എന്ന് സംശയമാണ്. അത്ര ഗംഭീരമാണ് വരികൾ.

കുഞ്ഞേ, കുഞ്ഞിന്നറിയാമോ  
കുഞ്ഞുമനസ്സിന്നുള്ളിലെ ബുദ്ധൻ  
മുറ്റത്താലിൻ തടിയും ചാരി  
ചോട്ടിലിരിക്കേ...  
അമ്പിളിവാനിലുദിച്ചതുപോലെ  
ബോധമുദിച്ചൂ...  
ശോകമകറ്റാനായി....

അവസാനത്തെ കവിതയായ കൂട്ടക്ഷരക്കവിത ഒരു ഹാരാർപ്പണമാണ്. ഓരോ അക്ഷരത്തിലൂടെയും മഹ ത്തായ കാര്യങ്ങൾ ഗുരുവചനം പോലെ ചൊല്ലിപ്പഠിപ്പി ക്കുന്നക്ഷരമല്ലാത്ത സന്ദേശം കുട്ടികളിലെത്താൻ സഫലമായൊരു പ്രവർത്തനമാണ് ഇതിലൂടെ കവി സാധിച്ചിരിക്കുന്നത്. അതിന് ചേർന്നതരത്തിലൂടെ സമാനമായി ചിത്രമെഴുത്തും. മനസ്സ് ശാന്തമാക്കാൻ വലിയവർക്കും കൊച്ചുമനസ്സുകൾ വികസിച്ച് പ്രകാശമാ നമാക്കുന്നതിന് കുട്ടികൾക്കും ഒരു പോലെ ധന്യമാവു ന്ന കൃതിയാണ് സുകുമാർ കൂർക്കഞ്ചേരിയുടെ ഈ കുഞ്ഞുപുസ്തകം.

- ചെറുകഥ



# എന്റെ സുന്ദരി

സയിഫുന്നീസ മുഹമ്മദ്റാഫി

ഞാൻ സുന്ദരി എന്നുവിളിക്കുമ്പോൾ അവൾക്ക് പരിഭവമായിരുന്നു. എന്തിനാ സുകുവേട്ടാ ഈ സൗന്ദര്യമില്ലാത്ത എന്നെ സുന്ദരി എന്ന് വിളിച്ച് കളിയാക്കുന്നു. എനിക്ക് നല്ലൊരു പേരില്ലെ. അതു വിളിച്ചാൽ പോരെ.

എന്താ നിന്റെ നല്ല പേര് ഞാനൊന്ന് കേൾക്കട്ടെ

മതി കളിയാക്കിയത് ഞാൻ പോണു. അവൾ കൊഞ്ചിക്കൊണ്ട് പറഞ്ഞു.

എന്റെ സുന്ദരി... നീ അങ്ങനെയങ്ങ് പോയാലോ അയാളവളുടെ അരയിലൂടെ കൈയിട്ടു ചുറ്റിപ്പിടിച്ചു. ഹും ഇനി പറ നിന്നെ ഞാനെന്തുപേരിട്ടാ വിളിക്കേണ്ടത്. അത്.... അത്.... സുന്ദരീന്ന് അതും പറഞ്ഞവൾ കുതറി ഓടി.

സുകുവേട്ടാ.... എന്നെ സിനീന്ന് വിളിച്ചാൽ മതി അതാണെന്റെ പേര് ഓടി മറയുന്നതിനിടെ അവൾ വിളിച്ചുപറഞ്ഞു.

സുകു അവൾ കണ്ണിൽ നിന്നും മറിയുന്നതുവരെ നോക്കിനിന്നു. അവൾ ആത്മാവിന്റെ ആഴങ്ങളിലേക്ക് പെട്ടെന്ന് വഴുതി വീഴുകയായിരുന്നു എന്ന് സുകുവിന് തോന്നി. അവനവൾ സുന്ദരിയാണ്. തന്റെ മാത്രം സുന്ദരി.

നിഷ്കളങ്കമായ ചിരിയും. ചിരികുമ്പോൾ വിടരുന്ന നുണക്കുഴികൾ കറുത്ത് ഉരുണ്ട ശരീരം മുട്ടിനൊപ്പമെത്തി നിൽക്കുന്ന ചുരുണ്ട തലമുടി. കാലിൽ വെള്ളികൊലുസ്. എല്ലാം കൂടി ഒരാനചന്തം.

ഓരോന്ന് ചിന്തിച്ച് ചിന്തിച്ച് സുകു എപ്പഴോ ഉറക്കത്തിലേക്ക് തെന്നിവീണു.

പിറ്റേന്ന് കോളിംഗ് ബെല്ലിന്റെ ശബ്ദംകേട്ട് സുകു പിടഞ്ഞെഴുന്നേറ്റു. ധൃതിയിൽ വാതിൽ തുറന്നു. താൻ പ്രതീക്ഷിച്ചയാളല്ല. എന്ന് മനസ്സിലായപ്പോൾ അയാളുടെ മുഖം മങ്ങി.

ഇതാ പാല് അവൻ കവറിൽ നിന്നും പാൽകാപ്പി എടുത്ത് സുകുവിന് നേരെ നീട്ടി.

ചേച്ചി എവിടെ സുകു ആകാംക്ഷയോടെ ചോദിച്ചു.



സിനി ചേച്ചി ഇനി വരില്ലാന്നാ പറഞ്ഞെ

ഹും എന്താ കാര്യം

ചേട്ടനെന്തിനാ എന്റെ ചേച്ചിയെ സുന്ദരിന്ന് വിളിച്ച് കളിയാക്ക്ണെ അതുകൊണ്ടല്ലെ

ഹയ്യോ കൊച്ചെ സുകുവിന് ചിരി അടക്കാനായില്ല. നീ ചെന്ന് ചേച്ചിയോട് പറ ഇവിടെ വരെ ഒന്നു വരുവാൻ

എനിക്ക് കുറച്ചു സംസാരിക്കാനുണ്ട് എന്ന്.
അത് ചേട്ടൻ നേരിട്ടു പറഞ്ഞോ അതും പറഞ്ഞ് അവന വിടെ നിന്നും ഇറങ്ങിനടന്നു. സുകുവിന് വല്ലാത്ത വിഷമം തോന്നി പാല് മേശപ്പുറത്ത് വച്ച് അവൻ കട്ടി ലിൽ ചെന്നുകിടന്നു. ഒരു നേരം പോലും അവളെ കാണാതെ തനിക്ക് നിൽക്കുവാൻ സാധിക്കില്ല. എന്ന് അയാൾക്ക് മനസ്സിലായ് എന്നും രാവിലെ അവളെ കണികണ്ടാണ് ഉണരാറ്.
അവളെ സ്വപ്നം കണ്ടാണ് ഉറങ്ങാറുള്ളത്.
കൊലുസിന്റെ ശബ്ദം കേട്ട് അയാൾ ചാടി എഴുന്നേറ്റു. ഉമ്മറവാതിൽ തുറന്നു. അയാൾക്ക് സന്തോഷം കൊണ്ട് തുള്ളിചാടണമെന്ന് തോന്നി എന്റെ സുന്ദരി
ഹും എന്താ സുകു ക്രിത്രിമ ഗൗരവത്തോടെ ചോദിച്ചു. എന്തിനാ ഇപ്പോ എഴുന്നള്ളിയത്.
ഹോ. എന്നാൽ ഞാൻ പോയേക്കാം അവളും വിട്ടു കൊടുത്തില്ല. അയ്യോ പേകല്ലെ അയാൾ ഒറ്റ കുതിപ്പിന് അവളുടെ കൈയിൽ കയറിപിടിച്ചു. എന്റെ പ്രാണൻ പോയാൽ ചിലപ്പോൾ ഞാൻ സഹിച്ചെന്നുവരും. അയാൾ പകുതി കാര്യവും പകുതി തമാശയുമായ് പറ ഞ്ഞു.
നിനക്കറിയോ പ്രേമം മരണത്തെപ്പോലും മധുരമുള്ള താക്കും. നിന്നെ കാണാത്ത ഓരോ നിമിഷവും കര യ്ക്കിട്ട മത്സ്യം പോലെയായിരുന്നു ഞാൻ.
എന്നാലെ ഇനിയുള്ള കാലം മുഴുവൻ കരയ്ക്കുതന്നെ കിടക്കേണ്ടിവരും ഈ മത്സ്യം. ഹും എന്താ.... എന്താ യാലും പറയ്.
ഇന്ന് എന്നെ കാണാൻ ഒരു കൂട്ടര് വരുന്നുണ്ട്. എന്നിട്ട് നീ സമ്മതിച്ചോ സുകുവേട്ടനല്ലാതെ മറ്റാരും എന്റെ കഴുത്തിൽ താലികെട്ടില്ല. ഞാനത്രയ്ക്ക് സുകുവേട്ടനെ സ്നേഹിക്കുന്നുണ്ട്. അവളുടെ തൊണ്ട ഇടറി കണ്ണു കൾ തുളുമ്പി.
നീ പേടിക്കണ്ട ഞാൻ അമ്മയെ വിളിച്ച് എല്ലാ കാര്യവും പറഞ്ഞിട്ടുണ്ട്. അമ്മ നാട്ടീന്ന് ഇങ്ങോട്ട് വരെണ്ട താമസ മേയുള്ളു.
എടീ. കുരുത്തം കെട്ടവളെ.
സിനി ഞെട്ടിത്തിരിഞ്ഞു നോക്കി. അച്ഛൻ
സുകുവിന്റെ കൈയിൽ നിന്നും അവളുടെ കൈ ഊർന്നു വീണു. നിനക്കെന്താ ഇവിടെ കാര്യം പാല് ചെറുക്കൻ കൊണ്ടു കൊടുത്തില്ലെ. പിന്നെ നീ എന്തിന് ഇങ്ങോട്ട്വന്നു. നടക്കടി അയാളവളുടെ മുടിക്കെട്ടിൽ പിടിച്ചുവലിച്ചു. ബാലേട്ടാ സിനിയെ എനിക്കിഷ്ടമാ കല്യാണം കഴിക്കുവാൻ ആഗ്രഹമുണ്ട്.
തൂഫ് നായെ നിനക്ക് പ്രേമിക്കുവാൻ എന്റെ മകളെയോ കിട്ടിയുള്ളോ വെറും കൂലിപ്പണിക്കാരനായ നീ. ഇവളെ കെട്ടാൻ പോകുന്നതെ എൻജിനീയറാ. വീട്ടിലേക്ക് മഹാലക്ഷ്മി വന്നു കയറുമ്പോൾ പുറും കാലുകൊണ്ട് തട്ടിത്തെറിപ്പിക്കുന്നവനല്ല ഈ ബാലൻ. നിനക്കവളോട് ഇത്രയ്ക്ക് സ്നേഹമുണ്ടെങ്കിൽ ഒരു കാര്യം ചെയ്യ് അവൾക്ക് നല്ലൊരു ജീവിതം ആശംസിക്ക്. അതും പറഞ്ഞയാൾ അവളെ വലിച്ചിഴച്ച് കൊണ്ടുപോയ്. എന്തു ചെയ്യണമെന്നറിയാതെ തരിച്ചു നിന്നുപോയ് സുകു മനസ്സിൽ കടൽ ആർത്തിരമ്പുന്നതായ് അയാൾക്ക് തോന്നി. ദിവസങ്ങൾ കടന്നുപോയ് അവ ളുടെ ഓർമ്മകൾ സുകുവിന്റെ മനസ്സിൽ ഒരിക്കലും മായാത്ത ചിത്രങ്ങൾ വരച്ചു. ഫോൺ ബെല്ല് കേട്ട് സുകു ചിന്തയിൽ നിന്നും ഞെട്ടിയുണർന്നു. ഹലോ.. മറുതലയ്ക്കൽ അനിയനായിരുന്നു. സുകുവേട്ടാ ഏട്ടൻ ഉടനെ വരണം അമ്മയ്ക്ക് തീരെ സുഖമില്ല.
എന്താ... എന്താ അമ്മയ്ക്ക് അയാൾ വെപ്രാളത്തോടെ ചോദിച്ചു. ഒന്നുമില്ല അമ്മയ്ക്ക് സുകുവേട്ടനെ ഒന്നുകാ ണണം.
അതും പറഞ്ഞ് അവൻ ഫോൺ കട്ട് ചെയ്തു. സുകു തിടുക്കത്തിൽ നാട്ടിലേക്ക് പുറപ്പെട്ടു പോകും വഴി സിനിയുടെ വീട്ടിനുമുന്നിൽ അൽപനേരം നിന്നു. തന്റെ സുന്ദരിയെ ഒരു നോക്കുകാണാൻ പക്ഷെ കഴി ഞ്ഞില്ല. അവൾ വീട്ടുതടങ്കലിലാണ് എന്ന് അനിയന്റെ അടുത്ത് പറഞ്ഞയച്ചിരുന്നു. എന്തായാലും കല്യാണം ഉടനെയുണ്ടാകുമെന്നത് തീർച്ച. സുകുനാട്ടിലെത്തി. മുറ്റം നിറയെ ആൾക്കൂട്ടം അയാളുടെ കണ്ണിൽ ഇരുട്ടു കയറുന്നപോലെ തോന്നി. അമ്മ...
അമ്മയുടെ പെട്ടെന്നുള്ള മരണം അയാളെ വല്ലാണ്ട് നൊമ്പരപ്പെടുത്തി. ദിവസങ്ങൾ മുന്നോട്ട് നീങ്ങി.
നാളെയാണ് സിനിയുടെ കല്യാണം. അവളില്ലാത്ത ജീവിതം അയാൾക്ക് ആലോചിക്കുവാൻ കൂടി സാധി ക്കുമായിരുന്നില്ല. നാലുവർഷത്തെ പ്രണയബന്ധം പെട്ടെന്ന് ഒരു നിമിഷംകൊണ്ട് ഇല്ലാതാകുന്നു.
അയാൾ നേരെ സിനിയുടെ വീട്ടിലേക്കുചെന്നു. ആ വീടു നിറയെ ആളുകളുണ്ടായ്രുന്നു.
അവരുടെ ഇടയിലൂടെ സിനി ഓടിവന്നു. സുകുവിനെ കെട്ടിപിടിച്ചു. ഏങ്ങി കരഞ്ഞു. ഇതുകണ്ടു സിനിയുടെ ഏട്ടൻ അവളെ അടർത്തിമാറ്റി സുകുവിനെ ചവിട്ടി താഴെക്കിട്ടു. പിന്നെ അവിടെ നടന്നത് പൊരിഞ്ഞ അടി യായിരുന്നു. ഇത്രയും പേരുടെ ഇടയിൽ പിടിച്ചു നിൽക്കുവാൻ സുകുവിന് സാധിച്ചില്ല. അയാളുടെ തല യിൽ നിന്നും രക്തം വാർന്നൊഴുകി. സുകുവേട്ടാ..... സിനിയുടെ ബോധം മറിഞ്ഞു.
ഓർമ്മ വന്നപ്പോൾ താനൊരു ഹോസ്പില്ലലിലാ ണെന്ന് അയാൾക്ക് മനസ്സിലായ്. ഒന്നനങ്ങുവാൻ കഴി യുന്നില്ല. ശരീരം നുറുങ്ങുന്ന വേദന ഒരു കൊടുങ്കാ റ്റിനു ശേഷമുള്ള ഭീകരമായ ശാന്തത മനസിലെ കാറ്റും കോളും ഇപ്പോൾ അടങ്ങിയിരിക്കുന്നു.
എല്ലാ പ്രതീക്ഷകളും നശിച്ചു. അയാൾ വിങ്ങി വിങ്ങിക രഞ്ഞു.
എന്താ അച്ഛാ ഇത്..... കൊച്ചുകുട്ടികളെപ്പോലെ
അയാൾ ഓർമ്മയിൽ നിന്നും ഉണർന്നു. അച്ഛനല്ലെ പറ ഞ്ഞത് അമ്മ എങ്ങും പോകില്ല അച്ഛനൊപ്പം തന്നെ ഉണ്ടെന്ന്.
അതേ എല്ലാ വിലക്കുകളും അറുത്തെറിഞ്ഞ് അവൾ എന്റെ അടുത്തെത്തിലെ അല്ലെ സുന്ദരി
മാല ചാർത്തിയ സിനിയുടെ ഫോട്ടോയിൽ നോക്കി ക്കൊണ്ടയാൾ ചോദിച്ചു. അപ്പോഴും അയാളുടെ കാതിൽ ആ കൊലുസിന്റെ ശബ്ദം മുഴങ്ങികേട്ടു.




**Edited, Printed Published by Nakshthra Rajyam E. Radhakrishnan on behalf of Nakshathra Rajyam Monthly.**
**DTP Bhavana Graphics Thali, Yashodha Printers, Manari for Geethanjali Offset Prints, Kundayithode, Kozhikode**